VOL NO: 07 I ISSUE 10
www.nerpatham.com
mail@nerpatham.com
2023 MARCH 11 I ₹10

# നേർപഥം

വാരിക



# സത്യാനന്തര കാലത്തെ സാമൂഹിക വർത്തമാനങ്ങൾ

വസ്തുതകളേക്കാൾ വികാരങ്ങൾക്ക് പ്രാധാന്യം നൽകുകയും നെഞ്ചുനീറുന്ന നേരിന് കുളിരുപകരുന്ന നുണകൾ പകരംനിൽക്കുകയും ചെയ്യുന്ന കാലത്താണ് നാം ജീവിക്കുന്നത്. സത്യത്തിനോട് പ്രതിപത്തിയുള്ള സമൂഹത്തിന്റെ പുനഃസൃഷ്ടിക്കായി നാം ചെയ്ത് തീർക്കേണ്ടതെന്തെല്ലാം, നാം ബലി കൊടുക്കേണ്ടതെന്തെല്ലാം?

## അപനിർമിക്കപ്പെടുന്ന രാജ്യചരിത്രം

|| പ്രവാചകന്മാർ; ദൗത്യവും സന്ദേശവും

|| ലൈംഗിക വളർച്ചയും സംസ്കരണവഴികളും

|| അഭിപ്രായസ്വാതന്ത്ര്യം: കർണാടകയുടെ വ്യാഖ്യാനം



സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

Enrol Now!

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

For Boys Grade 5 to 8
For Girls Grade 6 & 7

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

# 0320

# നേർപഥം

വാരിക

2023 മാർച്ച് 11
1444 ശഅ്ബാൻ 18
പുസ്തകം 07 / ലക്കം 10






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി

10 **സത്യാനന്തരകാലത്തെ സാമൂഹിക വർത്തമാനങ്ങൾ**
മുജീബ് ഒട്ടുമ്മൽ

മുഖമൊഴി
05 അപനിർമിക്കപ്പെടുന്ന രാജ്യചരിത്രം

ലേഖനം
23 ഹുദൈഫതുബ്നുൽ യമാൻ(റ)
അജ്മൽ ഫൗസാൻ

ലേഖനം
06 പ്രവാചകന്മാർ; ദൗത്യവും സന്ദേശവും
ഉസ്മാൻ പാലക്കാഴി

ലേഖനം
26 അഭിപ്രായ സ്വാതന്ത്ര്യം കർണാടകയുടെ വ്യാഖ്യാനം
സുഫ്‌യാൻ അബ്ദുസ്സലാം

കവിത
17 നീയെത്ര നിസ്സാരൻ!
നൂർജഹാൻ പൊക്കുന്ന്

ക്വുർആൻ ദർശനം
29 സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
18 ആൾമാറാട്ട ശ്രമം
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

പാരന്റിംഗ്
31 ലൈംഗിക വളർച്ചയും സംസ്കരണവഴികളും
അശ്റഫ് എകരൂൽ

ആരോഗ്യപഥം
22 ജീവകങ്ങൾ കുറയുമ്പോൾ
ഡോ. അർഷദ് മുനവ്വർ

ബാലപഥം
34 പൊഴിയുന്ന പുണ്യങ്ങൾ
ഷാസിയ നസ്‌ലി
വിവ: ഇബ്നുഅലി, എടത്തനാട്ടുകര



# പുതിയ പ്രഭാതത്തിലേക്ക് ജാലകം തുറന്ന് വിസ്ഡം സ്‌റ്റേറ്റ് ലീഡേഴ്‌സ് ക്യാമ്പുകൾ

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഫെബ്രുവരി 25, 26 തീയതികളിൽ പൂനൂരിൽവച്ച് 'വിന്റോസ് സ്‌റ്റേറ്റ് ലീഡേഴ്‌സ് ക്യാമ്പ്' സംഘടിപ്പിച്ചു. രണ്ടുദിവസം നീണ്ടുനിന്ന സംഗമം വൈജ്ഞാനികവും സംഘടനാപരവുമായ ചർച്ചകളാൽ സമ്പന്നമായിരുന്നു.

സുതാര്യമായ വൈജ്ഞാനിക ചർച്ചകളുടെ ആവശ്യകതയും മതനിരപേക്ഷ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ഒരു ഇസ്‌ലാമിക കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ എത്തരത്തിലുള്ളതായിരിക്കണമെന്നതും ആധുനിക വെല്ലുവിളികളെ അതിജീവിച്ച് എങ്ങനെ മുന്നോട്ടുപോകാമെന്നതുമെല്ലാം ക്യാമ്പിൽ വിശദമായി ചർച്ചചെയ്യപ്പെട്ടു.

ഫെബ്രുവരി 12ന് കോഴിക്കോട് കടപ്പുറത്ത് ചരിത്രത്തിന്റെ ഭാഗമായി മാറിയ വിസ്ഡം ഇസ്‌ലാമിക് കോൺഫറൻസ് ലക്ഷക്കണക്കിന് അനുഭാവികൾ ഓൺലൈനിലും മറ്റുമായി വീക്ഷിക്കുകയുണ്ടായി. അതിൽ ആയിരങ്ങൾ ധാരാളം നിർദേശങ്ങളും സംഘടനയ്ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതെല്ലാം മുന്നിൽ വച്ച് മുന്നോട്ടുള്ള ഗമനത്തിന് സംഘടന തയ്യാറെടുക്കുന്നതിന്റെ ഭാഗമായാണ് വിസ്ഡം വിന്റോസ് ലീഡേഴ്‌സ് ക്യാമ്പ് സംഘടിപ്പിച്ചത്.

മാറിയ കാലത്തെയും നേരിടാനിരിക്കുന്ന വെല്ലുവിളികളെയും തിരിച്ചറിഞ്ഞുകൊണ്ട് ഭാവി പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ നേതൃസംഗമം നിർണായക പങ്കുവഹിച്ചു. വരും ദിവസങ്ങളിൽ ഇതിൽനിന്ന് ലഭിച്ച ഊർജവും ക്യാമ്പിലെ സുചിന്തിതമായ ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ നയനിലപാടുകളും സംഘടനയുടെ മുന്നോട്ടുള്ള ഗമനത്തിന് കരുത്തുപകരും.

ക്യാമ്പ് വിസ്ഡം പണ്ഡിതസഭയുടെ പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽമദീനി 'നമ്മുടെ ആദർശം' എന്ന സെഷന് നേതൃത്വം നൽകി. ജനറൽ സെക്രട്ടറി ടി.കെ അഷ്‌റഫ് ക്യാമ്പിന്റെ കോഡിനേഷൻ നിർവഹിച്ചു.

വിവിധ ഫോക്കസ് ഗ്രൂപ്പുകൾക്ക് സംസ്ഥാന ഭാരവാഹികളായ അബൂബക്കർ സലഫി, നാസിർ ബാലുശ്ശേരി, ഹാരിസ് ഇബ്‌നു സലീം, സി.പി സലിം, ഫൈസൽ മൗലവി, അബ്ദുൽ മാലിക് സലഫി, കെ. സജ്ജാദ് എന്നിവർ നേതൃത്വം നൽകി.

ശമീർ മദീനി, കെ.താജുദ്ദീൻ സ്വലാഹി, ടി.കെ നിഷാദ് സലഫി, അർഷദ് താനൂർ, ഷമീൽ.ടി എന്നിവർ വിവിധ ഘടകങ്ങളെ പ്രതിനിധീകരിച്ച് സംസാരിച്ചു.

'വിന്റോസ്' രണ്ടാംഘട്ട ക്യാമ്പ് മാർച്ച് അഞ്ചിന് കോഴിക്കോട് ഹോട്ടൽ സ്പാനിൽവച്ച് നടന്നു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷനായി. ജനറൽ സെക്രട്ടറി ടി.കെ അഷ്‌റഫ്, ട്രഷറർ കെ. സജ്ജാദ്, പണ്ഡിതസഭ ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, കൺവീനർ ശമീർ മദീനി; ഹാരിസ് ബിൻ സലീം, ഫൈസൽ മൗലവി, നാസിർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, ശരീഫ് എലാങ്കോട്, വെൽകം അശ്‌റഫ്, ഹംസക്കുട്ടി സലഫി, റഷീദ് കൊടക്കാട്ട്, അബൂബക്കർ ഉപ്പള, നാസിർ സ്വലാഹി, ജമാൽ കൊല്ലം, എഞ്ചിനീയർ അബ്ദുറസാഖ്, അബ്ദുൽ ഖാദിർ പറവണ്ണ, റഷീദ് മാസ്റ്റർ കാരപ്പുറം, ജാബിർ വി.എം, അഡ്വ. മുഹമ്മദ് അഷ്‌റഫ്, അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, പി.എ ശംസുദ്ദീൻ അടിമാലി, നിസാർ എ കരുനാഗപ്പള്ളി, നസീർ കൊല്ലായി തുടങ്ങിയവർസംസാരിച്ചു.

മൂന്നാംഘട്ടം മാർച്ച് 12ന് ഉത്തരമേഖലയിലും 19ന് ദക്ഷിണ മേഖലയിലും സംഘടിപ്പിക്കും. ഏപ്രിൽ 30, മെയ് 7,14 എന്നീ തീയതികളിൽ നാലാംഘട്ടം ജില്ലാകേന്ദ്രങ്ങളിലും സംഘടിപ്പിക്കും.

# അപനിർമിക്കപ്പെടുന്ന രാജ്യചരിത്രം

ഇന്ത്യയിലെ പ്രസിദ്ധമായ പല സ്ഥലങ്ങളുടെയും ചരിത്ര സ്മാരകങ്ങളുടെയും പേരുകൾ മാറ്റുവാനുള്ള ശ്രമത്തിലാണ് അതാത് സംസ്ഥാനങ്ങളിലെ ഭരണകൂടങ്ങളും കേന്ദ്രഭരണകൂടവും. പേരുകൾ മാറ്റാനുള്ള ഒരേയൊരു കാരണം അവയ്ക്ക് അറബി ചുവയോ മുസ്‌ലിംകളുമായി ബന്ധമുള്ളതെന്ന് തോന്നുന്നതോ മാത്രമാണ്! മുസ്‌ലിം ഭരണാധികാരികൾ നിർമിച്ച ചരിത്ര സ്മാരകങ്ങളിൽ പലതിന്റെയും പേരുകൾ മാറ്റുവാൻ മാത്രമല്ല, ആ സ്മാരകങ്ങൾ നിർമിച്ചതിനു പിന്നിലെ ചരിത്രത്തെയും മാറ്റിയെഴുതാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഈ ശ്രമത്തിന് സുപ്രീം കോടതി തടയിട്ടിരിക്കുന്നു എന്നത് ശുഭസൂചകമാണ്. ചരിത്ര സ്ഥലങ്ങളുടെയും നഗരങ്ങളുടെയും പേര് മാറ്റണമെന്ന് ആവശ്യപ്പെട്ട് ബി.ജെ.പി നേതാവ് അശ്വിനി കുമാർ ഉപാധ്യായ സമർപ്പിച്ച പൊതുതാൽപര്യ ഹരജി സുപ്രീം കോടതി തള്ളിയിരിക്കുകയാണ്. സ്ഥലങ്ങൾക്ക് 'അധിനിവേശക്കാരുടെ' പേരുകളാണെന്ന് അവകാശപ്പെട്ടായിരുന്നു അശ്വിനി കുമാർ ഉപാധ്യായയുടെ ഹരജി. ഹിന്ദുത്വവാദികളുടെ കണ്ണിൽ 'അധിനിവേശക്കാർ' ആരാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഭരണഘടന വിഭാവനം ചെയ്യുന്ന മതേതര തത്ത്വങ്ങൾക്ക് വിരുദ്ധമായ ഹരജിയാണിതെന്ന് ജസ്റ്റിസ് കെ.എം. ജോസഫ്, ജസ്റ്റിസ് ബി.വി നാഗരത്ന എന്നിവരടങ്ങുന്ന ബെഞ്ച് പറഞ്ഞു. ഹരജിക്കാരനെ കോടതി കടുത്ത ഭാഷയിൽ വിമർശിച്ചത് ശ്രദ്ധേയമാണ്.

എന്നാൽ രാജ്യത്തിന്റെ യഥാർഥവും വസ്തുനിഷ്ഠവുമായ ചരിത്രം തിരുത്താനും വളച്ചൊടിക്കാനും മാറ്റിയെഴുതാനും ഭരണകൂടം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുത്വ അജണ്ടയുടെ നടപടികളെക്കുറിച്ച് മാധ്യമമാഫിയകൾ മൗനത്തിലാണ്. ഒരു കോടതിയുടെയും ശ്രദ്ധയിൽ അത് പെടുന്നേയില്ല. ചരിത്രത്തെ തങ്ങളുടെ ദുഷ്ടലാക്കിനനസുരിച്ച് മാറ്റിയെഴുതുക എന്നത് ഫാസിസ്റ്റ് ഭരണാധികാരികളുടെ പൊതുസ്വഭാവമാണ്. ഇന്ത്യയുടെ പുരാതന ചരിത്രവും ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രവും തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കനുസരിച്ച് മതാത്മകമായ പരിവേഷത്തോടെ അപനിർമിക്കാൻ നടക്കുന്ന നീക്കങ്ങൾ ഇന്ത്യൻ മതേതരത്വത്തിനു നേരെ ഉയരുന്ന വലിയ വെല്ലുവിളിയാണെന്നതിൽ സംശയമില്ല.

പന്തീരായിരം വർഷത്തോളം നീളുന്ന ഇന്ത്യാ ചരിത്രത്തെ വളച്ചൊടിക്കുന്നതിനായി ആർ.എസ്. എസ് ഗൂഢതന്ത്രം മെനയുന്നതായി വിദേശ വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് ഏതാനും വർഷങ്ങൾക്കു മുമ്പ് റിപ്പോർട്ട് ചെയ്തിരുന്നു. ഇന്ത്യയിലെ ആദിമനിവാസികൾ ഹിന്ദുമതവുമായും സംസ്കാരവുമായും ബന്ധമുള്ളവരാണെന്നും പ്രാചീന ഹിന്ദുപുരാണങ്ങളും ഇതിഹാസങ്ങളും യഥാർഥത്തിൽ സംഭവിച്ചതാണെന്നും വരുത്തിത്തീർക്കുന്നതിനു വേണ്ടിയാണത്രെ ചരിത്രത്തിന്റെ ഈ വളച്ചൊടിക്കൽ! ആർ.എസ്.എസിന്റെ പ്രത്യേക നിർദേശ പ്രകാരം കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ മേൽനോട്ടത്തിൽ ചരിത്ര, പുരാവസ്തു വിദഗ്ധർ അടങ്ങിയ പന്ത്രണ്ടു പേരുടെ സംഘം ഇന്ത്യാ ചരിത്രത്തിന്റെ വളച്ചൊടിക്കലിനു വേണ്ടിയുള്ള നിതാന്ത പരിശ്രമത്തിലാണെന്നാണ് റോയിട്ടേഴ്സ് അന്ന് റിപ്പോർട്ട് ചെയ്തത്.

ഗാന്ധിയെ വധിച്ച ഗോഡ്സെയെയും, ജയിൽ മോചനം നേടാൻ പല തവണ ദയാഹർജി കൊടുത്ത് ബ്രിട്ടീഷുകാരുടെ കാലുപിടിച്ച സവർക്കറെയും രാഷ്ട്രത്തിന്റെ പിതാക്കന്മാരായി മഹത്ത്വവത്കരിക്കാൻ ശ്രമിക്കുമ്പോൾ ഗാന്ധിയെയും നെഹ്റുവിനെയും തെറ്റായി വ്യാഖ്യാനിക്കാനും അപകീർത്തിപ്പെടുത്താനുമുള്ള ശ്രമവും നടക്കുന്നു. ഹിന്ദുത്വവാദികൾ നെഹ്റുവിനെ ലക്ഷ്യം വയ്ക്കുന്നതും അദ്ദേഹത്തെ ചരിത്രത്തിൽനിന്നു തുടച്ചുനീക്കുവാൻ ശ്രമിക്കുന്നതും രാജ്യത്ത് ജനാധിപത്യ, മതേതര, ബഹുസ്വര, ശാസ്ത്രീയ മൂല്യങ്ങൾക്ക് അടിത്തറ പാകിയതിൽ അദ്ദേഹത്തിനുള്ള പങ്ക് തിരിച്ചറിയുന്നതുകൊണ്ടാണ്. ഗാന്ധിയെ കൊന്നതാകട്ടെ മുസ്‌ലിംകളോട് അനുഭാവം കാണിക്കുന്നു എന്ന പേരിലാണ്. വെറുപ്പിന്റെ തത്ത്വശാസ്ത്രം പേറുന്നവർക്ക് സ്നേഹം എന്ന വാക്കുപോലും വെറുപ്പുള വാക്കുന്നതായിരിക്കുമെന്നതിൽ സംശയമില്ല.



ലേഖനം

# പ്രവാചകന്മാർ; ദൗത്യവും സന്ദേശവും 2

ഉസ്മാൻ പാലക്കാഴി
: 9656 292 244

പ്രവാചകന്മാരിലുള്ള വിശ്വാസത്തിന്റെ പ്രധാനപ്പെട്ട ചില ഭാഗങ്ങൾ മുൻ ലേഖനത്തിലൂടെ നാം മനസ്സിലാക്കി. പ്രവാചകന്മാർ മജ്ജയും മാംസവുമുള്ള, വികാരങ്ങളുമുള്ള മനുഷ്യരായിരുന്നു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അവർ മനുഷ്യരാകയാൽ വിശപ്പ്, ദാഹം, ഉറക്കം, രോഗം, ക്ഷീണം പോലുള്ളതെല്ലാം അവർക്കുമുണ്ടായിരുന്നു. അവർ ഭക്ഷണം കഴിച്ചിരുന്നു. ദാഹിക്കുമ്പോൾ വെള്ളം കുടിച്ചിരുന്നു. വിവാഹം ചെയ്തിരുന്നു. അവർക്ക് സന്താനങ്ങൾ ഉണ്ടായിരുന്നു. പലരും ശത്രുക്കളാൽ കൊല്ലപ്പെടുക പോലും ചെയ്തിട്ടുണ്ട്. ദിവ്യത്വത്തിന്റെ യാതൊന്നും അവർക്കില്ല. അല്ലാഹു അറിയിച്ചുകൊടുക്കുന്നതല്ലാത്ത മറഞ്ഞ കാര്യങ്ങൾ (ഗൈബ്) അവരറിയില്ല. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന ഏതാനും ക്വുർആൻ സൂക്തങ്ങൾ കാണുക:

"എന്നിട്ട് അവർ കരാർ ലംഘിച്ചതിനാലും, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിനാലും, അന്യായമായി പ്രവാചകൻമാരെ കൊലപ്പെടുത്തിയതിനാലും, തങ്ങളുടെ മനസ്സുകൾ അടഞ്ഞു കിടക്കുകയാണ് എന്ന് അവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു)..." (4:155).

"മൂസായ്ക്ക് നാം ഗ്രന്ഥം നൽകി. അദ്ദേഹത്തിന് ശേഷം തുടർച്ചയായി നാം ദൂതൻമാരെ അയച്ചുകൊണ്ടിരുന്നു. മർയമിന്റെ മകനായ ഈസാക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും, അദ്ദേഹത്തിന് നാം പരിശുദ്ധാത്മാവിന്റെ പിൻബലം നൽകുകയും ചെയ്തു. എന്നിട്ട് നിങ്ങളുടെ മനസ്സിന് പിടിക്കാത്ത കാര്യങ്ങളുമായി വല്ല ദൈവദൂതനും നിങ്ങളുടെ അടുത്ത് വരുമ്പോഴൊക്കെ നിങ്ങൾ അഹങ്കരിക്കുകയും, ചില ദൂതൻമാരെ നിങ്ങൾ തള്ളിക്കളയുകയും, മറ്റു ചിലരെ നിങ്ങൾ വധിക്കുകയും ചെയ്യുകയാണോ?" (2:87).

"(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ

അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യ കാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്'' (7:188).

"(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു...'' (18:110).

"അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും, അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലോ. ഇയാളുടെ കൂടെ ഒരു താക്കീതുകാരനായിരിക്കത്തക്ക വണ്ണം ഇയാളുടെ അടുത്തേക്ക് എന്തുകൊണ്ട് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല?'' (25:7).

"ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായിട്ടല്ലാതെ നിനക്ക് മുമ്പ് ദൂതൻമാരിൽ ആരെയും നാം അയക്കുകയുണ്ടായിട്ടില്ല...'' (25:7,20).

"നിനക്ക് മുമ്പും നാം ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരെയും സന്താനങ്ങളെയും നൽകിയിട്ടുണ്ട്...'' (13:38).

ഇബ്റാഹിം നബിയുടെ വാക്കുകളായി ക്വുർആനിൽ ഇങ്ങനെ കാണാം:

"എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ'' (26:79-81).

പ്രവാചകന്മാരുടെ കാര്യത്തിൽ അതിരു കവിയാതിരിക്കലും അല്ലാഹു അവർക്ക് നൽകിയ സ്ഥാനമാനങ്ങളെക്കാൾ അവരെ ഉയർത്താതിരിക്കുക എന്നതും വിശ്വാസികളുടെ കടമയാണ്. അല്ലാഹു പറയുന്നു:

> **പ്രവാചകന്മാർ മജ്ജയും മാംസവുമുള്ള, വികാരങ്ങളുമുള്ള മനുഷ്യരായിരുന്നു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അവർ മനുഷ്യരാകയാൽ വിശപ്പ്, ദാഹം, ഉറക്കം, രോഗം, ക്ഷീണം പോലുള്ളതെല്ലാം അവർക്കുമുണ്ടായിരുന്നു. അവർ ഭക്ഷണം കഴിച്ചിരുന്നു. ദാഹിക്കുമ്പോൾ വെള്ളം കുടിച്ചിരുന്നു. വിവാഹം ചെയ്തിരുന്നു. അവർക്ക് സന്താനങ്ങൾ ഉണ്ടായിരുന്നു. പലരും ശത്രുക്കളാൽ കൊല്ലപ്പെടുക പോലും ചെയ്തിട്ടുണ്ട്. ദിവ്യത്വത്തിന്റെ യാതൊന്നും അവർക്കില്ല. അല്ലാഹു അറിയിച്ചുകൊടുക്കുന്നതല്ലാത്ത മറഞ്ഞ കാര്യങ്ങൾ (ഗൈബ്) അവരറിയില്ല. പ്രവാചകന്മാരുടെ കാര്യത്തിൽ അതിരു കവിയാതിരിക്കലും അല്ലാഹു അവർക്ക് നൽകിയ സ്ഥാനമാനങ്ങളെക്കാൾ അവരെ ഉയർത്താതിരിക്കുക എന്നതും വിശ്വാസികളുടെ കടമയാണ്.**

"വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ (ഇതിൽനിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റെതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി'' (4:171).

നബി(സ്വ) പറഞ്ഞു: "മർയമിന്റെ മകനെ നസ്വാറാക്കൾ അമിതമായി പുകഴ്ത്തിയതുപോലെ നിങ്ങളെന്നെ പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ അടിമയാണ്. അതിനാൽ അല്ലാഹുവിന്റെ ദാസനെന്നോ ദൂതനെന്നോ നിങ്ങൾ പറഞ്ഞുകൊള്ളുക'' (ബുഖാരി).

ചില പ്രവാചകന്മാർ മറ്റുചിലരെക്കാൾ ശ്രേഷ്ഠതയുള്ളവരാണെന്ന് അല്ലാഹു അറിയിക്കുന്നു. പക്ഷേ, ആരെയും ഇകഴ്ത്തുവാൻ പാടില്ല. എല്ലാവരെയും അംഗീകരിക്കേണ്ടതുണ്ട്.

"ആ ദൂതൻമാരിൽ ചിലർക്ക് നാം മറ്റു ചിലരെക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു. അല്ലാഹു (നേരിൽ) സംസാരിച്ചിട്ടുള്ളവർ അവരിലുണ്ട്. അവരിൽ ചിലരെ അവൻ പല പദവികളിലേക്ക് ഉയർത്തിയിട്ടുമുണ്ട്...''(2:253),

"നിന്റെ രക്ഷിതാവ് ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. തീർച്ചയായും പ്രവാചകൻമാരിൽ ചിലർക്ക് ചിലരെക്കാൾ നാം ശ്രേഷ്ഠത നൽകിയിട്ടുണ്ട്...'' (17:55).

പ്രവാചകന്മാരിൽ ഉൽകൃഷ്ടർ 'ഉലുൽ അസ്മ്'(ദൃഢമനസ്കർ) കളാണ്. നൂഹ്(അ), ഇബ്റാഹീം (അ), മൂസാ(അ), ഈസാ(അ), മുഹമ്മദ്(സ്വ) എന്നിവരാണ് ഇങ്ങനെ വിശേഷിപ്പിക്കപ്പെട്ടവർ.

"ആകയാൽ ദൃഢമനസ്കരായ

ദൈവദൂതൻമാർ ക്ഷമിച്ചതുപോലെ നീ ക്ഷമിക്കുക. അവരുടെ (സത്യനിഷേധികളുടെ) കാര്യത്തിന് നീ ധൃതി കാണിക്കരുത്...''(46:35).


“പ്രവാചകൻമാരിൽ നിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്). നിന്റെ പക്കൽനിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽനിന്നും (നാം കരാർ വാങ്ങിയ സന്ദർഭം). ഗൗരവമുള്ള ഒരു കരാറാണ് അവരിൽനിന്നെല്ലാം നാം വാങ്ങിയത്” (33:7),.

“നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം- നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്നകാര്യം- അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു...''(42:13).

അവരിൽ പ്രധാനി മുഹമ്മദ് നബി(സ്വ)യാണ്. മഹ്ശറിൽ ശുപാർശ ചെയ്യാനുള്ള പ്രത്യേകമായ അനുമതിയും പദവിയും അല്ലാഹു അദ്ദേഹത്തിനാണ് നൽകുക.

ജനങ്ങളെ മഹ്ശറിന്റെ ഭീതിയിൽനിന്നും ഭയാനകതയിൽനിന്നും രക്ഷപ്പെടുത്തുന്നതിന് വേണ്ടി രക്ഷിതാവിങ്കൽ ശഫാഅത്ത് പറയുവാനായി ആളുകൾ പല നബിമാരെയും സമീപിക്കും. മഹ്ശറിന്റെ ഭയാനകതയിൽ പരീക്ഷണങ്ങൾ കഠിനമാവുകയും കാത്തിരിപ്പിന് ദൈർഘ്യം കൂടുകയും ചെയ്യുമ്പോൾ ആളുകൾ ഉന്നത പദവിക്കാരായ നബിമാരെ തങ്ങളുടെ രക്ഷിതാവിങ്കൽ ശഫാഅത്ത് പറയുവാനായി അന്വേഷിക്കും.

ആദം(അ), ഉലുൽഅസ്മിൽപെട്ട നൂഹ്(അ), ഇബ്റാഹീം(അ), മൂസാ(അ), ഈസാ(അ) എന്നീ നബിമാരിൽ ഓരോരുത്തരെയും സമീപിച്ച് അവർക്ക് അല്ലാഹുവിങ്കലുള്ള ആദരവ് എണ്ണിപ്പറഞ്ഞ്



**മഹ്ശറിന്റെ ഭയാനകതയിൽ പരീക്ഷണങ്ങൾ കഠിനമാവുകയും കാത്തിരിപ്പിന് ദൈർഘ്യം കൂടുകയും ചെയ്യുമ്പോൾ ആളുകൾ ഉന്നത പദവിക്കാരായ നബിമാരെ തങ്ങളുടെ രക്ഷിതാവിങ്കൽ ശഫാഅത്ത് പറയുവാനായി അന്വേഷിക്കും. നബിമാരിൽ ഓരോരുത്തരെയും സമീപിച്ച് അവർക്ക് അല്ലാഹുവിങ്കലുള്ള ആദരവ് എണ്ണിപ്പറഞ്ഞ് ഈ ഉത്തരവാദിത്തം ഏൽക്കുവാൻ ആളുകൾ ആവശ്യപ്പെടും. അവരോരുത്തരും തന്റെ ശേഷക്കാരനിലേക്ക് ബാധ്യതയേൽപിക്കുകയും തനിക്കുള്ള ഒഴിവുകഴിവ് പറയുകയും ചെയ്യും. അതോടെ ആളുകൾ അന്തിമദൂതനും അശ്റഫുൽ ഖൽക്വുമായ തിരുനബി(സ്വ)യെ സമീപ്പിക്കുകയായി. തിരുനബി പൂർവ്വികരും പിൽകാലക്കാരും ഒരുപോലെ വാഴ്ത്തുന്നതായ വേദിയിൽ അഥവാ മക്വാമുൻമഹ്മൂദിൽ എഴുന്നേറ്റ് നിൽക്കുകയും അനുവാദം തേടുകയും ചെയ്യും. അനുവാദം നേടിയാൽ അല്ലാഹുവെ വാഴ്ത്തി പുകഴ്ത്തി അവനോട് ശഫാഅത്ത് നടത്തുകയും തിരുനബിക്ക് ഉത്തരം ലഭിക്കുകയും ചെയ്യും.**

ഈ ഉത്തരവാദിത്തം ഏൽക്കുവാൻ ആളുകൾ ആവശ്യപ്പെടും. അവരോരുത്തരും തന്റെ ശേഷക്കാരനിലേക്ക് ബാധ്യതയേൽപിക്കുകയും തനിക്കുള്ള ഒഴിവുകഴിവ് പറയുകയും ചെയ്യും. അതോടെ ആളുകൾ അന്തിമദൂതനും അശ്റഫുൽ ഖൽക്വുമായ തിരുനബി(സ്വ)യെ സമീപ്പിക്കുകയായി. തിരുനബി പൂർവ്വികരും പിൽകാലക്കാരും ഒരുപോലെ വാഴ്ത്തുന്നതായ വേദിയിൽ അഥവാ മകാമുൻമഹ്മൂദിൽ എഴുന്നേറ്റ് നിൽക്കുകയും അനുവാദം തേടുകയും ചെയ്യും. അനുവാദം നേടിയാൽ അല്ലാഹുവെ വാഴ്ത്തിയും പുകഴ്ത്തിയും അവനോട് ശഫാഅത്ത് നടത്തുകയും തിരുനബിക്ക് ഉത്തരം ലഭിക്കുകയും ചെയ്യും.

അല്ലാഹു അനുവാദമേകുമ്പോൾ തിരുനബിയാണ് പ്രസ്തുത ശഫാഅത്തിനർഹനും അതിന്റെ വക്താവും. ശഫാഅത്തിന്റെ വിഷയത്തിൽ ഹദീസുകൾ ധാരാളമാണ്. അനസ് ഇബ്നുമാലികിൽ നിന്നും ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്ത ഹദീസ് കാണുക: അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു:

“അന്ത്യനാളായാൽ ജനങ്ങൾ ചിലർ ചിലരിലേക്ക് ചലിക്കും. അങ്ങനെ അവർ ആദമിന്റെ അരികിൽ എത്തും. അവർ പറയും: താങ്കൾ, താങ്കളുടെ സന്തതികൾക്കായി ശഫാഅത്ത് പറയുക. അപ്പോൾ ആദം(അ) (വിനയത്താലും വിഷയത്തിന്റെ ഗൗരവത്താലും) പറയും: ‘ഞാൻ അതിന് ആളല്ല. എന്നാൽ നിങ്ങൾ ഇബ്റാഹീ(അ)മിനെ സമീപിക്കുക. കാരണം അദ്ദേഹം അല്ലാഹുവിന്റെ ഖലീൽ ആകുന്നു.’ അങ്ങനെ അവർ ഇബ്റാഹീമിന് അരികിൽ എത്തും. അപ്പോൾ ഇബ്റാഹീം(അ) (വിനയത്താലും വിഷയത്തിന്റെ ഗൗരവത്താലും)

പറയും: ‘ഞാൻ അതിന് ആളല്ല. എന്നാൽ നിങ്ങൾ മൂസാ(അ)യെ സമീപിക്കുക. കാരണം അദ്ദേഹം അല്ലാഹുവിന്റെ കലീം ആകുന്നു.’ അങ്ങനെ മൂസായുടെ അടുക്കൽ എത്തപ്പെടും. അപ്പോൾ മൂസാ(അ) (വിനയത്താലും വിഷയത്തിന്റെ ഗൗരവത്താലും) പറയും: ‘ഞാൻ അതിന് ആളല്ല. എന്നാൽ നിങ്ങൾ ഈസാ(അ)യെ സമീപിക്കുക. കാരണം അദ്ദേഹം അല്ലാഹുവിന്റെ റൂഹും കലിമത്തുമാകുന്നു.’ അങ്ങനെ ഈസായുടെ അടുക്കൽ എത്തപ്പെടും. ഈസാ(അ) (വിനയത്താലും വിഷയത്തിന്റെ ഗൗരവത്താലും) പറയും: ‘ഞാൻ അതിന് ആളല്ല. എന്നാൽ നിങ്ങൾ മുഹമ്മദി(സ്വ)നെ സമീപിക്കുക.’ അങ്ങനെ എന്റെ അടുക്കൽ എത്തപ്പെടും. ഞാൻ പറയും: ‘അതിന് ഞാൻ ഉണ്ട്.’ ശേഷം ഞാൻ പോകും. അങ്ങനെ എന്റെ റബ്ബിനോട് അനുവാദം തേടും. അപ്പോൾ എനിക്ക് അനുവാദം നൽകപ്പെടും. ഞാൻ റബ്ബിനു മുമ്പിൽ നിൽക്കുകയും സ്തുതി വചനങ്ങൾകൊണ്ട് അവനെ വാഴ്ത്തുകയും ചെയ്യും. ഇപ്പോഴാണെങ്കിൽ എനിക്ക് അതിന് കഴിയുകയില്ല. (അത്രയും അന്ന് ഞാൻ അല്ലാഹുവിനെ വാഴ്ത്തും). അല്ലാഹു അതിന് എനിക്ക് ബോധനമേകും. ശേഷം ഞാൻ നമ്മുടെ രക്ഷിതാവിന് സുജൂദ് ചെയ്യുന്നവനായി വീഴും. അപ്പോൾ എന്നോട് പറയപ്പെടും: ‘മുഹമ്മദ്, താങ്കളുടെ തലയുയർത്തൂ. താങ്കൾ പറഞ്ഞുകൊള്ളുക. താങ്കളുടെ സംസാരം കേൾക്കപ്പെടും. താങ്കൾ ചോദിച്ചുകൊള്ളുക. താങ്കൾക്ക് നൽകപ്പെടും. താങ്കൾ ശഫാഅത്ത് പറഞ്ഞുകൊള്ളുക. താങ്കളുടെ ശഫാഅത്ത് സ്വീകരിക്കപ്പെടും...”

ഇങ്ങനെയാണ് നബി(സ്വ) അശ്ശഫാഅത്തുൽക്വുബ്റാ നിർവഹിക്കുക. മറ്റൊരു റിപ്പോർട്ടിൽ ഈ വിഷയത്തിൽ ഇപ്രകാരം കാണാം: “അങ്ങനെ അടിമകൾക്കിടയിൽ വിധിതീർപ്പാക്കപ്പെടുന്നതിനു വേണ്ടി നബി(സ്വ) ശഫാഅത്ത് നടത്തും” (ബുഖാരി)

> **അറിവുകൊണ്ടും കർമംകൊണ്ടും വിശ്വാസത്തിലും സ്വഭാവത്തിലും സൃഷ്ടികളിൽ ഏറ്റവും ഉൽകൃഷ്ടരാണ് പ്രവാചകന്മാർ. ഏറ്റവും ഭക്തരും നീതിമാന്മാരുമാണവർ. മാതൃകാപരമായ ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്. അവരെക്കുറിച്ച് ക്വുർആനും സുന്നത്തും വിവരിച്ച ചരിത്രസംഭവങ്ങളിൽ വിശ്വസിക്കൽ മുസ്‌ലിമിന്റെ ബാധ്യതയാണ്. ക്വുർആനിൽ പേരു പറഞ്ഞ 25 നബിമാരാണുള്ളത്. പേര് പരാമർശിക്കാത്ത പ്രവാചകന്മാരുമുണ്ട്. അവരിലെല്ലാം വിശ്വസിക്കേണ്ടതുണ്ട്.**

മുഹമ്മദ് നബി(സ്വ)ക്ക് പ്രത്യേകമായി ‘സ്തുത്യർഹമായ സ്ഥാനം’ (മക്വാമൻ മഹ്മൂദൻ) ലഭിക്കുന്നതാണ്. അല്ലാഹു പറയുന്നു:

“രാത്രിയിൽനിന്ന് അൽപസമയം നീ ഉറക്കമുണർന്ന് അതോടെ (ക്വുർആൻ പാരായണത്തോടെ) നമസ്കരിക്കുകയും ചെയ്യുക. അത് നിനക്ക് കൂടുതലായുള്ള ഒരു പുണ്യകർമമാകുന്നു. നിന്റെ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിയോഗിച്ചേക്കാം” (17:79).

നബി(സ്വ) പറയുന്നു: “അന്ത്യനാളിൽ ഞാൻ സ്വർഗകവാടത്തിങ്കലെത്തി വാതിൽ തുറക്കാനാവശ്യപ്പെടും. അപ്പോൾ അതിന്റെ കാവൽക്കാരൻ ചോദിക്കും: ‘താങ്കളാര്?’ ഞാൻ പറയും: ‘മുഹമ്മദ്.’ അപ്പോൾ പറയും: ‘താങ്കൾക്ക് മുമ്പായി മറ്റാർക്കും ഇത് തുറക്കരുതെന്ന് എന്നോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു” (മുസ്‌ലിം).

നബി(സ്വ) പറയുന്നു: “അന്ത്യനാളിൽ ഞാൻ ആദം സന്തതികളുടെ നേതാവായിരിക്കും. ആദ്യമായി ക്വബ്ർ പിളർന്ന് പുറത്ത് വരുന്നതും ആദ്യശുപാർശകനും ശുപാർശ ചെയ്യിക്കുന്നവനും ഞാനാണ്” (മുസ്‌ലിം).

അറിവുകൊണ്ടും കർമംകൊണ്ടും വിശ്വാസത്തിലും സ്വഭാവത്തിലും സൃഷ്ടികളിൽ ഏറ്റവും ഉൽകൃഷ്ടരാണ് പ്രവാചകന്മാർ. ഏറ്റവും ഭക്തരും നീതിമാന്മാരുമാണവർ. മാതൃകാപരമായ ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്.

അവരെക്കുറിച്ച് ക്വുർആനും സുന്നത്തും വിവരിച്ച ചരിത്രസംഭവങ്ങളിൽ വിശ്വസിക്കൽ മുസ്‌ലിമിന്റെ ബാധ്യതയാണ്. ക്വുർആനിൽ പേരു പറഞ്ഞ 25 നബിമാരാണുള്ളത്. പേര് പരാമർശിക്കാത്ത പ്രവാചകന്മാരുമുണ്ട്. അവരിലെല്ലാം വിശ്വസിക്കേണ്ടതുണ്ട്.

“നിനക്ക് നാം മുമ്പ് വിവരിച്ചുതന്നിട്ടുള്ള ദൂതൻമാരെയും, നിനക്ക് നാം വിവരിച്ചുതന്നിട്ടില്ലാത്ത ദൂതൻമാരെയും (നാം നിയോഗിക്കുകയുണ്ടായി)...”(4:164).

“നിനക്ക് മുമ്പ് നാം പല ദൂതൻമാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചുതന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല...”(40:78).

ഏതെങ്കിലും ഒരു പ്രവാചകന്റെ പ്രവാചകത്വം നിഷേധിച്ചാൽ സർവപ്രവാചകന്മാരെയും നിഷേധിച്ചതിന് തുല്യമാണത്:

“നൂഹിന്റെ ജനതയെയും (നാം നശിപ്പിച്ചു). അവർ ദൂതൻമാരെ നിഷേധിച്ചു കളഞ്ഞപ്പോൾ നാം അവരെ മുക്കി നശിപ്പിച്ചു...” (25:37). “നൂഹിന്റെ ജനത ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി”(26:105). “ആദ് സമുദായം ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി” (26:123). “സമൂദ് സമുദായം ദൈവദൂതൻമാരെ നിഷേധിച്ചു തള്ളി” (26:141).






# സത്യാനന്തരകാലത്തെ സാമൂഹിക വർത്തമാനങ്ങൾ

**മുജീബ് ഒട്ടുമ്മൽ**
:97444 31890

**വസ്തുതകളേക്കാൾ വികാരങ്ങൾക്ക് പ്രാധാന്യം നൽകുകയും നെഞ്ചുനീറുന്ന നേരിന് കുളിരുപകരുന്ന നുണകൾ പകരംനിൽക്കുകയും ചെയ്യുന്ന കാലത്താണ് നാം ജീവിക്കുന്നത്. സത്യത്തിനോട് പ്രതിപത്തിയുള്ള സമൂഹത്തിന്റെ പുനഃസൃഷ്ടിക്കായി നാം ചെയ്ത് തീർക്കേണ്ടതെന്തെല്ലാം, നാം ബലി കൊടുക്കേണ്ടതെന്തെല്ലാം?**

സത്യാനന്തരകാലം (Post truth era) ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുകയാണ്. വസ്തുതകളെക്കാൾ വികാരങ്ങൾക്കും വ്യക്തിപരമായ തന്നിഷ്ടങ്ങൾക്കും പ്രാധാന്യം നൽകുകയും അതൊരു പൊതു അഭിപ്രായമായി രൂപംകൊള്ളുകയും ചെയ്യുകയാണ് സത്യാനന്തര കാലമെന്ന് ഡേവിഡ് റോബർട്ട്സ് എന്ന ബ്ലോഗർ നിരീക്ഷിക്കുകയുണ്ടായി. സത്യത്തിനും യാഥാർഥ്യങ്ങൾക്കും വില കൽപിക്കാതെ സങ്കൽപങ്ങളും മിത്തുകളും മിഥ്യാധാരണകളും സത്യത്തിന്റ സ്ഥാനത്ത് നിലയുറപ്പിക്കലാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ഇതിന് സമൂഹത്തിൽ പ്രചാരണം ലഭിക്കാൻ രണ്ട് കാരണങ്ങളാണ് സാമൂഹിക, രാഷ്ട്രീയ നിരീക്ഷകർ ചുണ്ടിക്കാണിക്കുന്നത്; ബ്രെക്സിറ്റും അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പും.

1992 ലെ മാസ്ട്രീച്ച് ഉടമ്പടിയിലൂടെ യൂറോപ്യൻ വൻകരയിലെ 28 രാജ്യങ്ങൾ ചേർന്നുള്ള സംഘരാഷ്ട്ര ഏകീകൃത സംവിധാനമാണ് യൂറോപ്യൻ യൂണിയൻ. യൂറോപ്യൻ മേഖലയിലെ ഏറ്റവും വലിയ രാഷ്ട്രീയ, സാമ്പത്തിക ശക്തിയാണ് ഈ യൂണിയൻ. ഏകീകൃത കമ്പോളം, പൊതുനാണയം, പൊതു കാർഷിക നയം, പൊതുവ്യാപാര നയം, പൊതുമത്സ്യബന്ധന നയം എന്നിവയാണ് ഈ യൂണിയന്റ സവിശേഷതകൾ. എന്നാൽ മറ്റു രാജ്യങ്ങളുമായി കൂട്ടുചേരുന്നതും ഐക്യപ്പെടുന്നതും സ്വന്തം അസ്തിത്വത്തിന് നല്ലതല്ല എന്ന് ബ്രിട്ടണിലെ തീവ്ര ദേശീയവാദികൾ വാദിക്കുകയും അതിനായി പ്രക്ഷോഭത്തിനിറങ്ങുകയും ചെയ്തു. ജനങ്ങളുടെ ഹിതപരിശോധനയ്ക്കായി ഭരണകൂടം നിർബന്ധിതരായി. ഭൂരിപക്ഷം പേരും യൂറോപ്യൻ യൂണിയൻ വിടുന്നതിന് അനുകൂലമായി വോട്ട് രേഖപ്പെടുത്തുകയുണ്ടായി. കള്ളം പ്രചരിപ്പിച്ച് വ്യാജ ദേശീയത ജനങ്ങളിൽ കുത്തിവെക്കുന്നതിൽ തീവ്ര നിലപാടുകൾ വിജയിക്കുകയായിരുന്നു. അങ്ങനെ യൂറോപ്യൻ യൂണിയനിൽനിന്ന് വിട്ടുപോകാനുള്ള ബ്രിട്ടന്റ തീരുമാനമായിരുന്നു ബ്രെക്സിറ്റ് (The Exit of Britain).

2016 നവംബറിൽ നടന്ന അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപിന്റ വിജയമാണ് മറ്റൊരു കാരണം. അബദ്ധജടിലവും അശ്ലീലം നിറഞ്ഞതും രാഷ്ട്രീയ നൈതികതയ്ക്ക് വിരുദ്ധവുമായ സംസാരങ്ങൾകൊണ്ട് നിറഞ്ഞതായിരുന്നു ട്രംപിന്റെ പ്രചാരണ പ്രവർത്തനങ്ങൾ. ഡെമോക്രാറ്റിക് സ്ഥാനാർഥി ഹിലാരി ക്ലിന്റൻ വിജയിക്കുമെന്നുറപ്പിച്ച ലോകത്തെ അമ്പരപ്പിച്ചുകൊണ്ട് ട്രംപ് വിജയിച്ചതിനെ 'സത്യത്തെ കുഴിച്ചുമൂടി എന്നും അസത്യം പിറവിയെടുത്തിരിക്കുന്നു' എന്നും സർവരും അഭിപ്രായപ്പെട്ടുകൊണ്ടിരുന്നു.



ഈ രണ്ട് സംഭവങ്ങളിലും മിത്തിന്റെയും അസത്യത്തിന്റെയും വ്യാജ പ്രചാരണത്തിലൂടെ സത്യത്തെ നിരാകരിച്ച് കൊണ്ടുള്ള വിജയമായതുകൊണ്ട് സത്യാനന്തര കാലഘട്ടവും സത്യാനന്തര രാഷ്ട്രീയവുമെന്ന് സമൂഹം പേര് വിളിച്ച് തുടങ്ങി. അസത്യങ്ങൾ ക്ഷമാർഹമല്ലെന്ന പഴയ നിലപാടിൽനിന്ന് അവ 'ചില സാഹചര്യങ്ങളിൽനിന്ന് ക്ഷമാർഹം മാത്രമല്ല, സ്വീകാര്യവും കൂടിയാണെ'ന്ന നിലപാടിലേക്ക് സമൂഹം മാറിക്കഴിഞ്ഞതോടെയാണ് സത്യാനന്തരകാലം ആരംഭിച്ചതെന്നും നിരീക്ഷിക്കുന്നുണ്ട്.

ലോകത്ത് അസത്യത്തിന്റെ പ്രചാരണം പല സമൂഹങ്ങളിലായി അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിസമർഥമായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. ലോകത്തെ വൻ സാമ്പത്തിക രാഷ്ട്രങ്ങൾ ഇതര നാടുകളിൽ അനാവശ്യമായി ഇടപെടുന്നതിനെ ന്യായീകരിക്കാനും നുണപ്രചാരണമാണ് ആയുധമായി സ്വീകരിക്കുന്നത്. മതപ്രചാരണവും അതിന്റെ സമൃദ്ധിയും ആധിപത്യവുമെല്ലാം സത്യത്തിന്റെ കാലമാണെന്നംഗീകരിക്കാൻ ആധുനികതയ്ക്ക് സാധിക്കുന്നുവെന്നതാണ് സത്യാനന്തരകാലം സമൂഹത്തോട് പറയുന്നത്. സ്വാഭാവികമായി ഇതിനോട് നീരസം പ്രകടിപ്പിക്കുന്നവരുണ്ട്. മാനവികതയുടെ ഉദാത്തമായ മാതൃക വരച്ചുകാണിച്ച ദൈവിക ദർശനത്തിലെ സത്യവും ധർമവും നീതിയും ന്യായവും എല്ലാം കളങ്കമില്ലാത്ത സാമൂഹിക ബോധമാണ് നൽകിയത്. മനുഷ്യജീവിതത്തോട് സമരസപ്പെടാത്തതും പ്രകൃതിക്ക് യോജിക്കാത്തതുമായ ഒരു കാര്യവും ഏത് കാലത്തും മതത്തിൽ ദാർശനികമായി കണ്ടെത്താനാവില്ല. അതുകൊണ്ടാണ് വ്യാജപ്രചാരണങ്ങളും നുണകളും ആവർത്തിക്കപ്പെടുന്നത്. സത്യാനന്തര കാലത്ത്

**വസ്തുതകളെക്കാൾ വികാരങ്ങൾക്കും വ്യക്തിപരമായ തന്നിഷ്ടങ്ങൾക്കും പ്രാധാന്യം നൽകുകയും അതൊരു പൊതു അഭിപ്രായമായി രൂപംകൊള്ളുകയും ചെയ്യുകയാണ് സത്യാനന്തര കാലമെന്ന് ഡേവിഡ് റോബർട്ട്സ് എന്ന ബ്ലോഗർ നിരീക്ഷിക്കുകയുണ്ടായി. സത്യത്തിനും യാഥാർഥ്യങ്ങൾക്കും വില കൽപിക്കാതെ സങ്കൽപങ്ങളും മിത്തുകളും മിഥ്യാധാരണകളും സത്യത്തിന്റെ സ്ഥാനത്ത് നിലയുറപ്പിക്കലാണ് ഇതുകൊണ്ട് അർഥമാക്കുന്നത്.**

മതനിഷേധത്തിന്റെയും ദൈവ നിരാസത്തിന്റെയും മാനവിക വിരുദ്ധതയുടെയും പ്രചാരകർ വ്യാജവർത്തമാനങ്ങളിൽ അഭിരമിക്കുന്നതും അതുകൊണ്ടാണ്.

**പ്രസ്താവനയിൽ വിവാദമോ?**

പ്രകൃതിപരമായ ഘടനയിൽ മനുഷ്യന്റ അനുഭവങ്ങൾക്ക് നേർ സാക്ഷ്യമായ സത്യത്തെ വിളിച്ച് പറയുന്നത് പോലും വിവാദമാകുന്ന കാലമാണിത്. വസ്തുതകളെക്കാൾ മിഥ്യാധാരണകളെയും സ്വപ്ന സങ്കൽപങ്ങളെയും സത്യത്തിന്റ സ്ഥാനത്ത് അവരോധിക്കുന്നു. സത്യം വിളിച്ചുപറയുന്നവരെ വിവാദ നായകരായും സത്യപ്രസ്താവനകളെ വിവാദ പ്രസ്താവനകളായും ചിത്രീകരിക്കുന്ന വൈരുധ്യം മലയാളി പ്രബുദ്ധതയിൽ പോലും വളർന്നുവരുന്നുവെന്നതിന് തെളിവുകളേറെയുണ്ട്. മീഡിയാ റൂമുകളിലിരുന്ന് കോർപറേറ്റ് താൽപര്യങ്ങൾ വസ്തുതാവിരുദ്ധമായാലും അതിനനുസരിച്ച് അക്ഷരങ്ങൾ ചേർത്തുവയ്ക്കുന്ന അടിമപ്പണിയാണ് ഇപ്പോൾ നടക്കുന്നതെന്ന് തോന്നിക്കുന്ന വിധമാണ് മലയാള മാധ്യമങ്ങളുടെ പോലും ഇടപെടലുകൾ ബോധ്യപ്പെടുത്തുന്നത്. അതിന് ഉദാഹരിക്കാവുന്ന ഒരു പ്രസ്താവനയാണ് സർവ ദൃശ്യമാധ്യങ്ങളിലും ഒരു രാഷ്ട്രീയ നേതാവിനെ പ്രതിചേർത്ത് കൊണ്ടുള്ള ചർച്ചകളിൽ കണ്ടത്.

"ആണ് പ്രസവിക്കുകയില്ല, അണ്ഡവും ബീജവും പൂർണയായ സ്ത്രീയുടെ ഗർഭാശയത്തിൽവച്ച് സങ്കലനം നടക്കുമ്പോഴാണ് കുഞ്ഞുണ്ടാകുന്നത്, ട്രാൻസ്മെൻ പ്രസവിക്കില്ല." ഫെബ്രുവരി 12ന് കോഴിക്കോട് കടപ്പുറത്ത് നടന്ന വിസ്ഡം ഇസ്‌ലാമിക് കോൺഫറൻസിൽ പങ്കെടുത്തുകൊണ്ട് ജനമഹാ സാഗരത്തെ അഭിസമ്പോദന ചെയ്ത ഡോ. എം.കെ മുനീർ എംഎൽഎയുടെ വാക്കുകളാണിത്. മലയാളികൾക്ക് സുപരിചിതമായ പത്ര, ദൃശ്യമാധ്യമങ്ങളിൽ തെളിഞ്ഞുവന്ന വാക്കുകൾ

> **മതത്തെ അന്ധവിശ്വാസത്തിന്റ സ്രോതസ്സായി വിലയിരുത്തുന്ന സ്വതന്ത്രവാദികളുടെ മഹാ പൊള്ളയായ അന്ധവിശ്വാസമാണ് പ്രസ്താവന വിവാദമാക്കിയതിന് പിന്നിലെന്നത് ഏറെ കൗതുകമുള്ള കാര്യമാണ്. അതിനെ അഭിമാനത്തോടെ പ്രോൽസാഹിപ്പിക്കുന്നവരാണ് കേരളത്തിന്റ ഉന്നത വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്നതെന്ന് പറയുമ്പോൾ കാര്യങ്ങൾ എത്ര അപകടാവസ്ഥയിലാണെന്ന് ബോധ്യപ്പെടും.**

ആരെയും വിസ്മയിപ്പിക്കുന്നതായിരുന്നു. 'ആണ് പ്രസവിക്കില്ലെന്നത് വിവാദ പ്രസ്താവന'യെന്നാണ് മാധ്യമങ്ങൾ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചത്. അന്ധവിശ്വാസങ്ങളിലെ മായാകഥകൾ കേട്ട് അതിശയിച്ചിരുന്ന മലയാളീ പൊതുബോധം തീർത്തും യാഥാർഥ്യവിരുദ്ധമായ മാധ്യമ വാചകക്കസർത്തുകളിൽ അന്ധാളിച്ച് നിൽക്കുകയായിരുന്നു. രാജാവ് നഗ്നനാണെന്ന് അദ്ദേഹം ഉറക്കെ ചങ്കൂറ്റത്തോടെ വിളിച്ച് പറഞ്ഞുവെന്നതിനാലാണ് മാധ്യമങ്ങളുടെ വിചാരണക്ക് അദ്ദേഹം വിധേയനായത്. മതാത്മകമായ സദാചാര നിർമിതിയും കുടുംബഘടനയും നമ്മൾ അറിയാതെതന്നെ സ്വീകരിക്കപ്പെടുന്ന സമകാലിക സാംസ്കാരിക അവസ്ഥയാണ് കേരളത്തിലെന്ന് പരിഭവിക്കുന്നവരാണ് മാധ്യമ വേദികൾ ഇത്തരം വിമർശനങ്ങൾക്കുപയോഗിക്കുന്നത്.

പുരോഗമനവാദികൾ ഉൾപ്പെടെ ഏത് ചിന്താഗതിക്കാരും ഈ പൊതുബോധത്തെ സ്വാംശീകരിക്കുകയാണെന്ന് അവർ വ്യാകുലപ്പെടുകയും ചെയ്യുന്നു. ഇത്തരം പരിഭവങ്ങളുടെയും വ്യാകുലതകളുടെയും സമ്മർദത്തിൽ അധികാരികൾ അവർക്ക് തണലൊരുക്കുകയാണ്.

**സത്യാനന്തരകാല കെടുതികൾ**

വ്യാജവർത്തമാനങ്ങൾ കൊണ്ട് സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ഇവർ ചിന്തിക്കാറില്ല. അല്ലെങ്കിലും മാന്യമായി ജീവിക്കുന്നവർക്കിടയിൽ ശല്യമായി മാറുകയും സ്വൈര്യം കെടുത്തുകയും ചെയ്യുകയെന്നതാണല്ലോ ഇവരുടെ ലക്ഷ്യം. സമൂഹത്തിൽ ഇവർ കൊണ്ടുവന്ന ക്രിയാത്മകമായ ഏതെങ്കിലും നേട്ടങ്ങളെ എടുത്ത് പറയാൻ അവരെ പിന്തുണക്കുന്നവർക്ക് പോലും ആവില്ല.

മതത്തെ അന്ധവിശ്വാസത്തിന്റ സ്രോതസ്സായി വിലയിരുത്തുന്ന സ്വതന്ത്രവാദികളുടെ മഹാ പൊള്ളയായ അന്ധവിശ്വാസമാണ് പ്രസ്താവന വിവാദമാക്കിയതിന് പിന്നിലെന്നത് ഏറെ കൗതുകമുള്ള കാര്യമാണ്. അതിനെ അഭിമാനത്തോടെ പ്രോൽസാഹിപ്പിക്കുന്നവരാണ് കേരളത്തിന്റ ഉന്നത വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്നതെന്ന് പറയുമ്പോൾ കാര്യങ്ങൾ എത്ര അപകടാവസ്ഥയിലാണെന്ന് ബോധ്യപ്പെടും. ട്രാൻസ് ദമ്പതികളായ സിയ പവലിനും സഹദിനും ഒരു കുഞ്ഞു പിറന്നിരിക്കുന്നുവെന്നും സാമ്പ്രദായി ബൈനറികളിലുറച്ച പൊതുബോധത്തിൽ അട്ടിമറി സൃഷ്ടിച്ചിരിക്കുന്നുവെന്നും അഭിമാനത്തോടെ ഉന്നത വിദ്യാഭ്യാസമന്ത്രി വിളിച്ചു പറയുമ്പോൾ കാര്യങ്ങളുടെ പോക്ക് എങ്ങോട്ടെന്ന് സാമാന്യ ബോധമുള്ളവർക്ക് മനസ്സിലാകും.

മാധ്യമങ്ങളും അധികാരികളും മനുഷ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമായ ഇത്തരം കാര്യങ്ങളെ പ്രോൽസാഹിപ്പിക്കുമ്പോൾ ജീവിതം നഷ്ടപ്പെടുന്നത് പാവങ്ങളായ ട്രാൻസ്ജെന്ററുകൾക്കാണ്. അവരെ ദുരന്തമുഖത്തേക്ക് തള്ളിവിടുന്ന ക്രൂരതകളാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് തിരിച്ചറിയണം. മലയാളി പ്രബുദ്ധർക്കിടയിൽ തന്നെ ഇതിന്റ ദുരിതം പേറി ദുഃഖഭാരം സഹിക്കാനാവാതെ

കഴിഞ്ഞുകൂടുന്ന ട്രാൻസ്ജെന്ററുകളുടെ എണ്ണം വർധിക്കുകയാണ്. അവരുടെ വേദനയും കണ്ണുനീരും കണ്ട് ആസ്വദിക്കുന്ന സാഡിസ്റ്റുകളാണ് ഇത്തരം പ്രോൽസാഹനവുമായി കടന്നുവരുന്ന മാധ്യമങ്ങളും അധികാരികളും സ്വതന്ത്രവാദികളുമെന്ന് പറയാതെ വയ്യ.

ട്രാൻസ്ജെന്ററുകളെ തീരാ ദുഃഖത്തിലേക്ക് വലിച്ചെറിയാതിരിക്കാനുള്ള മനസ്സ് കാണിക്കാൻ തയ്യാറാകണമെന്നാണ് ഇത്തരം ആളുകളോട് പറയാനുള്ളത്. അവരനുഭവിക്കുന്ന ദുരിതങ്ങൾക്കൊരു ഉദാഹരണമാണ് ഈയിടെ പ്രസവിച്ച സഹദ് എന്ന പേരിൽ അറിയപ്പെടുന്ന യുവതി. അവർ പുരുഷനാകാൻ തന്റെ സ്തനങ്ങൾ മുറിച്ചുമാറ്റി. അവസാനം അവരുടെ തന്നെ ഉദരത്തിൽ പിറന്ന കുഞ്ഞിനെ മുലയൂട്ടാൻ സ്തനമില്ലാതെ പോയതിലുള്ള കടുത്ത ദുഃഖം അവർ മാധ്യമങ്ങളുമായി പങ്കുവയ്ക്കുന്നുണ്ട്. ജീവിതകാലം മുഴുവൻ തനിക്ക് പിറന്ന കുഞ്ഞിന് അമ്മിഞ്ഞ നൽകാൻ സാധിക്കാത്തതിലെ പരിഭവവുമായി കഴിഞ്ഞ് കൂടാൻ വിധിക്കപ്പെടുകയാണ് ഈ യുവതി. മാതാവെന്ന നിലയിൽ അവരുടെ വേദനയകറ്റാൻ ആർക്കാണ് സാധിക്കുകയെന്ന് മാധ്യമങ്ങൾക്കും അധികാരികൾക്കും പറയാൻ സാധിക്കുമോ?

കേരളത്തിലെ ആദ്യ ട്രാൻസ്ജെന്റർ മാധ്യമപ്രവർത്തകയെന്ന് വിശേഷിപ്പിക്കട്ടെ ഹെയ്ദി സാദിയ മറ്റൊരു ദുരന്തമാവുകയാണ്. സ്ത്രീയായി മാറാൻ

> **കൊട്ടിഘോഷിക്കപ്പെടുന്ന ട്രാൻസ്ജെന്റർ ആക്ടിവിസം മനസ്സും ശരീരവും തമ്മിൽ ഭിന്നാവസ്ഥയിലുള്ള ഇത്തരം ആളുകളെ ചേർത്ത് പിടിക്കുകയല്ല കൂടുതൽ ദുരിതങ്ങളിലേക്കും ചൂഷണങ്ങളിലേക്കും തള്ളിവിടുകയാണ് യഥാർഥത്തിൽ ചെയ്യുന്നത്. ഇവരുടെ മാനസിക പ്രയാസങ്ങളോടൊപ്പം ശാരീരികപ്രയാസങ്ങളിലേക്കും തള്ളിവിടുന്ന സർജറികളിൽ നിന്ന് രക്ഷപ്പെടുത്തുന്നതിന് പകരം ശസ്ത്രക്രിയയിലെ ശാസ്ത്രീയത തെരയുന്നതിലാണ് ഇവർക്ക് വേണ്ടിയെന്ന പോലെ ചിലർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്.**

കഠിനമായ സർജറിക്ക് വിധേയമായ അവർ ഏഴ് വർഷങ്ങൾക്ക് ശേഷം അനുഭവിക്കുന്ന വേദനയെ കുറിച്ച് മാതൃഭൂമിയിൽ നൽകിയ അഭിമുഖം ഏറെ വിഷമത്തോടെയാണ് വായിക്കാനാവുക. മൂത്രമൊഴിക്കുമ്പോൾ പോലും അസഹ്യമായ വേദന അനുഭവിക്കുന്ന അവർ താൻ നരകതുല്യമായ ജീവിതമാണ് നയിക്കുന്നതെന്ന് പരിഭവിക്കുന്നുണ്ട്. ഒരു വർഷത്തോളമായത്രെ കടുത്ത വേദന അനുഭവിച്ച് തുടങ്ങിയിട്ട്!



ഇവർ വേദനാസംഹാരിയായ ഗുളികകളിലും ഇഞ്ചക്ഷനുകളിലും ആശ്വാസം കണ്ടെത്തുകയാണ്. ഇത് അവസാനിക്കുമോ എന്ന് ഒരു നിശ്ചയവുമില്ല. കറക്ഷൻ സർജറി കൂടി ചെയ്യാൻ ഡോക്ടർ ആവശ്യപ്പെടുന്നുവെങ്കിലും ഇനിയും ഒരു വേദന സഹിക്കാനാകില്ലെന്നും സാമ്പത്തിക പരാധീനതകൾ കാരണമായി ദീർഘമായ വിശ്രമത്തിന് ഇപ്പോൾ സാധ്യമല്ലെന്നും അവർ സങ്കടപ്പെടുന്നുണ്ട്. ഇതുപോലെ സർജറിയുടെ സങ്കീർണാവസ്ഥ തുറന്നുപറയാൻ പലരും തയ്യാറാകുന്നില്ലെന്നും സങ്കീർണമാകുന്നവരുടെ അവസ്ഥ ദുരിതപൂർണമാണെന്നും അവർ പറയുന്നുണ്ട്.

‘ഇഷ്ടമുള്ള ശരീരത്തിൽ’ ജീവിക്കാനുള്ള അങ്ങേയറ്റത്തെ ആഗ്രഹത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയമായ മറ്റൊരു ട്രാൻസ്ജെന്ററായിരുന്നു അനന്യകുമാരി അലക്സ്. സ്ത്രീയാകാൻ രണ്ട് ശസ്ത്രക്രിയകൾക്ക് വിധേയമായ അവർ നിൽക്കാനും ഇരിക്കാനും മാത്രമല്ല ആഞ്ഞൊന്ന് ചുമയ്ക്കാൻ പോലും വയ്യാത്ത നിലയിലായി. അത്രമേൽ ദുരിതം താങ്ങാനാകാതെയാണ് 28ാമത്തെ വയസ്സിൽ കഴിഞ്ഞ വർഷം ജൂലൈ 20ന് ആത്മഹത്യ ചെയ്തത്. കേരളത്തിലെ സ്വാഭാവികതയ്ക്കെതിരെയുള്ള ക്വിയർ പോരാട്ടങ്ങളുടെ മുന്നണി പ്പോരാളിയായിരുന്നുവത്രെ അവർ. ശസ്ത്രക്രിയയിലെ അശാസ്ത്രീയത ആരോപിച്ചുകൊണ്ടും അവർക്ക് നീതി ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ആക്ഷൻ ഫോറം രൂപീകരിച്ച് പ്രവത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ആത്മഹത്യയിൽനിന്നും മരണത്തിൽനിന്നും അവരെ രക്ഷിക്കാനായില്ല.

കൊട്ടിഘോഷിക്കപ്പെടുന്ന ട്രാൻസ്ജെന്റർ ആക്ടിവിസം മനസ്സും ശരീരവും തമ്മിൽ ഭിന്നാവസ്ഥയിലുള്ള ഇത്തരം ആളുകളെ ചേർത്ത് പിടിക്കുകയല്ല കൂടുതൽ ദുരിതങ്ങളിലേക്കും ചൂഷണങ്ങളിലേക്കും തള്ളിവിടുകയാണ് യഥാർഥത്തിൽ ചെയ്യുന്നത്. ഇവരുടെ മാനസിക പ്ര

യാസങ്ങളോടൊപ്പം ശാരീരികപ്രയാസങ്ങളിലേക്കും തള്ളിവിടുന്ന സർജറികളിൽനിന്ന് രക്ഷപ്പെടുത്തുന്നതിന് പകരം ശസ്ത്രക്രിയയിലെ ശാസ്ത്രീയത തെരയുന്നതിലാണ് ഇവർക്ക് വേണ്ടിയെന്നപോലെ ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ശരീരത്തിലെ പ്രകൃതിദത്തമായി ലഭിച്ച അവയവങ്ങളെ കീറിമുറിച്ച് പകരം മറ്റൊന്ന് ചേർത്തുവയ്ക്കുകയെന്നത് വിജയിക്കുമെന്ന് വാദിക്കാമെങ്കിലും പകരം വെച്ചത് ഒരിക്കലും ആദ്യത്തേതുപോലെ പ്രവർത്തനക്ഷമതയുണ്ടാവില്ലെന്നത് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

അതിനാൽ ശരീരവും മനസ്സും തമ്മിൽ ഭിന്നത അനുഭവിക്കുന്നതുകൊണ്ട് മാനസിക സംഘർഷങ്ങളനുഭവിക്കുന്ന ഇവരെ തോന്നലുകൾക്കനുസരിച്ച് വിടാതെ കൃത്യമായ കൗൺസിലിംഗിന് വിധേയമാക്കി ആരോഗ്യകരമായ മനസ്സ് രൂപപ്പെടുത്തുകയാണ് വേണ്ടത്. മനുഷ്യന്റ മനസ്സിന്റെ വൈകല്യങ്ങൾക്കനുസരിച്ച് രൂപപ്പെടുന്ന അന്ധവിശ്വാസങ്ങളിൽ പച്ചയായ മനുഷ്യന്റ കഴുത്തറുത്ത് ബലി നൽകുന്നതിനെതിരെ ശബ്ദിക്കാൻ ആരും മടിക്കാറില്ല. എന്നാൽ അതേപോലെ മനസ്സിൽ രൂപപ്പെട്ട എതിർ ലിംഗമാണെന്റെത് എന്ന അവകാശവാദം അന്ധവിശ്വാസമാണെന്നും അതനുസരിച്ച് ശരീരം വികൃതമാക്കുന്നത് പാതകമാണെന്നും മനസ്സിലാക്കാൻ പുരോഗമനവാദികൾക്ക് എന്തുകൊണ്ട് സാധിക്കുന്നില്ലെന്നത് യുക്തിപൂർവമായ ചോദ്യമാണ്. രണ്ട് അന്ധവിശ്വാസങ്ങൾക്കെതിരെയും ജനങ്ങളെ ബോധവൽകരിക്കുകയാണ് അധികാരികളും സംഘടനകളും മാധ്യമങ്ങളും ചെയ്യേണ്ടത്. എന്നാൽ അതിന് പകരം ട്രാൻസ്ജെന്ററുകളെ കൂടുതൽ പാർശ്വവൽകരിച്ച് മരണക്കയത്തിലേക്ക് തള്ളിവിടുകയാണ് പുരോഗമനവാദികൾ ചെയ്യുന്നത്. അതിനായി സത്യാനന്തരകാലത്തെ സാധ്യതകളെ

> **മനുഷ്യന്റ മനസ്സിന്റെ വൈകല്യങ്ങൾക്കനുസരിച്ച് രൂപപ്പെടുന്ന അന്ധവിശ്വാസങ്ങളിൽ പച്ചയായ മനുഷ്യന്റ കഴുത്തറുത്ത് ബലി നൽകുന്നതിനെതിരെ ശബ്ദിക്കാൻ ആരും മടിക്കാറില്ല. എന്നാൽ അതേപോലെ മനസ്സിൽ രൂപപ്പെട്ട എതിർ ലിംഗമാണെന്റെത് എന്ന അവകാശവാദം അന്ധവിശ്വാസമാണെന്നും അതനുസരിച്ച് ശരീരം വികൃതമാക്കുന്നത് പാതകമാണെന്നും മനസ്സിലാക്കാൻ പുരോഗമനവാദികൾക്ക് എന്തുകൊണ്ട് സാധിക്കുന്നില്ലെന്നത് യുക്തിപൂർവമായ ചോദ്യമാണ്.**

മാധ്യമങ്ങളെ വിലക്കെടുത്തുകൊണ്ട് അവർ ഉപയോഗപ്പെടുത്തുകയാണ്. പ്രജകളുടെ ക്ഷേമം ആഗ്രഹിക്കേണ്ട അധികാരികൾ ഇതിന് കൂട്ടുനിൽക്കുന്നത് ഏറെ ദൗർഭാഗ്യകരമാണ്.

### വസ്തുതകൾ തമസ്കരിക്കപ്പെടുന്നു

‘ഇന്ത്യ; ദ മോദി ക്വസ്റ്റ്യൻ’ എന്ന ബിബിസി ഡോക്യുമെന്ററി രാജ്യം കാണരുതെന്ന് ഭരണകൂടം ശഠിക്കുമ്പോൾ സത്യത്തെ തമസ്കരിക്കാനുള്ള അധികാരികളുടെ പച്ചയായ ശ്രമമാണിതെന്ന് മനസ്സിലാകും. സ്വതന്ത്ര ഇന്ത്യയിൽ ഒരു സമുദായത്തെ തുടച്ചുനീക്കാനുള്ള നീചമായ ശ്രമത്തിന്റെ ഭാഗമായി നടന്ന ഗുജറാത്ത് വംശഹത്യയിലെ ജീവിച്ചിരിക്കുന്ന ഇരകൾ ഇന്നും മോചിതരായിട്ടില്ലെന്നത് അതിന്റെ ഭയാനകത വിളിച്ചോതുന്നു. വംശഹത്യാ പ്രതികൾ ഇന്നും അവിടെ ആദരിക്കപ്പെടുകയും ഇരകളും അവരുടെ പിൻമുറക്കാരും മതനിരപേക്ഷ പക്ഷത്ത് നിൽക്കുന്ന മുഴുവൻ മനുഷ്യരും അവഹേളിക്കപ്പെടുകയുമാണ്.

2002 മാർച്ച് മൂന്നിന് ഗുജറാത്തിലെ ദാഹോദിനു സമീപം രധിക്പൂർ ഗ്രാമത്തിൽ മൂന്നു വയസ്സുകാരിയായ കുഞ്ഞിനെ കാപാലികർ ഭിത്തിയിലിടിച്ച് കൊല്ലുന്നതിനും കുടുംബത്തിലെ ഏഴംഗങ്ങളെ ക്രൂരമായി കൊന്നൊടുക്കുന്നതിനും ദൃക്സാക്ഷിയാകേണ്ടി വന്ന ബിൽകിസ് ബാനു എന്ന യുവതിയുടെ ദയനീയത ലോകം ചർച്ച ചെയ്തതാണ്.

അഞ്ചു മാസം ഗർഭിണിയായിരിക്കെ നരാധമന്മാരുടെ ക്രൂരമായ ബലാൽസംഗത്തിന് ഇരയാവുക കൂടി ചെയ്ത ആ 19കാരി പെൺകുട്ടി പ്രതികൂല സാഹചര്യങ്ങൾ മുഴുവൻ നേരിട്ടാണ് നിയമപോരാട്ടം നടത്തിയത്. നിശ്ചയദാർഢ്യത്തോടെയുള്ള പോരാട്ടത്തിനിടയിൽ 2008 ജനുവരി 21ന് സ്പെഷ്യൽ കോടതി 11 കുറ്റവാളികളെ ജീവപര്യന്തം തടവിന് ശിക്ഷിക്കുകയുണ്ടായി. കേസുമായി ബന്ധപ്പെട്ട് 2017 മെയ് നാലിന് അഞ്ച് പോലീസുകാരെയും രണ്ട് ഡോക്ടർമാരെയും ഹൈക്കോടതി ശിക്ഷിക്കുകയുണ്ടായി. ഹൈക്കോടതി വിധി ചോദ്യം ചെയ്ത് ആർഎസ് ഭാഗോര എന്ന ഐപിഎസ് ഓഫീസർ ഉൾപ്പെടെ നാല് പോലീസുകാരും രണ്ട് ഡോക്ടർമാരും സുപ്രീം കോടതിയെ സമീപിച്ചെങ്കിലും 2017 ജൂലൈ 10ന് സുപ്രീം കോടതി അപ്പീലുകൾ തള്ളുകയാണുണ്ടായത്. ഹിന്ദുവായിരുന്നിട്ടും ഭർത്താവ് മുസ്ലിമായിരുന്നതിനാൽ ഗൗരി എന്ന യുവതി ഗ്രാമീണർക്ക് മുന്നിൽവച്ച് ക്രൂരമായ ബലാൽസംഗത്തിന് വിധേയമായതും വേദനിക്കുന്ന മറ്റൊരു ദുരന്തമാണ്. കഥകളും കവിതകളും പ്രബന്ധങ്ങളും ഡോക്യുമെന്ററികളുമെല്ലാമായി ലോകത്തിന്റ മുന്നിൽ പച്ചയായി അവതരിപ്പിക്കപ്പെട്ടിട്ടും കാപാലികരായ പ്രതികളെ വെറുതെ വിടാനും വെറുതെ വിട്ടവരെ ധീരപരിവേഷം നൽകി സ്വീകരിക്കാനും അധികാരികളും സംഘപരിവാരങ്ങളും കാണിച്ച

ആവേശം സത്യാനന്തര കാലത്തിന്റ മറ്റൊരു ഭീകര മുഖമാണ്. ബൽകീസ് ബാനു കേസിലെ പ്രതികളെ വെറുതെവിട്ട കോടതി വിധിക്കെതിരെ ആറായിരത്തോളം വരുന്ന മനുഷ്യാവകാശ പ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്.

ബിബിസി ഡോക്യുമെന്ററി രാജ്യത്തെ കാണിക്കാതിരിക്കാൻ ജാഗ്രത പുലർത്തുമ്പോഴും രാജ്യത്ത് നടക്കുന്ന വംശഹത്യ അഭംഗുരം തുടരുന്നതിന് ധാരാളം തെളിവുകളുണ്ട്. ഉത്തർപ്രദേശിലെ ലഖ്നോ പട്ടണത്തിനടുത്തുള്ള സംദാലി ഗ്രാമത്തിൽ താലിബ് ഹുസൈന്റ ഇറച്ചിക്കട പൂട്ടേണ്ടിവന്നത് മാംസം പൊതിഞ്ഞ കടലാസിൽ ദൈവത്തിന്റ ഫോട്ടോ ഉണ്ടെന്ന് ആരോപിച്ചാണ്. അദ്ദേഹത്തെ ജയിലിലടക്കുകയും ചെയ്തു. മഹാത്മാ ഗാന്ധിക്ക് ഏറെ ഇഷ്ടമുള്ള സർവമത പ്രാർഥന നടത്തിയതിന്റ പേരിൽ കാൺപൂരിലെ ഫ്ലോറൈറ്റ്സ് പീസ് സ്കൂൾ അടച്ച് പൂട്ടേണ്ടിയും വന്നു. മധ്യപ്രദേശിലെ നിമൂച്ച് ജില്ലയിലെ ഒരു കൾവർട്ടിൽ ഇരിക്കുകയായിരുന്ന ഭൻപാരിലാൽ ജെയിൻ എന്ന യുവാവിനെ ദിനേശ് എന്ന സംഘപരിവാറുകാരൻ അടിച്ച് കൊന്നു. ഐഡന്റിറ്റി കാർഡ് ആവശ്യപ്പെട്ടുകൊണ്ടാണ് മർദിച്ചത്. ഈ ക്രൂരതയ്ക്ക് കാരണം അദ്ദേഹം 'മുഹമ്മദ്' ആണെന്ന് കരുതിപ്പോയതാണത്രെ! ആസാമിൽ രണ്ട് വർഷം മുമ്പ് മുഈനുൽ ഹഖ് എന്ന നിരപരാധിയായ കർഷകൻ പോലീസിന്റ വെടിയേറ്റു മരിച്ചപ്പോൾ ബിജോയ് ശങ്കർ എന്ന ഭീകരൻ അദ്ദേഹത്തിന്റ ചലനമറ്റ ശരീരത്തിൻമേൽ ചാടി നൃത്തംവച്ചതും നമ്മുടെ രാജ്യത്താണ്. സമാനതകളില്ലാത്ത ഇത്തരം ക്രൂരതകൾ അരങ്ങേറുമ്പോഴും അത് ഉറക്കെ തുറന്ന് പറയാനും അതിനെതിരെ ശബ്ദിക്കാനും പോലും സ്വാതന്ത്ര്യം നിഷേധിക്കുന്നതിലാണ് ബിബിസി ഡോക്യുമെന്ററി നിരോധനം എന്ന് നാം ഓർക്കണം.

ഉത്തർപ്രദേശിലെ ഹഥ്റാസിൽ നടന്ന രാജ്യത്തെ നടുക്കിയ കൂട്ടബലാൽസംഗക്കൊലയിലെ പ്രതികളെ വെറുതെ വിട്ടിരിക്കുന്നുവെന്നതാണ് സത്യാനന്തര കാലത്തെ മറ്റൊരു ദുരന്തം. 2020 സപ്തംബർ 14ന് 19കാരിയായ ദളിത് പെൺകുട്ടിയെ ക്രൂരമായി ബലാൽസംഗം ചെയ്ത നിലയിൽ വയലരികിൽ കണ്ടെത്തുകയുണ്ടായി. 15 ദിവസത്തെ ആശുപത്രി ചികിൽസക്കൊടുവിൽ പെൺകുട്ടി മരിക്കുകയും ചെയ്തു. പ്രതികളുടെ ദുഃസ്വാധീനം നിമിത്തമോ മറ്റോ കുടുംബത്തെ പോലും ഒരു നോക്ക് കാണിക്കാതെ പോലീസുകാർ മൃതദേഹം ദഹിപ്പിച്ച് കളഞ്ഞു! കൂട്ടബലാൽസംഗത്തിനിരയായി മരിച്ച ഹഥ്റാസിലെ യുവതിയുടെ സംസ്കാരം അർധരാത്രി നടത്തിയത് മനുഷ്യാവകാശ ലംഘനമായിരുന്നുവെന്ന് അലഹബാദ് ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ഇന്ത്യയിൽ ഏറെ കോളിളക്കം സൃഷ്ടിച്ച കേസായിരുന്നു അത്. മനുഷ്യമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നവിധം ഇപ്പോൾ അതിലെ മൂന്ന് പ്രതികളായ രവി, ലവകുശ്, രാമു എന്നിവരെ വെറുതെ വിട്ടുകൊണ്ടുള്ള വിധി വന്നിരിക്കുകയാണ്. മുഖ്യപ്രതിയായ സന്ദീപ് ഠാക്കൂറാണ് ശിക്ഷിക്കപ്പെട്ടിരിക്കുന്നത്. അതു തന്നെ നിസ്സാര കുറ്റം ചുമത്തിയാണ് എന്നതാണ് വിവരം.

സത്യത്തെ തമസ്കരിച്ചുകൊണ്ട് ഇരുട്ടിന്റ ശക്തികൾ സ്വൈര്യ വിഹാരം നടത്തുന്നുവെന്നതാണ് ഈ കാലം നമ്മോട് പറഞ്ഞുതരുന്നത്. സത്യവും നീതിയും അവകാശങ്ങളും ഇവിടെ തിരസ്കരിക്കപ്പെടുകയാണ്. സ്ഥാപിത അധികാരി വർഗത്തിനെതിരെയുള്ള പൊതുജന രാഷ്ട്രീയ സമീപനമായ പോപുലറിസവും സത്യാനന്തര കാലത്തെ മറ്റൊരു ദുരന്തമാണ്. അത് ജനാധിപത്യത്തിൽ നിന്ന് വ്യത്യസ്തമാകുന്നത് ആരാണ് ജനങ്ങൾ എന്ന് നിർവചിച്ചുകൊണ്ടാണ്. ഭൂരിപക്ഷമാണ് രാജ്യത്തെ യഥാർഥ ജനങ്ങളെന്നും മറ്റുള്ളവരെല്ലാം ജനങ്ങൾ എന്ന സംജ്ഞക്ക് പുറത്താണ് എന്നുമാണ് പോപ്പുലറിസം മുന്നോട്ടുവയ്ക്കുന്ന ആശയം. ന്യൂനപക്ഷങ്ങളെ പൗരത്വം നിഷേധിച്ചുകൊണ്ടും മറ്റു ഉൻമൂലന സിദ്ധാന്തങ്ങളിലൂടെയും തുടച്ചു നീക്കുകയാണ് അതിന്റ ലക്ഷ്യം. സത്യാന്തരകാല രാഷ്ട്രീയത്തിന്റ പ്രത്യേകതയാണിതെല്ലാം. ജനങ്ങളുടെ പിന്തുണയോടെയുള്ള കലാപങ്ങളും ആക്രമണങ്ങളുമാണിതിന്റ ശൈലി. ആദ്യം ആൾക്കൂട്ടം തല്ലുകയും കൊല്ലുകയും കലാപമുണ്ടാക്കുകയും ചെയ്തതിന് ശേഷം പതിയെ ഭരണകൂടം അതിൽ പങ്ക് കൊള്ളുകയാണ് ഇതിന്റ രീതി. അവശ്യസാധനങ്ങളുടെ വിലയേറിയിട്ടും ജനജീവിതം ദുഃസഹമായിട്ടും കോർപറേറ്റുകൾക്ക് രാജ്യത്തെ അടിയറവ് വയ്ക്കുന്നത് നേരിട്ടനുഭവപ്പെട്ടിട്ടും നോട്ട് നിരോധനത്തിലൂടെ ജനം വലഞ്ഞിട്ടും ആക്രമണങ്ങളിലൂടെ ഭീതി വിതറിയിട്ടും രാജ്യം



സാമ്പത്തിക തകർച്ചയിലെത്തിയെന്ന് ബോധ്യമായിട്ടും തെരഞ്ഞെടുപ്പുകളിൽ വീണ്ടും വീണ്ടും സംഘപരിവാര രാഷ്ട്രീയം വിജയിക്കുന്നത് ഈ ഒരു നയംകൊണ്ട് തന്നെയാണ്. സത്യാനന്തര കാലം രാഷ്ട്രിയത്തെയും ഭരണത്തെയും ബാധിച്ചിരിക്കുന്നുവെന്നതിന് തെളിവാണിത്.

**സത്യാനന്തരകാലത്തെ അതിജീവനം**

“അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിരാശപ്പെടുകയില്ല, തീർച്ച” (ഖുർആൻ 12:87) എന്ന വിശുദ്ധ ഖുർആനിന്റ അധ്യാപനം ഉൾകൊള്ളുന്ന വിശ്വാസിയെ സംബന്ധിച്ചിടത്തോളം നിരാശയുടെയോ ഭയത്തിന്റെയോ ഒരംശം പോലും ബാധിക്കേണ്ട കാര്യമില്ല. ഭരണകൂട ഭീകരതയെയും ആൾക്കൂട്ട കൊലപാതകങ്ങളെയും ഫാഷിസ്റ്റ് തേരോട്ടങ്ങളെയും വിശദീകരിച്ചുകൊണ്ട്, ജനങ്ങളെ ഭയപ്പെടുത്തുകയും നിരാശപ്പെടുത്തുകയും ചെയ്തുകൊണ്ട് സമൂഹത്തെ നിഷ്ക്രിയരോ, അക്രമാസക്തരോ ആക്കാൻ താളുകൾ ഉപയോഗിക്കുന്ന ഇസ്ലാമിസ്റ്റുകളുടെ സന്ധിസംഭാഷണങ്ങൾ സമൂഹത്തിലേറെ പരിഹസിക്കപ്പെടുകയുണ്ടായി. സത്യാനന്തരകാലത്തെ പെരുംനുണകളിൽ ഇസ്ലാമിസ്റ്റ് ബുദ്ധിജീവികൾ ആപതിച്ച് പോയിയെന്ന പരിഹാസം ഏറെ ചിന്തനീയമാണ്. വിചാരങ്ങൾക്ക് പകരം വികാരം കത്തിനിൽക്കുമ്പോഴാണ് ചില സംഘടനകൾക്ക് ജീവനുണ്ടാവുകയെന്ന അനുമാനത്തെ അന്വർഥമാക്കുംവിധം പ്രവർത്തിക്കുന്നവരുടെ മന:സ്താപം ഏറെ കൗതുകം ഉളവാക്കുന്നുണ്ട്. സൂക്ഷ്മദർശിനികളിലൂടെ ഇതര സംഘടനാവേദിയിലെ കാവികളസത്തെ കണ്ടെത്തി സമുദായ ഒറ്റു കാരെന്ന് ചാപ്പകുത്തി തൊണ്ടകീറിയവർ തന്നെ മുസ്‌ലിം സമൂഹത്തിന്റ കുത്തകയേറ്റെടുത്ത് കാവിരാഷ്ട്രീയത്തിന് അടിയറവ് പറയാൻ അവരുടെ തിണ്ണ കയറിയതിൽ കടിച്ചാൽ പൊട്ടാത്ത സാഹിത്യ വചനങ്ങൾ കൊണ്ട് നിറം പകരാൻ ശ്രമിക്കുന്നത് കാണുമ്പോൾ ഊറിച്ചിരിക്കാതെ വയ്യ.

എന്നാൽ സത്യാനന്തര കാലത്തെ അതിജീവനത്തിന് വേണ്ടിയുള്ള മാർഗങ്ങൾ കാലാന്തരങ്ങളായി സാമൂഹിക പരിഷ്കരണത്തിനായി പ്രവാചകൻമാരും സ്വഹാബികളും പൂർവസൂരികളും കാണിച്ചുതന്ന പാത പിന്തുടരുകയെന്നതാണ്. ആധുനിക സാമൂഹികശാസ്ത്രജ്ഞരുടെ നിർദേശങ്ങൾ പോലും ആ യാഥാർഥ്യങ്ങൾക്ക് അടിവരയിടുന്നതാണ്.

അമേരിക്കൻ ചരിത്രകാരിയായ സോഫിയ എ റോസൻ ഫെൽഡ് തന്റ ‘ഡെമോക്രസി ആൻറ് ട്രൂത്ത് എ ഷോർട്ട് ഹിസ്റ്ററി’ എന്ന പുസ്തകത്തിൽ സത്യാനന്തരകാലം കൈകാര്യം ചെയ്യുന്നതിന്റ രീതി ഇങ്ങനെയാണ് വിവരിക്കുന്നത്:

“പൊതു ജീവിതത്തിൽ ആളുകൾ സ്വയം പ്രതിബദ്ധത പുലർത്തേണ്ട ധാർമിക പ്രതിബദ്ധതകളായ സത്യം പറയലും വസ്തുതാപരിശോധനയും പ്രോൽസാഹിപ്പിക്കപ്പെടുക, ഊഹക്കച്ചവടത്തിന് പകരം പരിശോധിച്ചുറപ്പിച്ച സത്യമായ വിവരങ്ങൾ തിരയാനും പങ്കിടാനും സമൂഹം പത്രപ്രവർത്തകരോടും പൊതുപ്രവർത്തകരോടും ആവശ്യപ്പെടുക. എന്തും പറയാമെന്നതിന് കൂച്ചുവിലങ്ങിട്ട് തെറ്റായ നിഗമനങ്ങളും ഊഹങ്ങളും പ്രചരിപ്പിക്കുന്നതിൽനിന്ന് സമൂഹം പിൻമാറണം. രാഷ്ട്രീയ സ്ഥാപനങ്ങളുടെ സമഗ്രത സംരക്ഷിക്കലും തെരഞ്ഞെടുപ്പിന്റ സമഗ്രതയും സ്വതന്ത്ര ജുഡീഷ്യറികളും സത്യാനന്തര കാല രാഷ്ട്രീയ അപകടങ്ങളിൽനിന്ന് സമൂഹത്തെ രക്ഷിക്കും. കള്ളത്തിനും അഴിമതിക്കുമെതിരെ അഹിംസാത്മകമായ പ്രതിഷേധം പ്രോൽസാഹിപ്പിക്കുകയും സത്യം തുറന്നുപറയുന്നതിന് പിന്തുണ നൽകുകയും ചെയ്യുക്”

പരസ്പരം അറിയാനുള്ള അവസരങ്ങൾ ഉണ്ടാകുമ്പോഴാണ് സത്യത്തിന്റ പ്രചാരണം സാധ്യമാകുന്നത്. വിശ്വാസവും സ്വഭാവവും ജീവിത ശൈലികളും പരസ്പരം അറിയുന്നതിലൂടെ ഊഹങ്ങൾക്കും കള്ളവാദങ്ങൾക്കും തെറ്റിദ്ധരിപ്പിക്കലുകൾക്കും സ്ഥാനമില്ലാതെയാകും. ഇന്ത്യയിലെ ബഹുസ്വര സമൂഹത്തിൽ ഐക്യവും സ്നേഹവും ബഹുമാനവും ആദരവും അംഗീകാരവുമെല്ലാം ഉണ്ടായത് പരസ്പരം അറിയുന്നതുകൊണ്ടാണ്. കേരളത്തിന്റ ചരിത്രത്തിലും തുല്യതയില്ലാത്ത സാഹോദര്യം നിലനിറുത്താനായത് പരസ്പര വിശ്വാസവും അറിവും കൊണ്ട് തന്നെയാണ്.

അതുകൊണ്ടാണ് ഇസ്‌ലാം മാനവരാശിയോട് സത്യപ്രചാരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നത്.

വിശുദ്ധ ഖുർആൻ ഉത്തമ സമുദായത്തെ കുറിച്ച് പറയുന്നതിങ്ങനെയാണ്: “മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു” (ഖുർആൻ 3:110).

“യുക്തിദീക്ഷയോടു കൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ” (ഖുർആൻ 16:125). ■

# നീയെത്ര നിസ്സാരൻ!



നൂർജഹാൻ പൊക്കുന്ന്

അംബര ചുംബികളാം
സൗധങ്ങൾ പണിതവനും
സാങ്കേതികതയിൽ
മുൻപന്തിയിലേറിയവനും
കാലാനുസൃതമായി
ഗവേഷണം നടത്തുന്നവനും
പുരോഗതിയിൽനിന്നും
പുരോഗതിയിലേക്ക്
കുതിക്കുന്നവനുമാണ്
മനുഷ്യാ നീ!

ഇതെല്ലാം നിന്റെ
സ്രഷ്ടാവ് നൽകിയ
അൽപമാത്ര
അറിവാണെന്ന
തിരിച്ചറിവുണ്ടാകണം.
എല്ലാം തകർത്തുകളയുന്ന
ഭൂകമ്പങ്ങളും
ഉരുൾപൊട്ടലായ്
ആർത്തിരമ്പിവന്ന്
അടയാളംപോലും
ബാക്കിയാക്കാത്ത
ദുരന്തം സമ്മാനിക്കുന്ന
ഉരുൾപൊട്ടലുകളും
പ്രളയക്കെടുതികളും
തടുക്കാൻ നിനക്കാകുന്നില്ല!
വരണ്ടു വിണ്ടുകീറിയ
ഭൂമിയിലേക്കൊരിറ്റ്
മഴനീർ പെയ്യിക്കാൻ
കഴില്ലാത്തവനാണ് നീ.
കരുണാമയന്റെ
കാരുണ്യമില്ലെങ്കിൽ
ഒരു നിമിഷത്തെ
ജീവിതം പോലും
നിനക്കസാധ്യം,
ഓർക്കുക,
നീയെത്ര നിസ്സാരൻ!



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 7

# ആൾമാറാട്ട ശ്രമം

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

## പേറ്റുനോവ്

ഈസാനബി(അ) മരിച്ചുപോയെന്നും അന്ത്യകാലത്ത് അദ്ദേഹം ഇറങ്ങിവരുമെന്ന മുഹമ്മദ് നബി(സ്വ)യുടെ വചനങ്ങൾ പുലരാൻ വേണ്ടി തന്നെ പകരം നിയോഗിച്ചതാണെന്നും മിർസാ ഗുലാം അഹ്മദ് വാദിക്കുന്നു. അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളിൽ ഈസാ(അ)യുടെ മരണത്തെയും തന്റെ നിയോഗത്തെയും സംബന്ധിച്ച് എഴുതിയ നൂറുകണക്കിന് പേജുകൾ വായിക്കാനാവും. തദ്കിറയിലെ ഈസാ(അ)യെ സംബന്ധിച്ച വഹ്യുകളും സ്വപ്നദർശനങ്ങളുമാണ് നാം പരിശോധിക്കുന്നത്.

നൂറാം നമ്പറായി ചേർത്ത, 1882ൽ അവതരിച്ച 'വഹ്യ്' ഇങ്ങനെ: "അല്ലയോ ആദം, നീ ഇണയോടൊപ്പം സ്വർഗത്തിൽ പാർക്കുക. മറിയമേ, ഹേ അഹ്മദ്, നീയും ഇണയും സ്വർഗത്തിൽ താമസിക്കുക. ഞാൻ എന്നിൽനിന്നുള്ള സത്യത്തിന്റെ ആത്മാവ് നിന്നിലേക്ക് ഊതിയിരിക്കുന്നു" (പേജ്:55).

തുടർന്ന് അടുത്ത 'വഹ്യിൽ' പറഞ്ഞു: "പിന്നെ പേറ്റുനോവ് അവളെ ഒരു ഈന്തപ്പനയുടെ ചുവട്ടിൽ എത്തിച്ചു. അവൾ കേണുകൊണ്ടിരുന്നു: 'കഷ്ടം! ഇതിന് മുമ്പുതന്നെ ഞാൻ മരിക്കുകയും എന്റെ പേരും കുറിയും വിസ്മൃതമാവുകയും ചെയ്തിരുന്നെങ്കിൽ!" (പേജ്: 56).

## വിശുദ്ധ ഗർഭം!

ആദം, മറിയം, അഹ്മദ് എന്നീ സംബോധനകളൊക്കെയും

**ആളുകൾ അദ്ദേഹത്തെ പരിഹസിച്ചു: “മറിയമേ, നീ എന്താണീ ചെയ്തത്? ആരും വെറുക്കുന്ന, അറപ്പുളവാക്കുന്ന, സത്യത്തിന് നിരക്കാത്ത കാര്യമാണല്ലോ നീ ചെയ്തുകളഞ്ഞത്! നിന്റെ പിതാവോ മാതാവോ ഇത്തരക്കാരായിരുന്നില്ലല്ലോ!’’ (പേജ്:73,74). ജനങ്ങൾ ആക്ഷേപിച്ച കാര്യം, അല്ലാഹുവിന്റെ വഹ്‌യ് ആയാണ് ഇവിടെ ഉദ്ധരിച്ചത്. അതിന് മിർസാ ഖാദിയാനി ഉർദുവിൽ നൽകിയ തർജമയാണ് മുകളിൽ കൊടുത്തത്. കുറിക്കുകൊള്ളുന്ന യാഥാർഥ്യമാണ് ഈ ‘വഹ്‌യിലൂടെ’യുള്ള ചോദ്യം! അദ്ദേഹത്തിന്റെ മസീഹ് വാദവും തുടർന്നുള്ള പ്രവാചകത്വവാദവും മേൽപറഞ്ഞ എല്ലാ വിശേഷണങ്ങൾക്കും വളരെ യോജിച്ചതാണ് എന്ന് പറയാതെ വയ്യ.**

മിർസാ ഗുലാമിനെപ്പറ്റി തന്നെയാണത്രെ! ഈ ‘ത്രിയേകത്വ’ത്തിലേക്കാണ് ആത്മാവിനെ ഊതിയത്! അങ്ങനെയുണ്ടായ ഗർഭത്തിന്റെ ആലസ്യമാണ് ‘രണ്ടാമത്തെ വഹ്‌യിൽ’ നാം കാണുന്നത്. തുടർന്നുള്ള വിശദീകരണം വായിക്കുക:

“എന്റെ വാദങ്ങളിൽ ഏറെ പ്രയാസം സൃഷ്ടിച്ചത്, രിസാലത്തിന്റെയും ദൈവിക വഹ്‌യുകളുടെയും വാഗ്ദത്ത മസീഹിൻെറയും വാദങ്ങൾ ഉന്നയിച്ചപ്പോഴാണ്. അതോടൊപ്പമുണ്ടായ അസ്വസ്ഥതയും അങ്കലാപ്പുമാണ് ഈ വഹ്‌യിലൂടെ അല്ലാഹു അറിയിച്ചത്. ഈ വിവാദങ്ങളുടെ പരിണിതഫലം സമുദായം എന്റെ കൊടിയ ശത്രുക്കളാവുക എന്നതായിരുന്നു. ഉണങ്ങിയ ഈത്തപ്പനത്തണ്ടുപോലെ, അല്ലെങ്കിൽ അതിന്റെ വേരുപോലെ സമൂഹത്തിൽ ഈ നിയുക്തൻ വേപഥുകൊണ്ടു. ‘ഞാൻ മരിച്ചുപോവുകയും എന്റെ പേരും കുറിയും വിസ്മൃതമാവുകയും ചെയ്തിരുന്നെങ്കിൽ’ എന്ന് വിലപിക്കുകയും ചെയ്തുകൊണ്ടിരുന്നു’’ (പേജ്:57).

### വ്യാഖ്യാനം കാടുകയറുന്നു!

“ഈ ഇൽഹാം ഏതെങ്കിലും പത്രത്തിലോ പരസ്യത്തിലോ അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്നുവോ എന്നെനിക്ക് ഓർമയില്ല. എന്നാൽ നൂറുകണക്കിന് ആളുകളോട് ഞാൻ പറഞ്ഞിരുന്നു. ഇൽഹാം ഇപ്പോഴും ഓർമയിലുണ്ട്. ഇതിൽ മർയം എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ഈ വിനീതൻ തന്നെയാകുന്നു. പൊതുസമൂഹവും ബുദ്ധിശൂന്യരും വിവരദോഷികളുമായ ഉലമാക്കളുമാണ് ഈത്തപ്പനകൊണ്ട് ഉദ്ദേശ്യം. അതിന്മേൽ ഈമാനിന്റെ പഴങ്ങൾ ഉണ്ടാവുകയില്ല” (പേജ് 56, അടിക്കുറിപ്പ്).

ഇൽഹാമിൽ ‘ഓ, മറിയം’ എന്നു വിളിച്ചത് തന്നെയാണെന്നും ഈത്തപ്പനകൊണ്ട് ഉദ്ദേശിക്കുന്നത് മുസ്‌ലിം പണ്ഡിതന്മാരാണെന്നും മനസ്സിലായത് അദ്ദേഹത്തിന്റെ ‘അപാരമായ’ ബുദ്ധിമൂലം തന്നെ!

‘പ്രസവവേദന’യുമായി എന്തിനാണ് അയാൾ ബുദ്ധിശൂന്യരും വിവരദോഷികളുമായ മുസ്‌ലിം പണ്ഡിതന്മാർ എന്ന് വിവക്ഷിച്ച ഈത്തപ്പനയെ സമീപിച്ചത് എന്ന് മനസ്സിലാകുന്നില്ല. വിവേകശൂന്യമായ ഇത്തരം വ്യാഖ്യാനങ്ങൾ ഒഴിവാക്കിയാൽ വട്ടപ്പൂജ്യമാണ് ഖാദിയാനി മതം എന്ന് നാം തിരിച്ചറിയുന്നു.

മൂന്നാമത്തെ വഹ്‌യിൽ ‘പേറ്റുനോവ് അവനെ ഈത്തപ്പനച്ചുവട്ടിൽ എത്തിച്ചു. അവൻ കേണുകൊണ്ടിരുന്നു...’(പേജ്:57) എന്ന് പുല്ലിംഗത്തിൽ പറഞ്ഞുകൊണ്ട് പ്രസവവേദനയുടെ കാഠിന്യമറിഞ്ഞ ചരിത്രത്തിലെ ആദ്യത്തെ പുരുഷനായിരിക്കുന്നു മിർസാ ഗുലാം അഹ്മദ് ഖാദിയാനി!

‘എന്റെ വാദങ്ങളിൽ ഏറെ പ്രയാസം സൃഷ്ടിച്ചത് മസീഹ് വാദമായിരുന്നു’ എന്ന അദ്ദേഹത്തിന്റെ വാക്കുകൾ എത്ര സത്യമാണ് എന്ന് നോക്കുക. ലോകത്തിന് അറിയാവുന്നതുപോലെ രണ്ടായിരം വർഷങ്ങൾക്കു മുമ്പ് നസ്രേത്തിൽ കന്യകയായ മറിയത്തിന് പിറന്ന ഈസയാണ് താനെന്ന്, ഇന്ത്യയിലെ ഖാദിയാനിൽ ഗുലാം മുർതസ



**യഥാർഥ ഈസാനബി(അ) തന്നെ ലോകത്തേക്ക് ഇറങ്ങി വരും എന്ന് 'അല്ലാഹു മിർസക്ക് വഹ്‌യ് നൽകിയിരിക്കെ' തന്റെ ഉദരത്തിലെ ഉണ്ണിയേശുവിന്റെ കാര്യം പുറത്തു പറയാൻ പറ്റാത്ത സ്ഥിതിയായി! വഹ്‌യിലോ വ്യാഖ്യാനത്തിലോ വന്ന അബദ്ധത്തിന് വലിയ വില കൊടുക്കേണ്ടി വരികയും ചെയ്തു.**

യുടെയും ചിറാഗ് ബീവിയുടെയും മകനായി ജനിച്ച ഒരു സാധാരണ മനുഷ്യന് സമർഥിക്കേണ്ടി വരിക, അത് വിശ്വസിച്ചെങ്കിലേ ഭൂമുഖത്തുള്ള മനുഷ്യർക്ക് പരലോകത്തെ ശാശ്വത ജീവിതത്തിൽ സ്വർഗം ലഭിക്കുകയുള്ളൂ എന്ന് ബോധ്യപ്പെടുത്തേണ്ടി വരിക! വല്ലാത്ത കുരിശു തന്നെയാണ് ഈ 'രണ്ടാം യേശു'വിനും വിധിക്കപ്പെട്ടത്!

ആളുകൾ അദ്ദേഹത്തെ പരിഹസിച്ചു: "മറിയമേ, നീ എന്താണീ ചെയ്തത്? ആരും വെറുക്കുന്ന, അറപ്പുളവാക്കുന്ന, സത്യത്തിന് നിരക്കാത്ത കാര്യമാണല്ലോ നീ ചെയ്തുകളഞ്ഞത്! നിന്റെ പിതാവോ മാതാവോ ഇത്തരക്കാരായിരുന്നില്ലല്ലോ!" (പേജ്:57).

ജനങ്ങൾ ആക്ഷേപിച്ച കാര്യം, അല്ലാഹുവിന്റെ വഹ്‌യ് ആയാണ് ഇവിടെ ഉദ്ധരിച്ചത്. അതിന് മിർസാ ഖാദിയാനി ഉർദുവിൽ നൽകിയ തർജമയാണ് മുകളിൽ കൊടുത്തത്. കുറിക്കുകൊള്ളുന്ന യാഥാർഥ്യമാണ് ഈ 'വഹ്‌യിലൂടെ'യുള്ള ചോദ്യം! അദ്ദേഹത്തിന്റെ മസീഹ് വാദവും തുടർന്നുള്ള പ്രവാചകത്വ വാദവും മേൽപറഞ്ഞ എല്ലാ വിശേഷണങ്ങൾക്കും വളരെ യോജിച്ചതാണ് എന്ന് പറയാതെ വയ്യ.

അടിക്കുറിപ്പിൽ വിശദീകരിക്കുന്നു: "ബട്ടാലയിൽ ഫസൽ ഷാ എന്നോ മെഹർഷാ എന്നോ പേരുള്ള ഒരു സയ്യിദ് ഉണ്ടായിരുന്നു. എന്റെ മസീഹ് വാദം അറിഞ്ഞപ്പോൾ അദ്ദേഹം ഏറെ നേരം കരഞ്ഞു. പിന്നെ പറഞ്ഞു: 'അവന്റെ ബാപ്പ നല്ല മനുഷ്യനായിരുന്നു. അതായത് സൽസ്വഭാവിയും കറ്റുകെട്ടി പറയുന്ന സ്വഭാവമില്ലാത്ത സത്യസന്ധനുമായ മുസ്‌ലിമായിരുന്നു.' പലരും അതേപോലെ പറഞ്ഞിരുന്നു. 'നീ നിന്റെ കുടുംബത്തിന്റെ സൽപ്പേര് കളങ്കപ്പെടുത്തിയല്ലോ എന്ന്" (പേജ്: 57).

ശരിയാണ്, കുടുംബക്കാർക്ക് മാത്രമല്ല ആ നാട്ടുകാർക്ക് പോലും വല്ലാത്ത ദുഷ്പേരാണ് അയാൾ വരുത്തിവെച്ചത്!

**ഗർഭകാലം, ഒമ്പത് വർഷം!**

1882ലാണ് ഈ 'വഹ്‌യുകൾ' അവതരിച്ചത്. 'മിർസാ ഗുലാം മർയമി'ലേക്ക് അല്ലാഹു ആത്മാവ് ഊതിയെങ്കിലും അവന്(ൾക്ക്) പേറ്റുനോവ് ഉണ്ടാവുകയോ ഈത്തപ്പനയുടെ അടുത്തേക്ക് പോവുകയോ ചെയ്തില്ല. ഒമ്പത് വർഷങ്ങൾക്ക് ശേഷം, 1891ലാണ് താൻ ഈസയാണെന്നു മിർസാ ഖാദിയാനി വാദമുന്നയിച്ചത്. അഥവാ മിർസാ മർയമിൽ




ബറാഹീനെ അഹ്‌മദിയ്യ നാലാം വാല്യം, 1884ലെ ആദ്യപതിപ്പിന്റെ പുറംചട്ട

ഊതപ്പെട്ട ആത്മാവ്, മിർസാ മസീഹാകാൻ ഒമ്പത് വർഷത്തെ ഗർഭകാലം പിന്നിടേണ്ടി വന്നു എന്ന് സാരം. ഈ കാലതാമസത്തിന് പല കാരണങ്ങളുമുണ്ടത്രെ!

**ഈസാ(അ) ഇറങ്ങും**

1883ൽ മിർസയോട് അല്ലാഹു പറഞ്ഞുവത്രെ: "നിങ്ങളുടെ രക്ഷിതാവ് ഇനിയും നിങ്ങളുടെ മേൽ കരുണ കാണിച്ചേക്കാം. എന്നാൽ നിങ്ങൾ പഴയ നിലപാട് ആവർത്തിച്ചാൽ നാം ശിക്ഷയും ആവർത്തിക്കും. നിഷേധികൾക്ക് നാം നരകം തടവറയാക്കി വച്ചിട്ടുണ്ട്" (പേജ്:63).

'ബറാഹീനെ അഹ്‌മദിയ്യ'യിൽ നിന്നാണ് ഈ 'വഹ്‌യ്' എടുത്തെഴുതിയത്. അതിന്ന് അവിടെ എഴുതിയ വ്യാഖ്യാനം ഇങ്ങനെയാണ്:

"ഈ ആയത്ത് ഹസ്രത്ത് മസീഹിന്റെ പ്രതാപത്തോടെയുള്ള വരവാണ് സൂചിപ്പിക്കുന്നത്. ദയയും മൃദുലതയും ഗുണകാംക്ഷയും ഇല്ലാതെ, വ്യക്തമായ ദൃഷ്ടാന്തങ്ങളെയും തെളിവുകളെയും നിരാകരിക്കുന്ന കുറ്റവാളികളോട് അല്ലാഹു ക്രോധവും കാഠിന്യവും പ്രയോഗിക്കുന്ന ഒരു കാലം വരും. അന്ന് ഉഗ്രപ്രതാപത്തോടു കൂടി ഈസാനബി(അ) ലോകത്തേക്ക് ഇറങ്ങിവരും" (പേജ് 505, അടിക്കുറിപ്പ്).

എന്നുവച്ചാൽ യഥാർഥ ഈസാനബി(അ) തന്നെ ലോകത്തേക്ക് ഇറങ്ങി വരും എന്ന് 'അല്ലാഹു മിർസക്ക് വഹ്‌യ് നൽകിയിരിക്കെ' തന്റെ ഉദരത്തിലെ ഉണ്ണിയേശുവിന്റെ കാര്യം പുറത്തു പറയാൻ പറ്റാത്ത സ്ഥിതിയായി! വഹ്‌യിലോ വ്യാഖ്യാനത്തിലോ വന്ന അബദ്ധത്തിന് വലിയ വില കൊടുക്കേണ്ടി വരികയും ചെയ്തു.


1883ൽ 103 സൂക്തങ്ങളുള്ള ദീർഘമായ ഒരു അധ്യായം അവതരിച്ചുവത്രെ. 'നിശ്ചയമായും നീ നേരായ മാർഗത്തിലാകുന്നു' എന്ന് തുടങ്ങുന്ന അധ്യായത്തിൽ 31ാം സൂക്തമാണ് നേരത്തെ വിവരിച്ചത്.

## ‘തവഫ്ഫ’യുടെ അർഥം

തുടർന്ന് 84ാം സൂക്തത്തിൽ അല്ലാഹു പറഞ്ഞു: “ഞാൻ നിനക്ക് പൂർണമായ അനുഗ്രഹങ്ങൾ നൽകുകയും എന്നിലേക്ക് ഉയർത്തുകയും ചെയ്യും. നിന്നെ പിന്തുടരുന്നവരെ അന്ത്യനാൾവരെയും നിന്നെ നിഷേധിച്ചവരെക്കാൾ ഉയർത്തി വെക്കുന്നതുമാകുന്നു. നീ ദുഃഖിക്കരുത്, ദുർബലനാകരുത്. അല്ലാഹു നിന്നോട് ഏറെ കരുണയുള്ളവനും അളവറ്റ ദയാപരനുമാകുന്നു” (പേജ്:75).

പണ്ട് ഈസാ നബി(അ)യോട് പറഞ്ഞ അതേ വാക്കുകൾ തന്നെയാണ് ഇവിടെയും പറഞ്ഞത്. പിൽക്കാലത്ത് അർഥമാറ്റം വരുത്തി, ദുർവ്യാഖ്യാനിച്ച ‘മുതവഫ്ഫീക’, ‘റാഫിഉക’ എന്നീ പദങ്ങൾ ഇവിടെ അതേ അർഥത്തിൽ തന്നെ, സംശയത്തിന് ഇടമില്ലാത്ത വിധം ആവർത്തിച്ചിരിക്കുന്നു. അനുഗ്രഹങ്ങൾ പൂർത്തീകരിച്ച് തന്നിലേക്ക് ഉയർത്തുമെന്നാണ് വാഗ്ദാനം. തീർന്നില്ല, അതേ വർഷത്തിൽ അല്ലാഹു മിർസയെ വീണ്ടും വിളിച്ചു: ‘അല്ലയോ ഈസാ, ഞാൻ നിനക്ക് പൂർണമായ പ്രതിഫലം നൽകും, അല്ലെങ്കിൽ മരിപ്പിക്കും. എന്നിലേക്ക് ഉയർത്തുകയും ചെയ്യും. നിഷേധികളുടെ എല്ലാ ആരോപണങ്ങളിലും ആക്ഷേപങ്ങളിലും നിന്ന് നിന്റെ വസ്ത്രാഞ്ചലം പരിശുദ്ധമാക്കും. നിന്നെ പിൻപറ്റുന്നവർക്ക് നിഷേധികളെക്കാൾ ഉയർന്ന പദവി നൽകും, ലോകാവസാനം വരെ. മുൻഗാമികളിൽനിന്ന് ഒരു വിഭാഗം, പിൻഗാമികളിൽനിന്ന് ഒരു വിഭാഗവും” (പേജ്:80,81).

‘തവഫ്ഫ’ എന്ന പദത്തിന് മരിപ്പിക്കുക എന്നല്ലാതെ മറ്റൊരു അർഥവും ലഭിക്കുകയില്ല എന്ന് വാദിക്കുന്ന ഖാദിയാനികൾക്ക് ശക്തമായ മറുപടിയായി ഇവിടെ ‘അനുഗ്രഹങ്ങൾ പൂർത്തീകരിക്കുക,’ ‘പൂർണമായ പ്രതിഫലം നൽകുക,’ ‘മരിപ്പിക്കുക’ എന്നിങ്ങനെ മൂന്ന് അർഥങ്ങൾ നൽകിയിരിക്കുന്നു സാക്ഷാൽ മിർസാ



ബറാഹീനെ അഹ്മദിയ്യ നാലാം വാല്യം, പേജ് *505*

ഖാദിയാനി. പ്രവാചകത്വം വാദിച്ചിട്ടുണ്ടെങ്കിലും ചിലപ്പോഴെങ്കിലും മുസ്‌ലിം പക്ഷത്താണ് അദ്ദേഹത്തെ കാണാനാവുക!

**നിയോഗം തിരസ്കരിക്കുന്നു!**

ഈസാ എന്ന് വിളിച്ച് വഹ്‌യ് നൽകിയിട്ടും മിർസക്ക് ഭാവഭേദമുണ്ടായില്ല. അദ്ദേഹം നിസ്സംഗത പാലിച്ചു, മിണ്ടാതിരുന്നു. അതിനിടെ ഉർദുവിൽ ‘മറ്റൊരു വഹ്‌യ്’ വന്നു: “ലോകത്ത് ഒരു മുന്നറിയിപ്പുകാരൻ(നദീർ) വന്നു. പക്ഷേ, ലോകം അവനെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അവനെ സ്വീകരിക്കും. അതിശക്തമായ ആക്രമണങ്ങളിലൂടെ അവന്റെ സത്യം വെളിപ്പെടുത്തും” (പേജ്:81).

**‘തവഫ്ഫ’ എന്ന പദത്തിന് മരിപ്പിക്കുക എന്നല്ലാതെ മറ്റൊരു അർഥവും ലഭിക്കുകയില്ല എന്ന് വാദിക്കുന്ന ഖാദിയാനികൾക്ക് ശക്തമായ മറുപടിയായി ഇവിടെ ‘അനുഗ്രഹങ്ങൾ പൂർത്തീകരിക്കുക,’ ‘പൂർണമായ പ്രതിഫലം നൽകുക,’ ‘മരിപ്പിക്കുക’ എന്നിങ്ങനെ മൂന്ന് അർഥങ്ങൾ നൽകിയിരിക്കുന്നു സാക്ഷാൽ മിർസാ ഖാദിയാനി. പ്രവാചകത്വം വാദിച്ചിട്ടുണ്ടെങ്കിലും ചിലപ്പോഴെങ്കിലും മുസ്‌ലിം പക്ഷത്താണ് അദ്ദേഹത്തെ കാണാനാവുക!**

“ഇതിന് മറ്റൊരു വായന(ഖിറാഅത്ത്) കൂടിയുണ്ട്. ലോകത്ത് ഒരു പ്രവാചകൻ(നബി) വന്നു എന്ന്. കലാപത്തിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി ഈ രണ്ടാം വായന വേണ്ടെന്നു വയ്ക്കുകയായിരുന്നു. ഇതാണ് ‘ഏക് ഗലതി കാ ഇസാല’യുടെ പരസ്യത്തിൽ കൊടുത്തിരുന്നത്” (പേജ്:81).

തന്നെ നബിയായി നിശ്ചയിച്ചിട്ടും ജനങ്ങൾ കലാപം ഉണ്ടാക്കുമെന്ന് ഭയന്ന് അത് പ്രഖ്യാപിക്കാൻ തയ്യാറാകാത്ത, പ്രവാചക ചരിത്രത്തിൽ എങ്ങും ഉദാഹരണമില്ലാത്ത കാര്യം മിർസ ചെയ്തിരിക്കുന്നു! തെല്ലും ആത്മവിശ്വാസമില്ലാത്ത ഒരു ഭീരുവിനെയാണോ ആധുനികകാലത്ത് പ്രവാചകനായി നിയമിച്ചത്?

ഇതിനുള്ള ന്യായമെന്നോണം അടുത്ത ‘വഹ്‌യ്’ സമർപ്പിക്കുന്നത് കാണുക. 23 സൂക്തങ്ങളുള്ള അധ്യായത്തിന്റെ ആദ്യ സൂക്തമായാണിത് അവതരിച്ചത്: “പരീക്ഷണമിതാ തൊട്ടുമുന്നിൽ. ക്ഷമിക്കുക, ഉലുൽഅസ്മുകളായ പ്രവാചകന്മാരെപ്പോലെ” (പേജ്:82).

ജനങ്ങളുടെ കലാപങ്ങളെ ദൃഢചിത്തരായ പ്രവാചകന്മാരെപ്പോലെ ക്ഷമിക്കാൻ പറഞ്ഞിട്ടും തന്റെ ദൗത്യം മറച്ചുവയ്ക്കുന്നത് ശരിയാണോ? പിന്നെ കുറെ വഹ്‌യ് കിട്ടിയതുകൊണ്ട് ആർക്ക് എന്തു കാര്യം? പ്രവാചകനല്ലാത്ത ഒരാളുടെ ‘ദൈവിക സന്ദേശങ്ങൾ’ ആരെങ്കിലും സ്വീകരിക്കുമോ? ഒമ്പത് വർഷങ്ങൾ കഴിഞ്ഞ് ഈസയാണെന്ന് പ്രഖ്യാപിച്ചു, പിന്നെയും കുറേക്കാലം കഴിഞ്ഞാണ് നുബുവ്വത്ത് വാദമുന്നയിക്കുന്നത്!

**(തുടരും)**



# ജീവകങ്ങൾ കുറയുമ്പോൾ

ഡോ. അർഷദ് മുനവ്വർ

വൈറ്റമിൻ ബി: ഇത് വെള്ളത്തിൽ ലയിക്കുന്നതാണ്. അതുകൊണ്ട് ഇത് ശരീരത്തിൽ അമിതമായി സ്റ്റോക്ക് ചെയ്യപ്പെടുകയില്ല. ഗുളിക, ടോണിക്ക് രൂപത്തിൽ ഇത് കൂടുതൽ കഴിച്ചാൽ രക്തത്തിൽ ലയിച്ച് മൂത്രത്തിലൂടെ പുറത്തുപോകും.

Vitamin B Complex എന്ന ജീവകത്തിൽ B1, B2, B4, B6, B11, B12 എന്നിങ്ങനെ പല ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. B1 എന്ന ഘടകത്തെ Thiamine എന്ന് വിളിക്കുന്നു. B1ന്റെ കുറവുകൊണ്ട് ഞരമ്പിനും ഹൃദയത്തിനും ശക്തിക്കുറവു വരാം. ധാന്യങ്ങളുടെ തവിട്, പയറുവർഗങ്ങളുടെയും അണ്ടിപ്പരിപ്പുകളുടെ യും പുറന്തോട് എന്നിവയിലും ഇത് അടങ്ങിയിരിക്കുന്നു. തവിടുകളഞ്ഞ അരി ഉപയോഗിക്കുന്നവർക്ക് ഈ കുറവു വരാം. B2 എന്ന ജീവകത്തെ Ribo Flavin എന്നു പറയുന്നു. പാൽ, പാൽ ഉൽപന്നങ്ങൾ, മുട്ട, കരൾ, പച്ചിലക്കറികൾ, ഗോതമ്പ് എന്നിവയിലാണ് ഇതുള്ളത്. Ribo Flavinന്റെ കുറവുകൊണ്ട് വായ്പ്പുണ്ണ്, ചിരിയുടെ കോണുകളിലും നാക്കിലും പൊട്ടൽ എന്നിവ ഉണ്ടാകാം. അരിയാഹാരം മാത്രം കഴിക്കുന്ന ദക്ഷിണേന്ത്യക്കാരിലാണ് ഇത് കൂടുതലായി കണ്ടുവരുന്നത്. എന്നാൽ ഗോതമ്പും പാലും കൂടുതലായി കഴിക്കുന്ന ഉത്തരേന്ത്യക്കാരിൽ ഇതിന്റെ കുറവ് അധികമായില്ല.

B11 എന്ന Folic Acid ഇലക്കറികൾ, പയറുവർഗങ്ങൾ, കരൾ എന്നിവയിൽ അടങ്ങിയിരിക്കുന്നു. കുട്ടികളിലും ഗർഭിണികളിലും കാണുന്ന വിളർച്ചരോഗത്തിന്റെ പ്രധാന കാരണം ഇതിന്റെ കുറവാണ്. ഇരുമ്പിന്റെ കുറവുകൊണ്ടും വിളർച്ച വരും. ഗർഭാവസ്ഥയിൽ തലച്ചോറ്, സ്പൈനൽ കോഡ് എന്നിവയുടെ രൂപാന്തരത്തിൽ ഫോളിക് ആസിഡിന്റെ പങ്ക് പ്രധാനമാണ്. തലച്ചോറിന്റെയും പൈനൽ കോഡിന്റെയും അസുഖമുള്ള ഒരു കുഞ്ഞ് ജനിച്ച അമ്മമാർ അടുത്ത ഗർഭത്തിന് മുമ്പ് ഫോളിക് ആസിഡ് ഗുളിക കഴിക്കുന്നത് അടുത്ത കുഞ്ഞിന് ഈ സ്ഥിതി വരാതെ സൂക്ഷിക്കാൻ സഹായിക്കും. ഗർഭിണികൾക്കും കുട്ടികൾക്കും സർക്കാർ ആശുപത്രികളിൽനിന്ന് നൽകുന്ന ഗുളികയിൽ ഇരുമ്പും ഫോളിക് ആസിഡുകളും അടങ്ങിയിരിക്കുന്നു.

വൈറ്റമിൻ സി: ഇത് വെള്ളത്തിൽ ലയിക്കുന്ന ജീവകമാണ്. എല്ലിന്റെ വളർച്ച, മുറിവുകൾ ഉണക്കുന്നതിനുള്ള കഴിവ്, പ്രതിരോധശക്തി എന്നിവയിൽ ഇത് പ്രധാന പങ്കുവഹിക്കുന്നു. എല്ലിന് വൈകല്യം, മോണയിൽനിന്ന് രക്തസ്രാവം എന്നിവ ഉൾപ്പെടുന്ന Scurvy രോഗം വൈറ്റമിൻ സിയുടെ അഭാവത്തിൽ ഉണ്ടാകുന്നു. പുളിയുള്ള പഴങ്ങൾ, പയറുവർഗങ്ങൾ എന്നിവയിൽ ഇത് ധാരാളമായുണ്ട്. വൈറ്റമിൻ സി പ്രതിരോധശക്തി കൂട്ടും എന്ന ധാരണയിൽ അമിതമായി കഴിച്ചാൽ മൂത്രത്തിൽ കല്ലുണ്ടാകാൻ സാധ്യതയുണ്ട്.

ജീവകങ്ങളുടെ കുറവു നികത്താൻ ഗുളികകളെയും ടോണിക്കുകളെയും ആശ്രയിക്കുന്നത് ചിലപ്പോൾ വിപരീതഫലം ചെയ്യും. കൊഴുപ്പിൽ ലയിക്കുന്ന ജീവവകങ്ങളുടെ അമിത സ്റ്റോക്ക് മൂലം Hyper Vitaminosis എന്ന രോഗാവസ്ഥ വരാനും സാധ്യതയുണ്ട്. അതുകൊണ്ട് ജീവകങ്ങളുടെ ലഭ്യതക്കായി ആഹാരത്തിൽ പലതരം ഘടകങ്ങളും പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് നിറമുള്ള പച്ചക്കറികളും പഴവർഗങ്ങളും ഉൾപ്പെടുത്തുന്നതാണ് നല്ലത്.




# ഹുദൈഫതുബ്നുൽ യമാൻ(റ)

**അജ്മൽ ഫൗസാൻ**
: 85928 89845

എങ്ങും മണൽക്കുന്നുകൾ അതിരിട്ട് നിൽക്കുന്ന മരുഭൂമിയിലൂടെ അബ്സ് ഗോത്രക്കാരനായ ഹുസൈലു ബ്നു ജാബിർ യാത്ര തുടരുകയാണ്. തന്റെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുകയായിരുന്നു അയാൾ. സ്വന്തം ഗോത്രത്തിലെതന്നെ ഒരാളെ കൊന്നുപോയതിന്റെ പേരിലാണ് തനിക്കിപ്പോൾ നാടുവിടേണ്ടി വന്നിട്ടുള്ളത്. ഇനി യസ്രിബിൽ ചെന്ന് പുതിയൊരു ജീവിതം കെട്ടിപ്പടുക്കണം.

യസ്രിബിലെത്തിയ ഹുസൈൽ ബനൂ അബ്ദിൽ അശ്ഹൽ ഗോത്രത്തിന് സമീപം താമസമാക്കി. അവരുമായി സഖ്യത്തിലേർപ്പെട്ടു. ഒരു അശ്ഹലി പെണ്ണിനെ വിവാഹം കഴിച്ചു.

പൂർവപിതാക്കന്മാരിലൊരാളുടെ പേര് യമാൻ എന്നായതിനാൽ യസ്രിബുകാർ അയാളെ യമാൻ എന്ന് വിളിച്ചു. പുതിയ പേരും ഭാര്യയും മക്കളുമടങ്ങുന്ന പുതിയ കുടുംബവുമൊത്ത് യമാൻ യസ്രിബിൽ ജീവിതം പടുത്തുയർത്തി.

കാലം കടന്നുപോയി. മക്കയിൽ നിന്ന് അന്ത്യപ്രവാചകത്വത്തിന്റെ പ്രകാശം ഒഴുകിപ്പരന്നു. യമാൻ മുസ്‌ലിമായി; കൂടെ കുടുംബവും. പിൽക്കാലത്ത് യമാന്റെ മകൻ ഹുദൈഫ പ്രവാചകന്റെ നിഴലായി മാറി.

അസാധാരണത്വം നിറഞ്ഞതാണ് ഹുദൈഫയുടെ ജീവിതം. ഇസ്‌ലാമിലെ അതിനിർണായകമായ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ ഹുദൈഫക്കും പിതാവിനും കഴിഞ്ഞില്ല. ഹുദൈഫയും പിതാവും മദീനയുടെ പുറത്തായിരുന്നു അന്ന്. വഴിക്കു വെച്ച് അവരെ ക്വുറൈശികൾ പിടികൂടി. 'ഞങ്ങൾക്കെതിരെ യുദ്ധം ചെയ്യാൻ മുഹമ്മദിനോടൊപ്പം ചേരാനാണല്ലേ പോകുന്നത്' എന്ന അവരുടെ ചോദ്യത്തിന് 'അല്ല, ഞങ്ങൾ മദീനയിലേക്കാണ് പോകുന്നത്' എന്ന് പിതാവും മകനും മറുപടി നൽകി.

'എന്നാൽ മദീനയിലേക്ക് പൊയ്ക്കോളൂ. മുഹമ്മദിനോടൊപ്പം ചേർന്ന് യുദ്ധം ചെയ്യരുത് എന്ന് അല്ലാഹുവിന്റെ പേരിൽ കരാർ ചെയ്യണം' ക്വുറൈശികൾ ആവശ്യപ്പെട്ടു. അങ്ങനെ കരാർ

ചെയ്ത് അവർ മദീനയിലെത്തി.

പ്രവാചകനോട് ഈ കരാറിനെ സംബന്ധിച്ച് സൂചിപ്പിച്ചു. ആ കരാർ ലംഘിക്കരുത് എന്നാണ് പ്രവാചകൻ(സ്വ) പറഞ്ഞത്. 'ഞങ്ങൾ അവരോടുള്ള കരാർ പാലിക്കുന്നു. അവർക്കെതിരെ അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുന്നു' എന്നായിരുന്നു പ്രവാചകന്റെ മറുപടി.

അങ്ങനെയാണ് ബദ്റിലെ സുവർണാവസരം ആ പിതാവിൽനിന്നും മകനിൽനിന്നും വഴിമാറിപ്പോകുന്നത്. ബദ്റിന്റെ സൗഭാഗ്യം തങ്ങളിൽനിന്ന് വഴുതിപ്പോയത് കണ്ട ഹുദൈഫയും പിതാവും ഉഹ്ദിന്റെ രണഭേരി മുഴങ്ങിയപ്പോൾ അമാന്തിച്ചു നിന്നില്ല. ഉഹ്ദിലാണ് യമാനി(റ)ന്റെ പ്രാണത്യാഗമുണ്ടായത്. ആളറിയാതെ മുസ്‌ലിംകൾ തന്നെയാണ് അദ്ദേഹത്തെ വധിച്ചത്. ശത്രുവാണെന്ന് തെറ്റിദ്ധരിച്ച് മുസ്‌ലിംകൾ അദ്ദേഹത്തെ വധിക്കാനൊരുങ്ങുമ്പോൾ മകൻ ഹുദൈഫ ഉച്ചത്തിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു, എന്റെ ഉപ്പ...എന്റെ ഉപ്പ എന്ന്.

രണഭൂമിയിലെ പോർവിളികൾക്കും വാൾത്തലപ്പുകളുടെ ഭീകരാലിംഗനങ്ങൾക്കുമിടയിൽ പക്ഷേ ആ ശബ്ദം വളരെ നേർത്തുപോയി. അല്ലാഹുവിന്റെ അലംഘനീയമായ വിധിയെ തടുക്കാൻ ആർക്ക് കഴിയും? യമാൻ(റ) ശഹാദത്ത് പുൽകി .

യുദ്ധാനന്തരം പ്രവാചകൻ (സ്വ) ഉപ്പയുടെ മരണത്തിനു പകരമായി ഹുദൈഫക്ക് ദിയത്ത് (നഷ്ടപരിഹാര ധനം) നൽകുകയുണ്ടായി. ആ ധനം മുഴുവൻ അദ്ദേഹം മുസ്‌ലിംകൾക്കായി ദാനം ചെയ്തു.

ഹിജ്റ അഞ്ചാം വർഷം ഖൻദഖ് യുദ്ധം നടന്നു. ഖുറൈശികളും ഗത്ഫാനികളും അവരുടെ സഖ്യകക്ഷികളും ബനൂ ഖുറൈദയിലെ ജൂതന്മാരുമെല്ലാം ഒന്നുചേർന്ന് മദീനയെ തകർക്കാൻ ഒരുമ്പെട്ട യുദ്ധം. തങ്ങൾക്കും ശത്രുക്കൾക്കുമിടയിൽ കിടങ്ങ് കുഴിച്ച് മുസ്‌ലിംകൾ ജാഗരൂകരായിരിക്കുന്ന ഒരു രാത്രി പ്രവാചകന്റെ ശബ്ദം സ്വഹാബികൾ കേട്ടു.



'ശത്രുപാളയത്തിൽ നുഴഞ്ഞു കയറി അവരുടെ കാര്യങ്ങളറിഞ്ഞ് നമുക്കെത്തിച്ചു തരാൻ ആരുണ്ട്? ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവന് എന്റെ സാമീപ്യം നൽകും.'

പുറത്ത് മരം കോച്ചുന്ന ശീതക്കാറ്റ് യാതൊരു ദാക്ഷിണ്യവുമില്ലാതെ വാശിയുണ്ടെന്ന പോലെ വീശി. പ്രവാചകൻ(സ്വ) ചോദ്യം മൂന്ന് പ്രാവശ്യം ആവർത്തിച്ചു. മറുപടിയില്ല! സ്വഹാബികൾക്കിടയിൽ നിശ്ശബ്ദത തളംകെട്ടിനിന്നു.

ഈ രാത്രിയിലെ ഏറ്റവും പ്രധാന ദൗത്യം ഏറ്റെടുക്കാനുള്ള ധീരൻ ആരാണ്. പ്രവാചകൻ (സ്വ) ഹുദൈഫ(റ)യെ നോക്കി. 'ഹുദൈഫാ! എഴുന്നേൽക്കൂ, പോയി ശത്രുവിന്റെ വിവരങ്ങളറിഞ്ഞു വരൂ.'

കണ്ടാൽ കടിച്ചുകീറാൻ തയ്യാറായി നിൽക്കുന്ന ശത്രുക്കളുടെ പാളയത്തിലേക്ക് ഒറ്റയ്ക്ക് ചെല്ലാൻ കരൾക്കരുത്തുള്ള വീരൻ; ഹുദൈഫതുബ്നുൽ യമാൻ! അസ്ഥികളിലേൽക്കുന്ന ഹിമപാതം വകവയ്ക്കാതെ ഹുദൈഫ നടന്നു; പ്രവാചക കൽപന ശിരസ്സാ വഹിക്കുന്ന ഒറ്റയാൾ പോരാളിയായി. പ്രവാചക കൽപന അനുസരിച്ച് ഇറങ്ങിത്തിരിച്ച അദ്ദേഹത്തിന് ഒട്ടും തണുപ്പ് ഏശിയില്ല എന്നതാണ് വാസ്തവം. അദ്ദേഹംതന്നെ അത് പറയുന്നുണ്ട്. പ്രവാചകൻ അദ്ദേഹത്തിന്റെ സംരക്ഷണത്തിനായി പ്രാർഥിക്കുകയുമുണ്ടായി.

ശത്രുപാളയത്തിൽ എത്തിയപ്പോൾ അതാ പ്രവാചകന്റെ ബദ്ധവൈരിയും സൈന്യാധിപതിയുമായ അബൂ സുഫ്‌യാൻ ഇരുന്ന് തീ കായുന്നു! ഹുദൈഫ എന്ന ധീരന് വേണമെങ്കിൽ തൽക്ഷണം അബൂ സുഫ്‌യാന്റെ നെഞ്ചിന് തുളയിടാമായിരുന്നു. മദീനക്കെതിരെ ആളെക്കൂട്ടിയിറങ്ങിയ ശത്രുനേതാവിനെ കൊല്ലാമായിരുന്നു. വില്ലു കുലച്ച് ഉന്നംവെച്ചതുമാണ്. അപ്പോഴാണ് പ്രവാചക നിർദേശം മനസ്സിൽ മുഴങ്ങിയത്. ആയുധം മാറ്റിവെച്ച് ഹുദൈഫ ശതുക്കൾ

> **അല്ലാഹുവിന്റെ റസൂലിന്റെ രഹസ്യ സൂക്ഷിപ്പുകാരൻ, ഹുദൈഫത്തുബ്നുൽ യമാൻ(റ)!' ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ രണ്ടാം ഖലീഫയായ ഉമറുബ്നുൽ ഖത്ത്വാബ്(റ) ഹുദൈഫയോട് ആ മുനാഫിഖുകളുടെ പട്ടികയിൽ തന്റെ പേരുണ്ടോ എന്ന് ചോദിച്ചിട്ടുണ്ട്! ആരെങ്കിലും മരണപ്പെട്ടാൽ ഉമർ(റ) നോക്കും; ഹുദൈഫ(റ) ജനാസ നമസ്കാരത്തിനെത്തിയിട്ടുണ്ടോ എന്ന്. ഹുദൈഫയില്ലെങ്കിൽ ഉമർ(റ) ആ ജനാസ നമസ്കാരത്തിൽ പങ്കെടുക്കില്ല!**

ക്കിടയിലേക്കിറങ്ങി. ശത്രുക്കൾ ഒരുമിച്ചുകൂടി. അബൂസുഫ്‌യാൻ എഴുന്നേറ്റ് സംസാരമാരംഭിച്ചു:

'നമ്മുടെ കൂട്ടത്തിലേക്ക് ആരെങ്കിലും നുഴഞ്ഞുകയറിയോ എന്ന് സംശയമുണ്ട്. ഓരോരുത്തരും അവരവരുടെ സമീപത്തുള്ളവരുടെ പേരുകൾ ചോദിച്ചറിയൂ.' അബൂസുഫ്‌യാന്റെ നിർദേശം കേട്ട ഹുദൈഫ (റ)യിലെ ബുദ്ധിയും കൗശലവും ഉണർന്നു പ്രവർത്തിച്ചു. തന്റെ അടുത്തുള്ള ശത്രു തന്നോട് ചോദിക്കുന്നതിന് മുൻപേ ക്ഷണനേരം കൊണ്ട് അയാളുടെ കൈപിടിച്ച് ആരാണ് താങ്കൾ എന്ന് ഹുദൈഫ (റ) ചോദിച്ചു. ഇന്നയാളെന്ന് മറുപടി. അബൂസുഫ്‌യാൻ സംസാരം തുടർന്നു. ശക്തമായ കാറ്റിൽ തങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ കാരണം എല്ലാം നിർത്തി തിരിച്ചു പോകാനായിരുന്നു ആ നിസ്സഹായനായ സേനാനായകൻ പറഞ്ഞത്. കാര്യങ്ങളെല്ലാം വേണ്ടവിധം അറിഞ്ഞ് ഹുദൈഫ തിരിച്ചു നടന്നു; പ്രവാചക സവിധത്തിലേക്ക്. താൻ നമസ്കരിക്കുന്ന പുതപ്പിന്റെ അറ്റം ഹുദൈഫക്ക് പുതക്കാൻ കൊടുത്തു അല്ലാഹുവിന്റെ റസൂൽ(സ്വ). ഹുദൈഫ(റ) കാര്യങ്ങളെല്ലാം വള്ളിപുള്ളി വിടാതെ റസൂലിനോട് പറഞ്ഞു. ഉദ്വേഗജനകമായ ആ സാഹസികരാത്രിയിൽ ഹുദൈഫ(റ) അവിടെത്തന്നെ കിടന്ന് ഉറങ്ങിപ്പോയി.

'ഏയ് ഉറക്കക്കാരാ, എഴുന്നേല്ക്കൂ' എന്ന തിരുദൂതരുടെ വിളിയാണ് പുലർച്ചെ ഹുദൈഫയെ ഉറക്കത്തിൽനിന്ന് എഴുന്നേൽപിച്ചത്.

വർഷങ്ങൾ കടന്നുപോയി. ഹുദൈഫയുടെ ജീവിതത്തിലെ അസാധാരണത്വങ്ങൾ പക്ഷേ നിലച്ചില്ല. ഹിജ്റ 9ൽ തബൂക്ക് യുദ്ധം കഴിഞ്ഞ് മടങ്ങിവരികയായിരുന്ന റസൂലിനെ കൊല്ലാൻ മുഖം മറച്ച് വന്ന ചില കപടവിശ്വാസികൾ ശ്രമിച്ചു. റസൂലിന്റെ കൂടെ രണ്ടു പേർ മാത്രം. മുന്നിൽ കടിഞ്ഞാണുമേന്തി ഹുദൈഫ. പിന്നിൽ ഒട്ടകത്തെ തെളിച്ച് അമ്മാർ(റ). കപടന്മാരുടെ കുടിലചിന്ത വിജയിച്ചില്ല. അവസാനം ഇളിഭ്യരായ അവർ സ്ഥലം വിട്ടു. പക്ഷേ, ആ മുനാഫിഖുകൾ ആരാണെന്ന് വ്യക്തമായി നബി(സ്വ) ഹുദൈഫ(റ)ക്ക് പറഞ്ഞുകൊടുത്തു. അല്ലാഹുവിന്റെ റസൂൽ(സ്വ) ഹുദൈഫയുടെ ചെവിയിൽ മാത്രം മന്ത്രിച്ച രഹസ്യം. മരണംവരെ ഹുദൈഫ(റ) തന്റെയുള്ളിൽ കാത്തുസൂക്ഷിച്ച രഹസ്യം. ഹുദൈഫ ചരിത്രത്തിൽ അറിയപ്പെട്ടത് ഈ രഹസ്യത്തിന്റെ പേരിലാണ്. 'പ്രവാചകന്റെ രഹസ്യ സൂക്ഷിപ്പുകാരൻ!'

ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ രണ്ടാം ഖലീഫയായ ഉമറുബ്നുൽ ഖത്ത്വാബ്(റ) ഹുദൈഫയോട് ആ മുനാഫിഖുകളുടെ പട്ടികയിൽ തന്റെ പേരുണ്ടോ എന്ന് ചോദിച്ചിട്ടുണ്ട്! ആരെങ്കിലും മരണപ്പെട്ടാൽ ഉമർ(റ) നോക്കും; ഹുദൈഫ(റ) ജനാസ നമസ്കാരത്തിനെത്തിയിട്ടുണ്ടോ എന്ന്. ഹുദൈഫയില്ലെങ്കിൽ ഉമർ(റ) ആ ജനാസ നമസ്കാരത്തിൽ പങ്കെടുക്കില്ല!

എല്ലാവരും പ്രവാചകനിൽനിന്ന് നന്മകളെക്കുറിച്ച് ചോദിച്ചു പഠിച്ചപ്പോൾ ഹുദൈഫയുടെ താൽപര്യം തിന്മകളെക്കുറിച്ച് ചോദിക്കുന്നതിലായിരുന്നു. അതിനാൽതന്നെ അന്ത്യനാളിന് മുൻപുണ്ടാകുന്ന ഫിത്നകളെക്കുറിച്ചും അടയാളങ്ങളെക്കുറിച്ചും അദ്ദേഹത്തിന് നല്ല അറിവുണ്ടായിരുന്നു.

പ്രവാചകന്റെ വഫാത്തിന് ശേഷം ഖുലഫാഉർറാശിദുകളുടെ കാലത്ത് ഹുദൈഫ(റ) അവരുടെ ഉപദേശകനായി വർത്തിച്ചു. ഉമർ(റ) അദ്ദേഹത്തെ പല സുപ്രധാന ചുമതലകളിലും നിയോഗിച്ചു. കുറെക്കാലം ഉമറി(റ)ന്റെ മദാഇനിലെ ഗവർണറായിരുന്നു അദ്ദേഹം.

മൂന്നാം ഖലീഫ ഉസ്മാന്റെ (റ) ഭരണകാലം. ഒരു പോരാളി ഖലീഫയെ കാണാനെത്തി. വിവിധ നാടുകളിലേക്ക് ഇസ്‌ലാം പരന്നപ്പോൾ വിശുദ്ധ ഖുർആൻ പാരായണം ആളുകൾക്കിടയിൽ ഭിന്നരൂപത്തിലായതിന്റെ മനോവിഷമം ബോധിപ്പിക്കാനെത്തിയ താണയാൾ.

'അല്ലയോ അമീറുൽ മുഅ്മിനീൻ, യഹൂദന്മാരും നസ്വാറാക്കളും ഭിന്നിച്ചതുപോലെ ഈ സമുദായം ഖുർആനിന്റെ വിഷയത്തിൽ ഭിന്നിക്കുന്നതിന് മുമ്പ് താങ്കൾ അവരെ പിടിച്ചു നിർത്തുക.'

നിശ്ചയ ദാർഢ്യത്തോടെയും ദീർഘവീക്ഷണത്തോടെയുമുള്ള ആ വാക്കുകളുടെ പ്രതിഫലനമായിരുന്നു ഉസ്മാന്റെ(റ) കാലത്ത് നടന്ന മുസ്ഹഫ് ഏകീകരണം. പ്രവാചകപത്നി ഹഫ്സ്വ(റ)യുടെ കൈവശം സൂക്ഷിച്ചിരുന്ന, അബൂബക്ർ സ്വിദ്ദീഖി(റ)ന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട മുസ്ഹഫ്പ്രതി പ്രകാരം അന്ന് ഉസ്മാൻ(റ) ഖുർആൻ പകർത്തിയെഴുതിപ്പിച്ച് വിവിധ നാടുകളിലേക്ക് അയക്കുകയുണ്ടായി.

ആ പോരാളിയുടെ പേര് ചരിത്രം തങ്കലിപികളാൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'അല്ലാഹുവിന്റെ റസൂലിന്റെ രഹസ്യ സൂക്ഷിപ്പുകാരൻ, ഹുദൈഫത്തുബ്നുൽ യമാൻ(റ)!' ■



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 18

# അഭിപ്രായ സ്വാതന്ത്ര്യം: കർണാടകയുടെ വ്യാഖ്യാനം

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

**അഭിപ്രായസ്വാതന്ത്ര്യത്തെ അച്ചടക്കം എന്ന ആയുധമുപയോഗിച്ച് ഇല്ലാതാക്കാനാണ് എ.ജി ശ്രമിക്കുന്നത്. അച്ചടക്കം, ഐക്യം, തുല്യത തുടങ്ങിയ നൈതികമായ ആശയങ്ങളെ വിദ്യാലയങ്ങളിൽ ഊട്ടിയുറപ്പിക്കുക എന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത് എന്നാണ് അദ്ദേഹം ആവർത്തിക്കുന്നത്. എന്നാൽ ശിരോവസ്ത്രം എങ്ങനെയാണ് അച്ചടക്കം, ഐക്യം, തുല്യത എന്നിവക്ക് തടസ്സമാകുന്നത് എന്ന ചോദ്യത്തിന് മുമ്പിൽ അദ്ദേഹം മൗനിയാവുകയും ചെയ്യുന്നു.**

'എസെൻഷ്യൽ ടു റിലീജിയൻ,' 'എസെൻഷ്യലി റിലീജ്യസ്' തുടങ്ങിയ പദങ്ങളിൽ കടിച്ചുതൂങ്ങി സമയമേറെ കളഞ്ഞ കർണാടക എ.ജി പ്രഭുലിംഗ് നവാദ്ഗി അഭിപ്രായസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന ഭരണഘടനയുടെ 19ാം അനുച്ഛേദം ഉറപ്പുവരുത്തുന്ന അവകാശങ്ങളിൽ ശിരോവസ്ത്രം വരില്ലെന്ന വളരെ ആശ്ചര്യകരമായ വാദമാണ് മുന്നോട്ടുവച്ചത്. ഭരണഘടന നൽകുന്ന അവകാശത്തെ ഒരു സർക്കാർ സർക്കുലറിലൂടെ നിരോധിക്കുവാനോ നിയന്ത്രിക്കുവാനോ സാധിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. അഭിപ്രായ സ്വാതന്ത്ര്യത്തെ അച്ചടക്കം എന്ന ആയുധമുപയോഗിച്ച് ഇല്ലാതാക്കാനാണ് എ.ജി ശ്രമിക്കുന്നത്. അച്ചടക്കം, ഐക്യം, തുല്യത തുടങ്ങിയ നൈതികമായ ആശയങ്ങളെ വിദ്യാലയങ്ങളിൽ ഊട്ടിയുറപ്പിക്കുക എന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത് എന്നാണ് അദ്ദേഹം ആവർത്തിക്കുന്നത്. എന്നാൽ ശിരോവസ്ത്രം എങ്ങനെയാണ് അച്ചടക്കം, ഐക്യം, തുല്യത എന്നിവക്ക് തടസ്സമാകുന്നത് എന്ന ചോദ്യത്തിന് മുമ്പിൽ അദ്ദേഹം മൗനിയാവുകയും ചെയ്യുന്നു. തുടർന്ന് അദ്ദേഹം തന്റെ വാദം സമർഥിക്കാൻ വേണ്ടി 19ാം അനുച്ഛേദത്തിന് സ്വന്തമായ വ്യാഖ്യാനം നൽകുന്ന കാഴ്ചയാണ് കോടതിയിൽ കണ്ടത്.

### അനുച്ഛേദം 19: എ.ജിയുടെ വാദങ്ങൾ

19ാം അനുച്ഛേദത്തിൽ വസ്ത്രം പെടില്ലെന്നാണ് എ.ജിയുടെ പക്ഷം. എ.ജി പറയുന്നത് ഇങ്ങനെ: 'ഫ്രീഡം ഓഫ് സ്പീച്ച്' എന്നത് ആശയവിനിമയത്തിനുള്ള സ്വാതന്ത്ര്യം മാത്രമാണ്. അതിൽ വസ്ത്രം ഉൾപ്പെടുന്നില്ല. സ്പീച്ച് (ആശയവിനിമയം) മാത്രമാണ് അതിലുള്ളത്. വസ്ത്രത്തെ 19ാം അനുച്ഛേദത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് ഭിന്നലിംഗരുടെ (Transgender) കാര്യത്തിൽ മാത്രമാണ്.

ഭിന്നലിംഗർക്ക് മാത്രമാണ് പ്രത്യേക വസ്ത്രസ്വാതന്ത്ര്യം 2014ലെ 'നൽസ' വിധിയിലൂടെ നൽകിയിട്ടുള്ളത്. ഇങ്ങനെ ട്രാൻസ്ജെൻഡറുകൾ നേടിയതുപോലെയുള്ള ഒരു വിധി സ്കൂളുകളിൽ പ്രത്യേകതരം യൂണിഫോം ധരിക്കാൻ ഇന്ത്യൻ സമൂഹത്തിലെ ഒരു വിഭാഗവും നേടിയിട്ടില്ല.

**ഭാവപ്രകടനത്തിനുള്ള അവകാശം**

എ.ജി ഇത് പറഞ്ഞപ്പോൾ 'ഫ്രീഡം ഓഫ് സ്പീച്ച്' എന്ന് മാത്രമല്ല അതിന്റെ കൂടെ 'എക്സ്പ്രഷൻ' (ഭാവപ്രകടനം) എന്ന ഒരു വാക്കുകൂടിയുണ്ട് എന്ന് ജസ്റ്റിസ് ഗുപ്ത ഓർമിപ്പിച്ചു. അതിന് വളരെ വിചിത്രമായ മറുപടിയാണ് എ.ജി നൽകിയത്. 'എക്സ്പ്രഷൻ എന്നത് ഏകപക്ഷീയമല്ല, മറിച്ച് അത് ഉഭയകക്ഷീയമാണ് (bilateral). ശിരോവസ്ത്രം ഏത് തരത്തിലുള്ള എക്സ്പ്രഷനാണ് എന്ന് വ്യക്തമല്ല, അതിനായി പ്രത്യേക ഹരജി സമർക്കപ്പെട്ടിട്ടില്ല.' ഇങ്ങനെ ഒട്ടും വ്യക്തതയില്ലാത്ത വാദങ്ങളായിരുന്നു എ.ജിയുടെ മറുപടി. ഒരു പെൺകുട്ടിക്ക് ഒരു മാളിൽ ശിരോവസ്ത്രം ഉപയോഗിക്കാം, എന്നാൽ അത് സ്കൂളിൽ പാടില്ല എന്ന് പറയുന്നതിലെ യുക്തി മനസ്സിലാവുന്നില്ല എന്ന കപിൽ സിബലിന്റെ വാദം ജസ്റ്റിസ് ധൂലിയ എ.ജിയെ ഓർമിപ്പിച്ചു. ശിരോവസ്ത്രം ഉപയോഗിക്കുക എന്ന അവകാശത്തെ സർക്കാർ എടുത്തുകളഞ്ഞിട്ടില്ല എന്നും മറിച്ച് സ്കൂളുകളിൽ അതിന് നിയന്ത്രണം ഏർപ്പെടുത്തുക മാത്രമാണ് ചെയ്തതെന്നുമുള്ള പതിവ് മറുപടിയായിരുന്നു എ.ജിക്ക് ഉണ്ടായിരുന്നത്. എന്നാൽ Public Order, Health, Moraltiy ഇവയിൽ ഏതിന്റെ അടിസ്ഥാനത്തിലാണ് നിയന്ത്രണം എന്ന് വ്യക്തമാക്കണമെന്ന് ധൂലിയ ആവശ്യപ്പെട്ടപ്പോൾ പൊതുസ്ഥലങ്ങളിൽ ശിരോവസ്ത്രം ധരിക്കുന്നത് 19ാം അനുച്ഛേദത്തിൽ വരുന്നില്ലെന്നും അത് 21ാം അനുച്ഛേദത്തിന്റെ ഭാഗമാണെന്നും പറഞ്ഞ് രക്ഷപ്പെടുകയായിരുന്നു എ.ജി.

**ഇന്ത്യയുടെ സെക്കുലറിസം പോസിറ്റിവ് സെക്കുലറിസമാണ്. അത് നെഗറ്റിവ് സെക്കുലറിസമല്ല. മതപരമമായ സ്വത്വങ്ങളെ കാണിക്കാതിരുന്നു കൊണ്ടുള്ള സെക്കുലറിസത്തെയാണ് നെഗറ്റിവ് സെക്കുലറിസം എന്ന് പറയുന്നത്. നെഗറ്റിവ് സെക്കുലറിസത്തെ അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള രാഷ്ട്രങ്ങളിലാണ് ശിരോവസ്ത്രം പോലുള്ള മതപരമായ അടയാളങ്ങളെ പൊതുയിടങ്ങളിൽ നിരോ ധിച്ചിട്ടുള്ളത്. ഈ വ്യാഖ്യാനങ്ങൾ ഇന്ത്യൻ സെക്കുലറിസത്തിന് വന്നുഭവിക്കാതിരിക്കാൻ വേണ്ടിയാണ് ഭരണഘടനാശിൽപികൾ അനുച്ഛേദം 19 അഥവാ 'ഫ്രീഡം ഓഫ് സ്പീച്ച് & എക്സ്പ്രഷൻ' ഭരണഘടനയിൽ എഴുതിച്ചേർത്തത്. അത് പോസിറ്റിവ് സെക്കുലറിസത്തിന്റെ ഭാഗമായിരുന്നു.**

**അടിച്ചേൽപിക്കൽ തന്നെയാണ് നയം**

എ.ജി തുടരുന്നു: 'കർണാടകയെ സംബന്ധിച്ചിടത്തോളം അതിന്റെ വിദ്യാഭ്യാസ ചട്ടങ്ങളാണ് പ്രധാനം. ചട്ടങ്ങൾ സമ്പൂർണമാണ്. അത് അനുസരിക്കുക എന്നത് ഓരോ സ്കൂളിനും അവിടെയുള്ള വിദ്യാർഥികൾക്കും നിർബന്ധമാണ്. ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിലുള്ള യൂണിഫോം ധരിക്കൽ എല്ലാവർക്കും നിർബന്ധമാണ്. ബച്ചൻ സിംഗ് വധശിക്ഷാ കേസിൽ 19ാം അനുച്ഛേദപ്രകാരം ജീവിക്കാനുള്ള അവകാശത്തെ കുറിച്ച് വാദമുയർന്നപ്പോൾ അത് അംഗീകരിക്കാതെ വധശിക്ഷയെ അംഗീകരിക്കുകയാണ് സുപ്രീംകോടതി ചെയ്തത്.' എ.ജിയുടെ വാദം കേട്ട ജസ്റ്റിസ് ഗുപ്ത 'പ്രധാനപ്പെട്ട ലക്ഷ്യം നടപ്പാക്കുമ്പോൾ അതുമൂലമുണ്ടാകുന്ന അനുബന്ധ പ്രശ്നങ്ങളെ ഗൗനിക്കേണ്ടതില്ല എന്നാണോ താങ്കൾ പറഞ്ഞുവരുന്നത്' എന്നുചോദിച്ചപ്പോൾ 'അതെ' എന്നായിരുന്നു എ.ജിയുടെ മറുപടി.

എ.ജി തുടരുന്നു: 'യൂണിഫോം നിയമത്തിന് വിരുദ്ധമായി മൗലികാവകാശങ്ങളുടെ പേരിൽ മറ്റൊരു വസ്ത്രവും അംഗീകരിക്കാൻ സർക്കാറിന് ബാധ്യതയില്ല. മാത്രവുമല്ല, 19ാം അനുച്ഛേദപ്രകാരം വരുന്ന എക്സ്പ്രഷൻ എന്താണെന്നും അത് ആരോടാണ് എന്നും അവർ വ്യക്തമാക്കേണ്ടതുണ്ട്. വസ്ത്രം ധരിക്കൽ ആരോടെങ്കിലും എന്തെങ്കിലും 'എക്സ്പ്രസ്' ചെയ്യലാവുകയില്ല. ഇസ്‌ലാം അത് നിർബന്ധമാക്കിയിട്ടുണ്ട് എന്ന് മാത്രമാണ് അവർ പറയുന്നത്. അതിൽ എവിടെയാണ് എക്സ്പ്രഷൻ?'

**നൽസ കേസും 19ാം അനുച്ഛേദവും**

2014ലെ National Legal Services Authortiy (NALSA), Union of India എന്ന വളരെ പ്രസിദ്ധമായ കേസിൽ സുപ്രീംകോടതി ഭിന്നലിംഗരായ വ്യക്തികളുടെ അസ്തിത്വം അംഗീകരിക്കുകയാണ് ചെയ്തത്. ശിരോവസ്ത്രം ധരിക്കാനുള്ള അവകാശം 19ാം



അനുച്ഛേദത്തിന് കീഴിൽ വരില്ല എന്ന് സമർഥിക്കാൻ അനാവശ്യമായി എ.ജി അത് ഉദ്ധരിക്കുകയാണ് ചെയ്തത്. ട്രാൻസ്ജെൻഡറുടെ മാനസികമായ ലൈംഗികാഭിമുഖ്യം ഏതാണോ അതനുസരിച്ച് അവർക്ക് വസ്ത്രം ധരിക്കാവുന്നതാണ് എന്ന് കോടതി വിധി പറഞ്ഞത് 19ാം അനുച്ഛേദപ്രകാരമാണ്. ഈ ആനുകൂല്യം ട്രാൻസ്ജെൻഡർ സമൂഹത്തിന് മാത്രമാണ് ലഭിക്കുക എന്നത് എ.ജിക്ക് എവിടെനിന്നാണ് ലഭിച്ചത്? ഒരാളുടെ മാനസികമായ ലൈംഗികാഭിമുഖ്യം അഭിപ്രായസ്വാതന്ത്ര്യത്തിന്റെ (Freedom of Speech & Expression) ഭാഗമായി കോടതി പരിഗണിക്കാനുള്ള കാരണമാണ് പരിശോധിക്കപ്പെടേണ്ടത്. എ.ജി ആദ്യം പറഞ്ഞത് അനുച്ഛേദം 19നെ അനുച്ഛേദം 19 മാത്രമാണ് നിയന്ത്രിക്കുന്നത് എന്നാണ്. എങ്കിൽ ഈ കേസിൽ മാനസികമായ ആഭിമുഖ്യത്തിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യം എങ്ങനെയാണ് കോടതി നൽകിയത്? വിശ്വാസപരവും സാംസ്കാ രികവുമായ ആഭിമുഖ്യങ്ങളിൽ വൈവിധ്യം പുലർത്തുന്ന ഇന്ത്യൻ സമൂഹത്തിൽ അവയുടെ അടിസ്ഥാന ത്തിലുള്ള വേഷവിധാനങ്ങളും ഈ അനുച്ഛേദത്തിന്റെ പരിധിയിൽ വരും എന്നു തന്നെയാണ് നൽസ വിധി നൽകുന്ന പാഠം.

**എ.ജിയുടെ 'ഭാവപ്രകടനം'**

അനുച്ഛേദം 19 ഫ്രീഡം ഓഫ് സ്പീച്ച് ആൻഡ് എക്സ്പ്രഷൻ ആണ് ഉൾക്കൊള്ളുന്നത്. ഇവിടെ എ.ജി സ്പീച്ച് അഥവാ 'ആശയവിനിമയം' എന്നതിൽ മാത്രം ഊന്നുകയും എക്സ്പ്രഷൻ അഥവാ 'ഭാവപ്രകടനം' എന്നതിനെ സൗകര്യപൂർവം അവഗണിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അത് കോടതി ചോദ്യം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ വക എക്സ്പ്രഷന് ഒരു വ്യാഖ്യാനം നൽകാൻ ശ്രമിക്കുകയും ചെയ്യുന്നു. എക്സ്പ്രഷൻ ഉഭയകക്ഷീയമാവണം അഥവാ ഒരാൾ അങ്ങോട്ടും മറ്റൊരാൾ ഇങ്ങോട്ടും നൽകുന്ന ഭാവപ്രകടനത്തിനു മാത്രമെ എക്സ്പ്രഷൻ എന്നുപറയൂ എന്ന, ഒട്ടും തിരിയാത്ത ഒരു വിശദീകരണമാണ് അദ്ദേഹം നൽകുന്നത്. എന്നാൽ നേരത്തെ അഭിഭാഷകൻ ദേവദത്ത് കാമത്ത് വളരെ ആധികാരികമായി ഫ്രീഡം ഓഫ് എക്സ്പ്രഷനിൽ വസ്ത്രസ്വാതന്ത്ര്യം കൂടി ഉൾക്കൊള്ളുമെന്ന് വ്യക്തമാക്കിയിരുന്നു.

**ഇന്ത്യയുടേത് പോസിറ്റിവ് സെക്കുലരിസം**

ഇന്ത്യയുടെ സെക്കുലരിസം പോസിറ്റിവ് സെക്കുലരിസമാണ്. അത് നെഗറ്റിവ് സെക്കുലരിസമല്ല. മതപരമമായ സ്വത്വങ്ങളെ കാണിക്കാതിരുന്നു കൊണ്ടുള്ള സെക്കുലരിസത്തെയാണ് നെഗറ്റിവ് സെക്കുലരിസം എന്ന് പറയുന്നത്. നെഗറ്റിവ് സെക്കുലരിസത്തെ അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള രാഷ്ട്രങ്ങളിലാണ് ശിരോവസ്ത്രം പോലുള്ള മതപരമായ അടയാളങ്ങളെ പൊതുയിടങ്ങളിൽ നിരോധിച്ചിട്ടുള്ളത്. ഈ വ്യാഖ്യാനങ്ങൾ ഇന്ത്യൻ സെക്കുലരിസത്തിന് വന്നുഭവിക്കാതിരിക്കാൻ വേണ്ടിയാണ് ഭരണഘടനാശിൽപികൾ അനുച്ഛേദം 19 അഥവാ 'ഫ്രീഡം ഓഫ് സ്പീച്ച് & എക്സ്പ്രഷൻ' ഭരണഘ ടനയിൽ എഴുതിച്ചേർത്തത്. അത് പോസിറ്റിവ് സെക്കുലരിസത്തിന്റെ ഭാഗമായിരുന്നു.

**'സർവ ധർമ സമഭാവ'**

സ്വാമി വിവേകാനന്ദനിലൂടെ പ്രസരിച്ച് മഹാത്മജിയിലൂടെ പ്രഘോഷണം ചെയ്യപ്പെട്ട 'സർവ ധർമ സമഭാവ' എന്ന ആശയമാണ് ഇന്ത്യൻ സെക്കുലരിസത്തിന്റെ അടിസ്ഥാനം. എല്ലാ മതങ്ങളുടെയും സമത്വമാണ് അത് ഉൽഘോഷിക്കുന്നത്. ഒരു മതത്തെയും നിരാകരിക്കാതെ, ഒരു മതത്തിനും മേൽക്കോയ്മ നൽകാതെ, എല്ലാ മതങ്ങളെയും ഉൾക്കൊള്ളാനും എല്ലാ സംസ്കാരങ്ങളെയും അംഗീകരിക്കാനും സാധിക്കുക എന്ന മഹത്തായ കാഴ്ചപ്പാടാണ് ഇന്ത്യയുടെ സെക്കുലരിസം. അതുകൊണ്ടാണ് അതിനെ പോസിറ്റിവ് സെക്കുലരിസം എന്ന് വിളിക്കുന്നത്. ഈ പോസിറ്റീവ് സെക്കുലരിസത്തെ ഏതെങ്കിലും സ്ഥലങ്ങളിൽ അകാരണമായി നിരോധിക്കാനോ നിയന്ത്രിക്കാനോ ഒരു സർക്കാറിനും ഭരണഘടന അവകാശം നൽകിയിട്ടില്ല.

**വധശിക്ഷാ കേസും 19ാം അനുച്ഛേദവും**

ബച്ചൻസിംഗ് കേസ് അഥവാ വധശിക്ഷ കേസിനെ വീണ്ടും എ.ജി അനവസരത്തിൽ എടുത്തുദ്ധരിക്കാൻ ശ്രമിക്കുകയാണ്. വധശിക്ഷ മനുഷ്യത്വത്തിന് എതിരായതുകൊണ്ട് അത്തരം ശിക്ഷകൾ നടപ്പാക്കുന്നത് 19ാം അനുച്ഛേദത്തിന് എതിരാണ് എന്ന വാദം കോടതി അംഗീകരിച്ചിട്ടില്ല എന്നതിൽനിന്നും ലക്ഷ്യം നല്ലതാണെങ്കിൽ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും നിയന്ത്രിക്കുന്നതിന് വിരോധമില്ല എന്നാണ് വ്യക്തമാകുന്നത് എന്നുമാണ് എ.ജി പറയുന്നത്. എന്നാൽ ശിരോവസ്ത്ര നിരോധനത്തിലൂടെ എന്ത് ലക്ഷ്യമാണ് നേടാനുള്ളത്? വധശിക്ഷാ വിഷയത്തിൽ ക്രൂരമായി കൊലപാതകം നടത്തിയ ആളുകളെ ശിക്ഷിക്കുക എന്ന നൈതികമായ ലക്ഷ്യമുണ്ട്. എന്നാൽ ശിരോവസ്ത്രം നിരോധിക്കുന്നതിൽ എന്ത് നൈതിക ലക്ഷ്യമാണുള്ളത്? ഒരാൾക്ക് മറ്റൊരാളെ കൊല്ലാനുള്ള മൗലികാവകാശമില്ല. എന്നാൽ ഒരാൾക്ക് അയാൾ ഉദ്ദേശിക്കുന്നവിധം മാന്യമായി വസ്ത്രം ധരിക്കാനുള്ള അവകാശമുണ്ട്. അതുകൊണ്ട് ബച്ചൻസിംഗ് കേസിനെ ഇതിലേക്ക് വലിച്ചിഴക്കുന്നത് ശുദ്ധ വങ്കത്തമാണ്. മാത്രമല്ല, ജസ്റ്റിസ് ധൂലിയ പല ഘട്ടങ്ങളിലും ചൂണ്ടിക്കാണിച്ചതുപോലെ ശിരോവസ്ത്രത്തെ നിയന്ത്രിക്കണമെങ്കിൽ അവിടെ ക്രമസമാധാന ലംഘനമോ, ആരോഗ്യം, ധാർമികത എന്നിവക്ക് വിഘാതമാവുന്ന സംഭവങ്ങളോ ഉണ്ടാവണം. അത് ശിരോവസ്ത്ര വിഷയത്തിൽ ഉണ്ടായതായി തെളിയിക്കാൻ കഴിയുകയില്ല.

(തുടരും)

*അടുത്തലക്കത്തിൽ:*

**മൗലികാവകാശങ്ങളും നിയന്ത്രണങ്ങളും**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: അശ്ശൂറാ

അധ്യായം 42

## (കൂടിയാലോചന)

(മക്കയിൽ അവതരിച്ചത്)

فَمَآ أُوتِيتُم مِّن شَىْءٍ فَمَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَمَا عِندَ ٱللَّهِ خَيْرٌ وَأَبْقَىٰ لِلَّذِينَ ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٣٦﴾

وَٱلَّذِينَ يَجْتَنِبُونَ كَبَٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ وَإِذَا مَا غَضِبُوا۟ هُمْ يَغْفِرُونَ ﴿٣٧﴾

وَٱلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمْ وَأَقَامُوا۟ ٱلصَّلَوٰةَ وَأَمْرُهُمْ شُورَىٰ بَيْنَهُمْ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿٣٨﴾

وَٱلَّذِينَ إِذَآ أَصَابَهُمُ ٱلْبَغْىُ هُمْ يَنتَصِرُونَ ﴿٣٩﴾

36. നിങ്ങൾക്ക് വല്ലതും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഐഹികജീവിതത്തിലെ (താൽക്കാലിക) വിഭവം മാത്രമാകുന്നു. അല്ലാഹുവിന്റെ പക്കലുള്ളത് കൂടുതൽ ഉത്തമവും കൂടുതൽ നീണ്ടുനിൽക്കുന്നതുമാകുന്നു. വിശ്വസിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്തവർക്കുള്ളതത്രെ അത്.
37. മഹാപാപങ്ങളും നീചവൃത്തികളും വർജിക്കുന്നവരും കോപം വന്നാലും പൊറുക്കുന്നവരുമായിട്ടുള്ളവർക്ക്.
38. തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും തങ്ങളുടെ കാര്യം തീരുമാനിക്കുന്നത് അന്യോന്യമുള്ള കൂടിയാലോചനയിലൂടെ ആയിരിക്കുകയും നാം നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയും ചെയ്തവരാരോ, അവർക്കും.
39. തങ്ങൾക്ക് വല്ല മർദനവും നേരിട്ടാൽ രക്ഷാനടപടി സ്വീകരിക്കുന്നവർക്കും.

36). ഇഹലോകത്തോട് വിരക്തിയും പരലോകത്തോട് താൽപര്യവും ഉണ്ടാക്കുന്നതാണ് ഈ വചനം. അതിന്നാവശ്യമായ പ്രവർത്തന ങ്ങളും ഇവിടെ പരാമർശിക്കുന്നു. (നിങ്ങൾക്ക് വല്ലതും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ) അധികാരമോ നേതൃത്വമോ സൗഖ്യമോ, അതെല്ലാം തന്നെ (ഐഹികജീവിതത്തിലെ-താൽക്കാലിക-വിഭവം മാത്രമാകുന്നു) നിലച്ചുപോകുന്ന നിസ്സാരമായ ആസ്വാദനം. (അല്ലാഹുവിന്റെ പക്കലുള്ളത്) നിത്യസുഖാനുഗ്രഹങ്ങളും മഹത്തായ പ്രതിഫലവുമെല്ലാം (കൂടുതൽ ഉത്തമവും) ഈ ലോകത്തെ അസ്വാദനങ്ങളെക്കാൾ (നീണ്ടുനിൽക്കുന്നതുമാകുന്നു). കാരണം, ഇവിടെയുള്ള സുഖങ്ങൾ യാതൊരുതകരാറുമില്ലാത്ത നഷ്ടപ്പെടാത്ത സുഖങ്ങളാണ്. തുടർന്ന് പറയുന്നത് ആർക്കാണ് ഈ പ്രതിഫലമെന്നാണ്? (വിശ്വസിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്തവർക്കുള്ളതത്രെ അത്). ശരിയായ വിശ്വാസത്തെയും വിശ്വാസം അനിവാര്യമാകുന്ന പ്രത്യക്ഷവും പരോക്ഷവുമായ

കർമങ്ങളും തവക്കുലുമെല്ലാം ഒത്തുചേർന്നാൽ, തവക്കുൽ എന്നത് എല്ലാ പ്രവർത്തനങ്ങളും ഉണ്ടാക്കുന്ന ഉപകരണമാണ്. തവക്കുലില്ലാത്ത മുഴുവൻ പ്രവരത്തനങ്ങളും അപൂർണമാണ്. ഹൃദയം പൂർണമായും ആശ്രയിക്കലാണ് തവക്കുൽ. അവൻ ഇഷ്ടപ്പെടുന്നത് സാധ്യമാക്കാനും അനിഷ്ടകരമായത് തടുക്കാനും അല്ലാഹുവിന് കഴിയുമെന്ന് ഉറപ്പിക്കുക.

37). (മഹാപാപങ്ങളും നീചവൃത്തികളും വർജിക്കുന്നവരും) മഹാപാപങ്ങളും നീചവൃത്തികളും രണ്ടും മഹാപാപം തന്നെയാണ്. അപ്പോൾ എന്താണിവിടെ രണ്ടും രണ്ടായിപ്പറഞ്ഞത്? മഹാപാതകങ്ങളിലേക്ക് ക്ഷണിക്കുന്ന പാപങ്ങളാണ് നീചവൃത്തികൾ; വ്യഭിചാരംപോലുള്ള തിന്മകളിലേക്ക്. മഹാപാങ്ങളെല്ലാം അങ്ങനെയല്ല. ഓരോന്നും ഒറ്റയ്ക്ക് പറയാമെങ്കിലും ഒന്ന് മറ്റൊന്നിൽ ഉൾപ്പെടുന്നുണ്ട്. (കോപം വന്നാലും പൊറുക്കുന്നവരുമായിട്ടുള്ളവർക്ക്) അതായത് അവർ മാന്യമായ സ്വഭാവങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്; ഉത്തമമായ പെരുമാറ്റങ്ങളും. അങ്ങനെ സഹനം അവരുടെ ജീവിതത്തിന്റെ ഭാഗമായി; സൽസ്വഭാവമാകട്ടെ അവരുടെ പ്രകൃതിയും. അവരെ ആരെങ്കിലും വല്ല വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ പ്രകോപിപ്പിച്ചാൽ അവർ കോപത്തെ അടക്കിവെക്കും. അതിലൊരു നടപടിയും അവർ സ്വീകരിക്കില്ല. മറിച്ച് അവർ പൊറുത്തുകൊടുക്കും. തങ്ങളോട് തിന്മ ചെയ്യുന്നവരെ അവർ നേരിടുന്നത് വിട്ടുവീഴ്ചയും നന്മയും കൊണ്ടാണ്.

ഈ വിട്ടുവീഴ്ചയുടെ സ്വഭാവഫലമായി തങ്ങളെ കുഴപ്പങ്ങളിൽനിന്ന് പ്രതിരോധിക്കുകയും ധാരാളം നന്മകൾ വരുത്തുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾ وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُوا۟ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٍ ﴿٣٥﴾

“ഏറ്റവും നല്ലതേതോ അതുകൊണ്ട് നീ തിന്മയെ പ്രതിരോധിക്കുക. അപ്പൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയാണോ അവനതാ നിന്റെ ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൊക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവനന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല” (41:34,35).

38). (തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും) അതായത് രക്ഷിതാവിന്റെ നിർദേശങ്ങൾക്ക് പൂർണമായി കീഴ്പ്പെടുക, അവന്റെ വിളിക്കുത്തരം നൽകുക, ലക്ഷ്യം അവന്റെ തൃപ്തിയായിരിക്കുക, അവന്റെ സാമീപ്യം കൊണ്ടുള്ള വിജയം പരമപ്രധാനമായിക്കാണുക. അല്ലാഹുവിന് ഉത്തരം നൽകുന്നതിൽ പെട്ടതുതന്നെയാണ് നമസ്കാരം നിലനിർത്തലും സകാത്ത് നൽകലും. അതാണ് അവ രണ്ടും ഒന്നിച്ചു പറഞ്ഞത്. പൊതുവായി പറഞ്ഞ ശേഷം ഇവ രണ്ടും പ്രത്യേകം എടുത്തുപറഞ്ഞത് അവയുടെ മഹത്ത്വത്തെ സൂചിപ്പിക്കുന്നു. (നമസ്കാരം മുറപോലെ നിർവഹിക്കുകയും) ബാഹ്യമായും ആന്തരികമായും നിർബന്ധമായതും ഐഛികമായതും. (നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്തവർ) സകാത്ത് പോലുള്ളതും അടുത്ത ബന്ധുക്കൾക്ക് നൽകുന്നതുമായ നിർബന്ധ ദാനങ്ങൾ, മുഴുവൻ സൃഷ്ടികൾക്കും പൊതുവായി നൽകേണ്ട ഐഛികദാനങ്ങളും. (തങ്ങളുടെ കാര്യം തീരുമാനിക്കുന്നത്) മതപരമായതും ഭൗതികമായതും. (അന്യോന്യമുള്ള കൂടിയാലോചനയിലൂടെയായിരിക്കും) അതായത് ഒരാളും തന്റെ അഭിപ്രായത്തിൽ സ്വേച്ഛാധിപത്യം കാണിക്കുകയില്ല; എല്ലാവരെയും ബാധിക്കുന്ന കാര്യങ്ങളിൽ. ഇതുണ്ടാകുന്നത് അവർ തമ്മിലുള്ള ഒരുമയുടെയും ഇണക്കത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും ഭാഗമായിട്ടാണ്. ചിന്തയോ അഭിപ്രായമോ ആവശ്യമായ എന്തെങ്കിലും കാര്യങ്ങൾ അവർ ചെയ്യാൻ ഉദ്ദേശിച്ചാൽ അതിനുവേണ്ടി അവർ ഒരുമിച്ചുകൂടുകയും അതിലുള്ള ഗുണങ്ങൾ വ്യക്തമാകുന്നതുവരെ പരസ്പര ചർച്ചയും ഗവേഷണവും നടത്തുകയും ചെയ്യും. അതിനെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യും. യുദ്ധത്തിലും ജിഹാദിലും നേതൃത്വം നൽകേണ്ട, വിധിപറയേണ്ട ഉദ്യോഗസ്ഥരെ നിയമിക്കുമ്പോഴുമൊക്കെയുള്ള കാര്യങ്ങളിൽ, പൊതുവായ ദീനീ പ്രശ്നങ്ങളിൽ അവർ ചർച്ച നടത്തുന്നത് അതുകൊണ്ടാണ്. അതും പൊതുവായ പ്രശ്നങ്ങളാണല്ലോ. അല്ലാഹു ഇഷ്ടപ്പെടുന്ന ശരി കണ്ടെത്താനുള്ള ഗവേഷണമാണത്. അതും ദൈവവചനത്തിന്റെ പരിധിയിൽ വരും.

39). (തങ്ങൾക്ക് വല്ല മർദനവും നേരിട്ടാൽ) അതായത് ശത്രുക്കളിൽ നിന്ന്. (രക്ഷാനടപടി സ്വീകരിക്കുന്നവർക്കും) ശക്തിയോടെയും പ്രതാപത്തോടെയും രക്ഷാനടപടി സ്വീകരിക്കുന്ന കാര്യത്തിൽ അവർ താഴ്ന്നുകൊടുക്കുകയോ അശക്തരാവുകയോ ഇല്ല.

അവർക്കുള്ള സ്വഭാവ സവിശേഷതകൾ പൊതുവായി ഇവിടെ പറഞ്ഞു. വിശ്വാസം, അല്ലാഹുവിൽ ഭരമേൽപിക്കൽ, ചെറുദോഷങ്ങൾ പൊറുത്തുകിട്ടൽ, വൻപാപങ്ങൾ ഉപേക്ഷിക്കൽ, പൂർണായി കീഴൊതുങ്ങൽ, തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനങ്ങൾ സ്വീകരിക്കൽ, നമസ്കാരം നിലനിർത്തൽ, നന്മയുടെ വ്യത്യസ്ത മേഖലകളിൽ ചെലവഴിക്കൽ, കാര്യങ്ങളിൽ കൂടിയാലോചിക്കൽ, ശത്രുക്കൾക്കെതിരെ ശക്തിയും രക്ഷാനടപടിയും സ്വീകരിക്കൽ എന്നിവയാണത്. ഇവയെല്ലാം അവർ നിർബന്ധമായി നിലനിർത്തുകയും ഇതല്ലാത്തതും പ്രവർത്തിച്ച് ഇതിനെതിരായതിനെ നിരാകരിച്ചും അവർ കഴിച്ചുകൂട്ടുന്നു. ■

പാരന്റിംഗ്




# ലൈംഗിക വളർച്ചയും സംസ്കരണവഴികളും

അശ്റഫ് എകരൂൽ

**കണ്ണുകൾ താഴ്ത്താനും നഗ്നത മറയ്ക്കാനും ശീലിപ്പിക്കുക**

ശാരീരിക വളർച്ചക്കനുസരിച്ച് വളർന്നുകൊണ്ടിരിക്കുന്ന ലൈംഗികചോദനകളും വികാരങ്ങളും സംസ്കരണത്തിന്റെ ശുദ്ധപ്രകൃതിയിൽ നിയന്ത്രിക്കപ്പെടാൻ കഴിയുംവിധം മക്കൾ ജീവിതഘട്ടങ്ങളെ മുറിച്ചുകടക്കേണ്ടതുണ്ട്. അതിന് അവരെ പ്രാപ്തരാക്കുന്ന ഇസ്‌ലാമിക നിർദേശങ്ങളാണ് നമ്മൾ പരിശോധിക്കുന്നത്. അനുവാദം ചോദിച്ചുകൊണ്ട് കിടപ്പുമുറികളിലേക്ക് പ്രവേശിക്കാൻ ശീലിക്കേണ്ടതിന്റെ ആവശ്യകതയും ഉപകാരങ്ങളും നാം മനസ്സിലാക്കുകയുണ്ടായി. ഇതുപോലെ മറ്റു പല പ്രായോഗിക പാഠങ്ങളും ഇസ്‌ലാം നൽകുന്നുണ്ട്. അതിൽ പെട്ടതാണ് കുട്ടിക്കാലം മുതലേ നിഷിദ്ധമായ കാഴ്ചകളിൽനിന്ന് കണ്ണുകൾ താഴ്ത്താനും നഗ്നത മറയ്ക്കാനും ശീലിപ്പിക്കുകയെന്നത്. ഒരു മനുഷ്യന്റെ കണ്ണുക ൾ പുറംലോകത്തേക്കുള്ള ജനവാതിലാണ്. കണ്ണിൽപ്പെടുന്ന മിക്കതും ഉടനടി കുട്ടിയുടെ മനസ്സിലും ഓർമയിലും പതിക്കുന്നു എന്ന് മാത്രമല്ല, ചിലപ്പോൾ അത് അവിടെ ഒരിക്കലും മായാത്തവിധം ഒട്ടിപ്പിടിക്കും. അതിനാൽതന്നെ ചെറുപ്പം മുതലേ വീടിനുള്ളിലും പുറത്തും നഗ്നതകളിൽനിന്ന് കണ്ണുകൾ താഴ്ത്തുന്ന പതിവ് ജീവിതത്തിന്റെ ഭാഗമാക്കാൻ സാധിച്ച ഒരാൾക്ക് അതുമൂലം ലൈംഗിക സംസ്കരണം എളുപ്പമാകുന്നു. എന്നാൽ കുട്ടികളാകുമ്പോൾ മിക്കസമയത്തും അവർ മറന്നുപോയേക്കാം, ആ ശീലം തെറ്റിച്ചേക്കാം. അത്തരം സന്ദർഭങ്ങളിൽ നബി(സ്വ) ചെയ്തതുപോലെ ഓർമിപ്പിക്കൽ ആവർത്തിക്കുകയാണ് മുതിർന്നവർ ചെയ്യേണ്ടത്.

തിരക്കുപിടിച്ച ഹജ്ജ് വേളയിൽ നബി(സ്വ)യോടൊപ്പം സഞ്ചരിക്കുന്ന ഒരു കുട്ടിയുടെ കഥ നോക്കുക: ഇമാം തിർമിദി, ഇമാം ബുഖാരി എന്നിവർ അബ്ദുല്ലാഹിബ്നു അബ്ബാസി(റ)ൽനിന്ന് ഉദ്ധരിക്കുന്നു: 'ഫദ്ൽ ഇബ്നു അബ്ബാസ്(റ) നബി(സ്വ)യോടൊപ്പം തന്റെ സഹയാത്രികനായി ഉണ്ടായിരുന്നു. അപ്പോൾ ഖസ്അം ഗോത്രത്തിൽപെട്ട ഒരു സ്ത്രീ നബി(സ്വ)യോട് മതപരമായ ഒരു വിഷയത്തിൽ ഫത്‌വ ചോദിക്കുവാൻ വന്നു. കുട്ടിയായ ഫദ്ൽ ആ സ്ത്രീയെയും ആ സ്ത്രീ ഫദ്‌ലിനെയും നോക്കുന്നത് കണ്ട നബി(സ്വ)അവരുടെ മുഖം മറുപക്ഷത്തേക്ക് പിടിച്ചുതിരിച്ചു.'

ഇമാം അഹ്മദിന്റെ റിപ്പോർട്ടിൽ, ഒരിക്കൽ നബിയുടെ അടുത്തു വന്ന ഒരു ഗ്രാമീണന്റെ കൂടെ ഉണ്ടായിരുന്ന പെൺകുട്ടിയെ ഞാൻ നോക്കിയെന്നും അപ്പോഴല്ലാം നബി(സ്വ) എന്റെ മുഖം മറുഭാഗത്തേക്ക് പിടിച്ചു തിരിച്ചെന്നും ഞാൻ നോട്ടം ആവർത്തിച്ചപ്പോഴല്ലാം നബി(സ്വ) അതുതന്നെ ആവർത്തിച്ചെന്നും ഫദ്ൽ(റ) തന്നെ ഉദ്ധരിക്കുന്നുണ്ട്. ഇബ്നു ഖുസൈമ(റ) ഉദ്ധരിക്കുന്ന ഹദീസിൽ നബി(സ്വ) ഇങ്ങനെ ഉപദേശിക്കുന്നതായി വന്നിട്ടുണ്ട്: 'എന്റെ സഹോദരപുത്രാ, ഈ ദിവസം (ഹജ്ജ് ദിനങ്ങൾ) ആരെങ്കിലും തന്റെ കണ്ണുകൾ താഴ്ത്തുകയും ഗുഹ്യാവയവത്തെയും നാവിനെയും (ഹറാമിൽ)നിന്ന് സംരക്ഷിക്കുകയും ചെയ്താൽ അവന് അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്' (അബൂ യഅ്‌ല). 'എന്തിനായിരുന്നു എന്റെ മകന്റെ മുഖം പിടിച്ചു തിരിച്ചതെ'ന്ന് പിതാവ് അബ്ബാസ്(റ) നബി(സ്വ)യോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞത് വളരെ ചിന്തനീയമാണ്. നബി(സ്വ) മറുപടി പറഞ്ഞു: 'വളർന്നു വരുന്ന ഒരു പെൺകുട്ടി, വളർന്നു വരുന്ന ഒരു ആൺകുട്ടി, അതുകൊണ്ട്തന്നെ അവർ ഇരുവർക്കുമിടയിൽ പിശാച് പ്രവേശിക്കുന്നതിനെ ഞാൻ ഭയപ്പെട്ടു. അതുകൊണ്ടാണ് ഞാൻ അങ്ങനെ ചെയ്തത്.' വരും വരായ്കകളെ കുറിച്ച് വേണ്ടത്ര ബോധം എത്തിയിട്ടില്ലാത്ത കുട്ടികൾക്കിടയിൽ നടക്കുന്ന അനഭിലഷണീയമായ സംഭാഷണങ്ങളും നോട്ടങ്ങളും ആംഗ്യവിക്ഷേപങ്ങളുമെല്ലാം മുതിർന്നവരുടെ കണ്ണു

കളിൽ പെട്ടാൽ ഉചിതമായ നില യ്ക്ക് അവ തിരുത്തുകയും തത്സമയ അധ്യാപനങ്ങൾ നൽകി കുട്ടിക ളെ വഴിനടത്തുകയും ചെയ്യേണ്ട തുണ്ടന്ന വലിയ പാഠമാണ് ഈ ഹദീസുകൾ നമുക്ക് നൽകുന്ന ത്. അല്ലാത്ത പക്ഷം ലൈംഗിക ചോദനകളുടെ സമയമെത്തും മുമ്പേയുള്ള വളർച്ചമൂലം സ്വഭാ വത്തിലും മാനസിക, ശാരീരിക തലത്തിലും ഉപദ്രവങ്ങൾ വിളി ച്ചുവരുത്തും. ഭൗതികമായ ഒരു ലൈംഗിക വിദ്യാഭ്യാസത്തിലും അഭ്യസിപ്പിക്കാത്ത സുരക്ഷയു ടെ അടിസ്ഥാനപാഠങ്ങളാണ് ഈ രംഗത്ത് ഇസ്‌ലാം മനുഷ്യരാശിക്ക് നൽകിയിട്ടുള്ളത്.

അല്ലാഹു പറഞ്ഞു: "പ്രവാച കരെ, നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാ നും ഗുഹ്യാവയവങ്ങൾ കാത്തുസൂ ക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറേ പരിശുദ്ധമായി ട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പ റ്റി സൂക്ഷ്മമായി അറിയുന്നവനാകു ന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തു വാനും അവരുടെ ഗുഹ്യാവയവ ങ്ങൾ കാത്തുസൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽനിന്ന് പ്രത്യ ക്ഷമായതൊഴികെ മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക..." (ക്വുർആൻ: 24: 30, 31).

അതുപോലെ നഗ്നതാബോധ വും നഗ്നത മറയ്ക്കലും കുട്ടിക്കാലം മുതൽ മക്കളിൽ സന്നിവേശിപ്പി ക്കപ്പെടേണ്ടതുണ്ട്. നമസ്കാര ത്തിന്റെ തുടക്കകാലം മുതൽ അഥവാ ഏഴ് വയസ്സുമുതൽ തന്നെ ആൺകുട്ടിയും പെൺകുട്ടിയും നിഷ്‌കർഷിക്കപ്പെട്ട ഭാഗങ്ങൾ മറച്ചു തുടങ്ങണം. അത് അവരുടെ നമസ്കാരം സ്വീകാര്യമാകാൻ അനിവാര്യമാണെന്ന് അവർ മനസ്സിലാക്കണം. നഗ്നത മറ്റു ള്ളവരുടെ മുമ്പിൽ മറയ്ക്കപ്പെടേണ്ട താണെന്ന് അവർ സ്വയം ഉൾകൊ ള്ളുന്ന തരത്തിൽ അത് അവരുടെ ജീവിത ചര്യയാക്കി മാറ്റണം. കഴിഞ്ഞാൽ എളുപ്പം വെളിപ്പെ ടുത്താൻ ഒരുമ്പെടുകയില്ലെന്ന വസ്തുത. മാന്യമായി വസ്ത്രം ധരി ക്കുന്ന ഒരു സാമൂഹ്യ പരിസരം സൃഷ്ടിക്കപ്പെട്ടാൽ അവിടെ വളരു ന്ന കുട്ടികൾ നഗ്നത കണ്ടു വഴി തെറ്റുന്ന സാഹചര്യം ഇല്ലാതാ യിത്തീരും.

> **ഒരു മനുഷ്യന്റെ കണ്ണുക ൾ പുറംലോകത്തേക്കുള്ള ജനവാതിലാണ്. കണ്ണിൽപെടുന്ന മിക്കതും ഉടനടി കുട്ടിയുടെ മനസ്സിലും ഓർമയിലും പതിക്കുന്നു എന്ന് മാത്രമല്ല, ചിലപ്പോൾ അത് അവിടെ ഒരിക്കലും മായാത്തവിധം ഒട്ടിപ്പിടിക്കും. അതിനാൽതന്നെ ചെറുപ്പം മുതലേ വീടിനുള്ളിലും പുറത്തും നഗ്നതകളിൽനിന്ന് കണ്ണുകൾ താഴ്ത്തുന്ന പതിവ് ജീവിതത്തിന്റെ ഭാഗമാക്കാൻ സാധിച്ച ഒരാൾക്ക് അതുമൂലം ലൈംഗിക സംസ്കരണം എളുപ്പമാകുന്നു. എന്നാൽ കുട്ടികളാകുമ്പോൾ മിക്കസമയത്തും അവർ മറന്നുപോയേക്കാം, ആ ശീലം തെറ്റിച്ചേക്കാം. അത്തരം സന്ദർഭങ്ങളിൽ നബി(സ്വ) ചെയ്തതുപോലെ ഓർമിപ്പിക്കൽ ആവർത്തിക്കുകയാണ് മുതിർന്നവർ ചെയ്യേണ്ടത്**

അപ്പോൾ മക്കളിൽ ലൈംഗിക സംസ്കാരത്തിന്റെ അടിയുറച്ച വേരുകൾ മുളച്ചു തുടങ്ങും. എന്നും എവിടെയും നഗ്നത മറയ്ക്കാനും, അന്യരുടെ മറയ്ക്കപ്പെടേണ്ട ഭാഗ ങ്ങളിലേക്ക് നോക്കുന്നത് തെറ്റാ ണെന്ന് അവരുടെ മനസ്സുതന്നെ മന്ത്രിക്കുന്ന തലത്തിലേക്ക് അവർ സ്വയം ഉയർന്നുവരാനും ഇതുകൊ ണ്ട് സാധിക്കും. മനുഷ്യന്റെ വളരെ എണ്ണപ്പെട്ട പ്രത്യേകതകളിൽ പെട്ട താണ്, കുട്ടിക്കാലം മുതൽ മറച്ചു വരുന്ന ശരീരഭാഗങ്ങൾ മുതിർന്നു

### കുട്ടികളെ വിരിപ്പിൽ വേർപെടുത്തൽ

ലൈംഗികമായ സംസ്കരണ ത്തിന് വളരെ അനിവാര്യമായ മറ്റൊരു ഇസ്‌ലാമിക മാർഗദർശന മാണ് കുട്ടികളെ ചെറുപ്പം മുതലേ ഒരേ വിരിപ്പിൽ, ഒരു പുതപ്പിൽ കിടന്നുറങ്ങാൻ അനുവദിക്കാതി രിക്കൽ. പ്രവാചകാധ്യാപനങ്ങളി ലല്ലാതെ മറ്റൊരു ദർശനത്തിലും കാണാത്ത വിലപ്പെട്ട പാഠങ്ങളാ ണ് ഇതെല്ലാം. ലൈംഗികവളർച്ച നടന്നുകൊണ്ടിരിക്കുന്ന കാലം മുതൽ തന്നെ, കുട്ടികളിൽ തെറ്റായ രീതിയിൽ ലൈംഗിക ഉത്തേജന ങ്ങളും തന്മൂലമുണ്ടാകാൻ സാധ്യ തയുള്ള ലൈംഗിക വൈകൃതങ്ങ ളും തെറ്റായ ഇടപെടലുകളും അവരറിയാതെ തന്നെ സംഭവിച്ചു പോകാൻ സാധ്യതയുള്ള ഇടങ്ങ ളാണ് ഉറക്കപ്പായകൾ.അവിടങ്ങ ളിൽ മുൻകരുതലുകളെടുക്കാൻ ഇസ്‌ലാം നമ്മെ ഉൽബോധിപ്പിക്കു ന്നു. നബി(സ്വ) പറഞ്ഞു: "നിങ്ങളു ടെ കുട്ടികൾക്ക് ഏഴു വയസ്സായാൽ അവരോട് നമസ്കാരം നിർവഹി ക്കാൻ കൽപിക്കണം. അവർക്ക് പത്തു വയസ്സായാൽ അവരെ (ആ വിഷയത്തിൽ വീഴ്ച വരുത്തിയാൽ) അടിക്കണം. അവരെ നിങ്ങൾ വിരിപ്പിൽ വേർപെടുത്തുകയും ചെയ്യുക." ഇമാം ഹാകിം ഉദ്ധരി ക്കുന്ന ഹദീസിലുള്ളത് 'അവർ ക്ക് ഏഴു വയസ്സായാൽ അവരുടെ വിരിപ്പിൽ വേർപെടുത്തൽ നടത്ത ണം' എന്നാണ്.

'വിരിപ്പിൽ വേർപെടുത്തുക' എന്നാൽ ഒരു പുതപ്പിനുള്ളിൽ ഒന്നിലധികം കുട്ടികൾ ഉറങ്ങാൻ അനുവദിക്കാതിരിക്കുക എന്നാണ്. രണ്ടു പുതപ്പിനുള്ളിലായി ഒരു കട്ടിലിൽതന്നെ കിടക്കുന്നതിന് വിരോധമില്ലെങ്കിലും സൂക്ഷ്മത പാലിക്കുന്നതാണ് കൂടുതൽ സുരക്ഷയെന്നാണ് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുള്ളത്. ഷാഹ് വലി യ്യുല്ലാഹിദ്ദഹ്‌ലവി പറയുന്നു: 'തീർ

ച്ചയായും വിരിപ്പിൽ വേർപെടുത്തുകയെന്ന കാര്യം-അവരുടെ കൗമാരം മൊട്ടിട്ടു വളരുന്ന ദിനങ്ങളല്ലേ-വിരിപ്പിൽ ഉറക്കസമയത്തുള്ള തിരിഞ്ഞും മറിഞ്ഞുമുള്ള അവരുടെ ഇളക്കങ്ങൾ വൈകാരിക ബന്ധങ്ങളിലേക്ക് അവരെ എത്തിച്ചേക്കും. അതിനാൽ കുഴപ്പങ്ങൾ സംഭവിക്കുന്ന വഴികൾ തടയുകയെന്നതാണ് അഭിലഷണീയം' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ).

**കിടക്കുന്ന രീതി പഠിപ്പിക്കുക**

വലതുഭാഗത്തേക്ക് ചെരിഞ്ഞു കിടക്കാൻ പ്രേരിപ്പിക്കുകയും കമിഴ്ന്നു കിടന്ന് ഉറങ്ങുന്നത് (പ്രത്യേകിച്ച് ആൺകുട്ടികളെ) നിരുത്സാഹപ്പെടുത്തുകയും ചെയ്യുക. ഇസ്‌ലാം പഠിപ്പിച്ച ഉറക്കിന്റെ മര്യാദകളിൽ പെട്ടതാണ് വലതു വശം ചെരിഞ്ഞു കിടക്കൽ. ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഹദീസിൽ ഇങ്ങനെ കാണാം: "നബി(സ്വ) പറഞ്ഞു: നിങ്ങൾ ഉറങ്ങാനായി വിരിപ്പിലേക്ക് വരുമ്പോൾ നമസ്കാരത്തിന് വുദൂഅ് ചെയ്യുന്നത് പോലെ വുദൂഅ് ചെയ്യുകയും വലതുഭാഗത്തേക്ക് ചെരിഞ്ഞു കിടക്കുകയും ചെയ്യുക."

ഉറക്കിന്റെ മറ്റൊരു ഇസ്‌ലാമിക മര്യാദകളിൽ പെട്ടതാണ് കമിഴ്ന്ന് വയറിന്മേൽ ആവുംവിധം ഉറങ്ങാതിരിക്കുകയെന്നതും. ശൈഖ് അൽബാനി(റഹി) സ്വഹീഹാണെന്നു സ്ഥിരപ്പെടുത്തിയ, ഇബ്നു മാജ അബൂദർറുൽ ഗിഫ്ഫാരി(റ)യിൽനിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം: 'ഞാൻ ഒരിക്കൽ പള്ളിയിൽ കമിഴ്ന്നുകിടന്ന് ഉറങ്ങുന്നത് നബി(സ്വ)യുടെ ശ്രദ്ധയിൽ പെട്ടു. അപ്പോൾ നബി(സ്വ) തന്റെ കാലുകൊണ്ട് തട്ടി എന്നെ ഉണർത്തി. എന്നിട്ട് പറഞ്ഞു: '...തീർച്ചയായും ഇത് നരകക്കാരുടെ ഉറക്കിന്റെ രീതിയാണ്.' മറ്റൊരു റിപ്പോർട്ടിൽ: 'നിനക്ക് എന്തു പറ്റി ഇങ്ങനെ ഉറങ്ങാൻ? ഇത് അല്ലാഹുവിന്നു വെറുപ്പുള്ള-അല്ലെങ്കിൽ അല്ലാഹുവിന്നു കോപമുണ്ടാക്കുന്ന- ഉറക്കമാണ്' എന്നു പറഞ്ഞതായി കാണാം.

> **ലൈംഗികവളർച്ച നടന്നുകൊണ്ടിരിക്കുന്ന കാലം മുതൽ തന്നെ, കുട്ടികളിൽ തെറ്റായ രീതിയിൽ ലൈംഗിക ഉത്തേജനങ്ങളും തന്മൂലമുണ്ടാകാൻ സാധ്യതയുള്ള ലൈംഗിക വൈകൃതങ്ങളും തെറ്റായ ഇടപെടലുകളും അവരറിയാതെ തന്നെ സംഭവിച്ചുപോകാൻ സാധ്യതയുള്ള ഇടങ്ങളാണ് ഉറക്കപ്പായകൾ. അവിടങ്ങളിൽ മുൻകരുതലുകളെടുക്കാൻ ഇസ്‌ലാം നമ്മെ ഉൽബോധിപ്പിക്കുന്നു.**

അതിനാൽതന്നെ ഈ ഉറക്ക രീതി അനഭിലഷണീയമാണെന്നു മാത്രമല്ല, കുട്ടികൾ കൗമാരത്തിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്ന നേരത്ത് ഇത്തരം ഉറക്ക ശീലങ്ങൾക്കിടയിൽ അവരുടെ ലൈംഗികാവയവങ്ങൾക്ക് ലൈംഗിക ഉദ്ദീപനമുണ്ടാകുകയും തന്മൂലം അവ നിലനിർത്താനും പൂർത്തീകരിക്കാനും അവർ അധാർമികമായ ലൈംഗിക വൈകൃത രീതികൾ അവലംബിക്കാനും സാധ്യത വളരെ കൂടുതലാണ്.

മറ്റു ധാരാളം ആരോഗ്യ ഗുണങ്ങൾ നൽകുന്നതുകൂടിയായ ഇസ്‌ലാമിന്റെ ഉറക്ക രീതികളും മര്യാദകളും മക്കളെ ശീലിപ്പിക്കുന്നതിലൂടെ അവരുടെ ലൈംഗിക സംസ്കാരങ്ങളും സാധ്യമാവുന്നുവെന്നർഥം.

**(തുടരും)**


**Statement about ownership and other particulars about Nerpatham Weekly Form - IV (See Rule 8)**

| | |
|---|---|
| 1. Place of publication: | 1st Room, 1st Floor, EKP Building, Kallai Road, Kozhikode, PIN 673002, Kerala |
| 2. Penodicity of its publication: | Weekly |
| 3. Printer's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 4. Publisher's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 5. Editor's Name: | Usman Palakkazhi |
| Nationality: | Indian |
| Address: | Thevarkalathil, Palakkazhi, PO Karkkidamkunnu, Alanallur, Plakkad-678601, Kerala |

6. I, Sajjad K, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 11-03-2023

(Sd/-)
Publisher

നീണ്ടകഥ



# പൊഴിയുന്ന പുണ്യങ്ങൾ 8

ഷാസിയ നസ്‌ലി
വിവ: ഇബ്‌നു അലി എടത്തനാട്ടുകര

ഞാൻ കുട്ടിയാണ്. ഞാൻ ഉടനെ മരിക്കില്ല. ഞാൻ നൂറ് വയസ്സുവരെ ജീവിക്കും. നീയെന്തിനാണെന്നെ ആവശ്യമില്ലാതെ മരണത്തെപ്പറ്റി ഓർമിപ്പിക്കുന്നത്...'' തൻസാറിന്റെ പരിഭവം നിറഞ്ഞ ചോദ്യം.

''ശരിയാണ് നീ നൂറ് വയസ്സുവരെ ജീവിച്ചേക്കാം. അല്ലെങ്കിൽ ഏതുനിമിഷവും മരിച്ചേക്കാം. എല്ലാവർക്കും മരിക്കേണ്ടതുണ്ട്. നീ നിർബന്ധമായും ഓർക്കേണ്ട പ്രധാനപ്പെട്ട സംഗതിയാണിത്.''

''പക്ഷേ...''

''നോക്കൂ തൻസാർ! ഫെലിക്‌സ് ഒരു പൂച്ചക്കുട്ടി മാത്രമായിരുന്നു. അവൻ കുഞ്ഞായിരുന്നു. എന്നിട്ടും അവൻ മരണപ്പെട്ടു. ആർക്കുമറിയില്ല; ഓരോരുത്തരുമെന്നാണ് എവിടെവെച്ചാണ് മരിക്കുകയെന്ന്. ചിലർ ചെറുപ്പത്തിൽ മരിക്കുന്നു. മറ്റു ചിലർ പ്രായമായതിന് ശേഷവും. എല്ലായ്‌പ്പോഴും നല്ല കാര്യങ്ങൾ ചെയ്യണം. നാം ജീവനോടെയിരിക്കുമ്പോൾ സാധ്യമായത്ര പ്രതിഫലങ്ങൾ വാരിക്കൂട്ടണം. ഫഹദ് സാർ അസംബ്ലിയിൽ പറഞ്ഞത് നീ ഓർക്കുന്നില്ലേ...?''

തൻസാർ ചെറുതായി തലകുലുക്കി. ജമാഅത്തായി നമസ്‌കരിക്കാതെയും ജുമുഅയിൽ പങ്കെടുക്കാതെയും കുറെ പ്രതിഫലം അവന് നഷ്ടപ്പെട്ടുവെന്ന് അവന് അറിയാമായിരുന്നു.

''നമുക്ക് എത്ര കാലമാണ് അല്ലാഹു അനുവദിച്ച് തന്നിട്ടുള്ളതെന്നോ, എന്നാണ് മരണപ്പെടുകയെന്നോ അറിയില്ലല്ലോ. അതുകൊണ്ട് നമുക്ക് കഴിയാവുന്നത്ര നന്മകൾ നാം ചെയ്തുകൂട്ടണം. നന്മകൾ എത്ര കൂടുന്നുവോ അത്രയും പ്രതിഫലവും നമുക്ക് ലഭിക്കും. നാം പതിവായി ചെയ്യുന്നതും നമുക്ക് ഇഷ്ടമുള്ളതുമായ കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ടാണെങ്കിൽ പോലും അല്ലാഹുവിന് ഇഷ്ടമുള്ള കാര്യങ്ങൾ നമ്മൾ ചെയ്യണം. അവന് ഇഷ്ടമില്ലാത്ത പ്രവൃത്തികളിൽനിന്ന് അകന്നു നിൽക്കണം'' സന്ന വിശദീകരിച്ചു.

''അല്ലാഹു എന്നോട് പൊറുക്കുമോ?'' തൻസാറിന് സംശയം.

''തീർച്ചയായും! ഏറ്റവും കരുണയുള്ളവൻ അല്ലാഹുവാണ്. പൊറുത്തുതരണമെന്ന് നീ അവനോടപേക്ഷിച്ചാൽ തീർച്ചയായും പൊറുത്തുതരും. പക്ഷേ, നീ യഥാർഥത്തിൽ തെറ്റൊന്നും ചെയ്തിട്ടില്ലല്ലോ. ഈ ലോകത്തെ കാര്യങ്ങൾ വരുമ്പോൾ അതിൽ നിന്നും കൂടുതൽ ഫലം ലഭിക്കുന്ന തരത്തിൽ നീ ചെയ്യണം'' സന്ന പറഞ്ഞു.

അടുത്ത വെള്ളിയാഴ്ച തൻസാർ സ്‌കൂൾഗേറ്റിൽ സന്നയെ കാത്തിരിക്കുന്നുണ്ടായിരുന്നു.

''താത്താ! നീ വൈകിയല്ലോ...'' അവൻ വാച്ചിൽ നോക്കി.

''എന്നാലും ഞാൻ എത്തിയില്ലേ?'' സന്ന.

''നിനക്കറിയാമോ? ഞാൻ ഇപ്പോഴും കുട്ടിയല്ലേയെന്ന് ആലോചിക്കുകയായിരുന്നു.''

''ആ കഥ വീണ്ടും തുടങ്ങേണ്ട തൻസാർ!''

''അല്ല താത്താ... ഞാൻ ഇപ്പോഴും കുട്ടിയാണ്. അതുകൊണ്ട് ഇപ്പോൾ തന്നെ കഴിയുന്നത്ര നന്മകൾ ചെയ്യണം. വയസ്സനാവുമ്പോൾ എനിക്കതിനൊന്നും കഴിയാതായാലോ...?'' തൻസാർ ചെറുചിരിയോടെ മൊഴിഞ്ഞു.

''നാം ജീവിച്ചിരിക്കുമ്പോൾ പ്രതിഫലം നേടാൻ നിരവധി സന്ദർഭങ്ങളും അവസരങ്ങളും നമുക്ക് ലഭിക്കുന്നുവെന്ന് നമ്മൾ എല്ലാവരും ഓർക്കണം. ഒറ്റക്ക് നമസ്‌കരിക്കുന്നതിനെക്കാൾ പ്രതിഫലാർഹമാണ് ജമാഅത്തായ നമസ്‌കാരം. പതിവ് ദുഹ്‌റ് നമസ്‌കാരത്തെക്കാൾ പ്രതിഫലമുണ്ട് ജുമുഅ നമസ്‌കാരത്തിന്. വെറെയും നിരവധി അവസരങ്ങളുണ്ട് നമുക്ക് പ്രതിഫലം കൊയ്യാൻ. ഓരോ നന്മക്കും ഇരട്ടിയിരട്ടിയായി പ്രതിഫലം ലഭിക്കുന്ന അനുഗൃഹീതമായ റമദാൻ മാസം പോലുള്ളവ. ഇത്തരം അവസരങ്ങൾ നാം പരമാവധി വിനിയോഗിക്കണം. അങ്ങനെ അല്ലാഹുവിനെ പരമാവധി പ്രീതിപ്പെടുത്തി സാധ്യമായത്ര പ്രതിഫലം നേടാൻ ശ്രമിക്കണം. ഇന്നുതന്നെ, നാളേക്ക് എന്തിന് കാത്ത് നിൽക്കണം? ഹാരിസിന്റെ വാക്കുകൾ നമ്മൾ എപ്പോഴും ഓർക്കണം: ''ഈ നന്മകളെല്ലാം ഒരിക്കൽകൂടി നേടാൻ എനിക്ക് കഴിയണമെന്നില്ല. അതുകൊണ്ട് സന്ദർഭം ലഭിക്കുമ്പോൾ ആ അവസരം വിനിയോഗിക്കുന്നു.''

അവർ കൈകോർത്തുപിടിച്ച് പള്ളിയിലേക്ക് നടന്നു.

**(അവസാനിച്ചു)**

നല്ല നാളേക്കായ് ഇന്ന് പഠിക്കാം

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

SCHOOL OF Qur'an
READ. LEARN. EVOLVE

**2023-24 രജിസ്ട്രേഷൻ ആരംഭിച്ചു**



**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഏപ്രിൽ 30**

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.

**Head Office:**
Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus,
Mini Ootty - Oorakam, Malappuram - Kerala - India - PIN 676519
Mob: +91 8606788882, WhatsApp: 9072646000
mail@schoolofquran.in www.schoolofquran.in

**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9207942750 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
11 MARCH 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

ഹൃദയം തുറക്കാം,
ക്വുർആൻ പഠിക്കാം

27 ാമത്

# ക്വുർആൻ വിജ്ഞാന പരീക്ഷ

2023 ഏപ്രിൽ 6 വ്യാഴം

സിലബസ്

- സൂറ : അൽ ഫുർഖാൻ (അദ്ധ്യായം 25)
- സൂറ : അശ്ശുഅറാഅ് (അദ്ധ്യായം 26)

മുഹമ്മദ് അമാനി
മൗലവിയുടെ ക്വുർആൻ
വിവരണത്തിൽ നിന്ന്

1 ലക്ഷം
രൂപയുടെ
സമ്മാനങ്ങൾ

Scan QR Code For Registration
guide.wisdomislam.org

പഠന ക്ലാസ്സുകൾക്ക്
സന്ദർശിക്കുക..
WisdomGlobalTV

7560 902 902

CV Complex, PV Swami Road, Kozhikode
wisdomstudents wisdomglobaltv

peaceradio